# Trichur Archdiocesan Bulletin

സെപ്റ്റംബർ 2018
വാല്യം: 86 ലക്കം: 08
ESTD:1934



(ലൂക്കാ 6: 46-49 ഉറച്ച അടിസ്ഥാനം)

TAB




## വിശ്വാസ സംരക്ഷണ സദസ്സ്

**05 ആഗസ്റ്റ് 2018**






Trichur Archdiocesan Bulletin TAB


**സെപ്തംബർ 2018**

ലക്കം : 8 വാല്യം : 86

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

Fr. Francis Aloor
*Chief Editor*

Fr. Nysson Alanthanath
*Executive Editor*

*Design*
Smriti design.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org


ഈ ലക്കത്തിൽ


| | |
|---|---|
| സർക്കുലർ | 4 |
| ഇടവക സ്ഥാപനഡിക്രി | 18 |
| കച്ചേരിക്കാര്യം | 22 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 28 |
| സഹായമെത്രാന്റെ പരിപാടികൾ | 30 |
| നാളാഗമം | 31 |
| നാമകരണ നടപടികൾ | 39 |
| സാമ്പത്തിക കാര്യാലയം | 41 |
| വൈദികർ | 42 |
| സന്യസ്തർ | 44 |
| പാസ്റ്ററൽ കൗൺസിൽ | 46 |
| അതിരൂപത തീർത്ഥകേന്ദ്രം | 47 |
| മതബോധനം | 48 |
| സ്ഥാപനങ്ങൾ | 54 |
| സംഘടനകൾ | 79 |



## സാമൂഹ്യസമ്പർക്ക മാധ്യമങ്ങൾ സമകാലസമീപനങ്ങൾ

# സർക്കുലർ

1469/2018 C-7
27/07/2018

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ, വത്സല മക്കളേ,

സാമൂഹ്യസമ്പർക്ക മാധ്യമങ്ങളുടെ പ്രസക്തിയും സ്വാധീനവും വളരെ വർദ്ധിച്ചിരിക്കുന്ന കാലഘട്ടമാണിത്. സമൂഹത്തിന്റെ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക മേഖലകളിലെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനുള്ള സംവിധാനങ്ങളാണ് നിയമനിർമ്മാണം, നീതിനിർവ്വഹണം, ഭരണനിർവ്വഹണം. എന്നാൽ നാലാം എസ്റ്റേറ്റ് എന്ന് അറിയപ്പെടുന്ന മാധ്യമങ്ങൾ സമൂഹത്തിന് ചെയ്യുന്ന സേവനങ്ങൾ നിസ്തുലങ്ങളാണ്. ഈ മേഖലയിൽ സത്യസന്ധമായി പ്രവർത്തിക്കുന്ന എല്ലാവരെയും സമൂഹം നന്ദിയോടെ ഓർക്കേണ്ടതാണ്.

സാമൂഹ്യസമ്പർക്ക മേഖലയിൽ ഇന്നു കാണുന്ന സ്ഫോടനാത്മകമായ വികാസത്തിന്റെ മുമ്പിൽ ആധുനികമനുഷ്യൻ അമ്പരന്നു നില്ക്കുകയാണ്. സാമൂഹ്യജീവിയായ മനുഷ്യന്റെ ജീവിതത്തിൽ നവമാധ്യമങ്ങൾ നന്മയ്ക്കും തിന്മയ്ക്കും കാരണ

മാകുന്നുണ്ട്. നൂതന സാമൂഹ്യമാധ്യമമായ സോഷ്യൽ മീഡിയ, പത്രങ്ങളെയും ചാനലുകളെയും കടത്തിവെട്ടി മനുഷ്യനെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. സത്യത്തിന്റെ ആവിഷ്ക്കരണമാകേണ്ട ഈ മാധ്യമങ്ങൾ അസത്യത്തിന്റെയോ, അർദ്ധസത്യത്തിന്റെയോ അവതരണമാകുമ്പോൾ മനുഷ്യന്റെ സമാധാനവും സന്തോഷവും നഷ്ടപ്പെടുന്നു: മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെടുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദർശനത്തിന്റെ വെളിച്ചത്തിൽ, സമ്പർക്കമാധ്യമങ്ങളുടെ ശരിയായ ധർമ്മത്തെക്കുറിച്ച് ലോകത്തെ ഓർമ്മപ്പെടുത്തുന്നതിന് വേണ്ടി പോൾ ആറാമൻ പാപ്പ 'ലോകസമ്പർക്കമാധ്യമദിനം' (World Communication Day) 1967 മുതൽ ആചരിക്കാൻ ആഹ്വാനം ചെയ്തു. 2018ലെ മാധ്യമദിന സന്ദേശത്തിൽ ഫ്രാൻസിസ് മാർപ്പാപ്പ "സത്യം നിങ്ങളെ സ്വതന്ത്രരാക്കും (യോഹ. 8:32), വ്യാജ വാർത്തകളും സമാധാനത്തിനു വേണ്ടിയുള്ള പത്രപ്രവർത്തനവും" ( The Truth will set you free" (Jn. 8:32), Fake news and Journalism for peace) എന്ന ശീർഷകത്തിൽ എഴുതിയ കാര്യങ്ങൾ കേരളത്തിന്റെ ഇന്നത്തെ പശ്ചാത്തലത്തിൽ വളരെ പ്രസക്തമാണ്.

ഫ്രാൻസിസ് മാർപ്പാപ്പ പറയുന്നതുപോലെ ദൈവികപദ്ധതിയിൽ സമ്പർക്ക മാധ്യമങ്ങളുടെ ലക്ഷ്യം സാമൂഹ്യജീവിയായ മനുഷ്യൻ സത്യം, നന്മ, സൗന്ദര്യം, സന്തോഷം തുടങ്ങിയവയുടെ അറിവും അനുഭവവും പ്രകടിപ്പിക്കുകയും പങ്കുവയ്ക്കുകയുമാണ്. എന്നാൽ ഇന്ന് രാഷ്ട്രീയ-വാണിജ്യ- സാമ്പത്തിക-വർഗ്ഗീയ സ്വാർത്ഥലക്ഷ്യങ്ങൾക്കുവേണ്ടി അസത്യങ്ങളും അർദ്ധസത്യങ്ങളും അതിവർണ്ണിത വസ്തുതകളും അവതരിപ്പിക്കുന്ന വ്യാജവാർത്തകൾ (Fake news) മാധ്യമങ്ങളുടെ ധർമ്മം തകർക്കുന്നതായി കാണു ന്നു. നിഷേധാത്മകവാർത്തകൾക്കാണ് (Negative news) പ്രചാരം (rating) കൂടുതൽ ലഭിക്കുക എന്ന കണ്ടുപിടുത്തത്തിൽ ചിലർ വാർത്തകളെ അപ്രകാരം രൂപപ്പെടുത്തുന്നു. സെൻസേഷണൽ (Sensational) ആയ വാർത്തകൾ പലതും മനുഷ്യനിൽ അമ്പരപ്പും, ഉത്കണ്ഠയും, നിരാശയും ഉളവാക്കുകയും തിന്മയോടുള്ള ആഭിമുഖ്യം വർദ്ധി

പ്പിക്കുകയും ചെയ്യുന്നു. ഏതെങ്കിലും കാരണ ത്താൽ സ്വീകാര്യരല്ലത്താവരെ നിഷേധാത്മക വാർത്തകളിലൂടെ തെറ്റായി ചിത്രീകരിക്കാനും, അവരെ അടിച്ചമർത്താനും താഴ്ത്തികെട്ടാനും ശ്രമങ്ങൾ നടക്കുന്നതായി പരാതികളുയരുന്നു.

ഫ്രാൻസിസ് പാപ്പ വിശദീകരിക്കുന്നതു പോലെ നുണകളുടെ പിതാവായ പിശാച് (യോഹ. 8:44) വിലക്കപ്പെട്ട കനിയെ ഹവ്വായുടെ മുമ്പിൽ നന്മയായി അവതരിപ്പിച്ച്, ദൈവത്തെപ്പോലെയാകുമെന്ന് വ്യാമോഹിപ്പിച്ച് (ഉത്പ. 3:1–5), തെറ്റ് ചെയ്യാൻ പ്രേരിപ്പിക്കുന്നു. അധികാരം, സാമ്പത്തികലാഭം, ശത്രുസംഹാരം, അധമസന്തോഷം തുട ങ്ങിയവ ലക്ഷ്യം വെച്ചുള്ള വ്യാജവാർത്തകൾ ഇന്ന് സാധാ രണമായിക്കൊണ്ടിരിക്കുന്നു. വ്യാജവാർത്തകൾ "വൈറൽ" (Viral) ആകുന്നത് സത്യത്തെ ക്രൂശിക്കാനും കബറടക്കാനും നന്മയെ ഇല്ലാതാക്കാനും വിശ്വാസജീവിതത്തെ തകർക്കാനും കാരണമാകുന്നു. നുണ നൂറു പ്രാവശ്യം പറഞ്ഞാൽ അത് സത്യമായി ജനം വിശ്വസിച്ചുകൊള്ളുമെന്ന നാസി ചിന്ത ചില മാധ്യമപ്രവർത്തകർക്കുള്ളതായി തോന്നുന്നു. ഈ പ്രവണ തയ്ക്കെതിരെ എല്ലാ മനുഷ്യരും ജാഗരൂകരായി ഉണർന്നെ ഴുന്നേല്ക്കേണ്ടിയിരിക്കുന്നു.

സത്യമാണ് മനുഷ്യരെ ശരിയായ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുക (യോഹ. 8:32). മാധ്യമധർമ്മം സത്യത്തിന്റെ ശുശ്രൂ ഷയാണ്. മനുഷ്യനിലെ നന്മ വളർത്തുകയും അവനെ ശരി യായ സന്തോഷത്തിലേക്കും മാനവ ഐക്യത്തിലേക്കും നയി ക്കുകയുമാണ് അതിന്റെ ലക്ഷ്യം. നന്മയെ, നന്മ ചെയ്യുന്നരെ പ്രോത്സാഹിപ്പിക്കാൻ മാധ്യമങ്ങൾക്കാകണം.

ഇന്നത്തെ ഇന്ത്യയുടെ, പ്രത്യേകിച്ചും, കേരളത്തിന്റെ പശ്ചാത്തലത്തിൽ സഭ പലപ്പോഴും മാധ്യമപീഡനത്തിന്റെ പിടിയിലാണ്. വിദ്യാഭ്യാസരംഗത്തും ആതുരശുശ്രൂഷാരം ഗത്തും രാഷ്ട്രനിർമ്മിതിയിലും നിസ്വാർത്ഥമായ സേവനം ചെയ്ത ക്രൈസ്തവ സമൂഹത്തെ പലരും ആക്രമിക്കുന്ന പ്രവണത കണ്ടുവരുന്നു. ജനത്തിന്റെ ഇടയിൽ പ്രത്യേകിച്ചും പാവപ്പെട്ടവരുടെ ഇടയിലുള്ള സ്വാധീനം കുറക്കാനും സഭാ വിശ്വാസം തകർക്കാനും സഭയുടെ വളർച്ചയെ തടയാനും ലക്ഷ്യം വച്ചുള്ളതാണ് മാധ്യമങ്ങളിലൂടെയുള്ള ആക്രമണ മെന്ന് തോന്നി പോകുന്നു. കുമ്പസാരം, പൗരോഹിത്യം തുട

ങ്ങിയ കൂദാശകളെ നികൃഷ്ടമാക്കി അവതരിപ്പിച്ച് ക്രൈസ്തവ വിശ്വാസം ജനങ്ങളിൽ നിന്ന് ഇല്ലാതാക്കാൻ ശ്രമങ്ങൾ നടക്കുന്നു. സഭയിലെ നന്മയുടെ പ്രതീകങ്ങൾ തകർക്കുക ഇക്കൂട്ടരുടെ പ്രവർത്തനശൈലികളിൽ ഒന്നാണ്. മദർ തെരേസയെ പോലുള്ള നന്മയുടെ പ്രതീകങ്ങളെ തികച്ചും തെറ്റായും വർഗ്ഗീയമായും അവതരിപ്പിച്ചു തുടങ്ങിക്കാണുന്നു. 'ഇടയനെ അടിക്കുക, ആടുകൾ ചിതറിക്കപ്പെടും' എന്ന ധാരണയിൽ സഭാനേതൃത്വത്തിനെതിരെയുള്ള കടന്നാക്രമണങ്ങളും കള്ളപ്രചരണങ്ങളും സർവ്വസാധാരണമായി ചിലമാധ്യമങ്ങളിൽ കണ്ടുതുടങ്ങിയിരിക്കുന്നു. 'ശത്രുവിനെ സ്നേഹിക്കുക' എന്നു പറഞ്ഞ ക്രിസ്തുവിന്റെ അനുയായികളായതിനാൽ യഥാർത്ഥ ക്രൈസ്തവർ 'തിരിച്ചടിക്കില്ല' എന്ന് ഉറപ്പുള്ളതിനാലാണ് പലപ്പോഴും ചില മാധ്യമങ്ങൾ ക്രൈസ്തവരെ തിരഞ്ഞുപിടിച്ച് ആക്രമിക്കുന്നത് എന്ന് ചിന്തിക്കുന്നവർ ധാരാളമാണ്. നന്മ ചെയ്തുകൊണ്ടിരിക്കുന്നവരുടെ ഇടയിൽ ഉണ്ടാകുന്ന ചെറിയ തെറ്റുകൾപ്പോലും വലിയ വാർത്തകളാണ്. അവയെ പർവതീകരിച്ച് അവതരിപ്പിക്കുന്നത് മാധ്യമപ്രചാരണത്തിനും സ്വാർത്ഥലക്ഷ്യപ്രാപ്തിക്കും ഉപയുക്തമാകുമെന്ന് ഇക്കൂട്ടർ കരുതുന്നു. മാത്രമല്ല, ചെറിയ അജഗണമായ നമ്മുടെ സമൂഹത്തെ പൊതുശത്രുവിനെപ്പോലെ ചിത്രീകരിച്ച് ആക്രമിക്കുന്നത് രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള വർഗ്ഗീയ ധ്രുവീകരണത്തിന് ഉപകാരപ്രദമായി കാണുന്നവരുമുണ്ട്.

ക്രിസ്തുശിഷ്യരിൽ ഒറ്റിക്കൊടുത്ത യൂദാസും, തള്ളിപ്പറഞ്ഞ പത്രോസും സ്ഥാനമാനങ്ങൾ ആഗ്രഹിച്ച സെബദീപുത്രന്മാരും ഉണ്ടായിരുന്നു. എന്നാൽ ക്രിസ്തു സ്ഥാപിച്ച സഭയെ യൂദാസുമാരുടെ സംഘത്തെപ്പോലെ ചുരുക്കം ചില മാധ്യമങ്ങൾ ചിത്രീകരിക്കുന്നത് മനഃപൂർവ്വമാണെന്നാണ് വിലയിരുത്തപ്പെടുന്നത്. ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ സഭ മുഴുവൻ പലപ്പോഴും അവഹേളിക്കപ്പെടുകയാണ്. കുമ്പസാരമെന്ന വിശുദ്ധ കൂദാശക്കെതിരെ നിലപാടുകൾ എടുക്കാൻ അധികാരസ്ഥാനത്തിരിക്കുന്നവർപോലും ശ്രമിക്കുന്നുന്നത് മതസ്വാതന്ത്ര്യത്തിന്റെ ലംഘനവും മതവികാരത്തിന്റെ വ്രണപ്പെടുത്തലുമാണ്. അനേക വർഷങ്ങൾ ആലംബഹീനർക്ക് അത്താണിയായി പ്രവർത്തിക്കുന്ന സഭയുടെ ആതുരസേവന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ആരുടെയങ്കിലും കൈയിൽ നിന്നും വരുന്ന ഒറ്റപ്പെട്ട കൈപ്പിഴയുടെ പേരിൽ സഭാസ്ഥാപനങ്ങളെയും അധികൃതരെയും താറടിക്കുന്ന പ്രവണത അപലപനീയമാണ്. മിഷനറീസ് ഓഫ് ചാരിറ്റി സിസ്റ്റേഴ്സിന്റെ സ്ഥാപനങ്ങൾക്കെതിരെ ഇപ്രകാരം നടത്തുന്ന കുപ്രചരണങ്ങൾ

ഏറെ വേദനാജനകമാണ്. ഏതെങ്കിലും സ്ഥാപനത്തിനോ വ്യക്തിക്കോ നേതൃത്വത്തിനോ എതിരെ പരാതിയോ കേസോ കൊടുത്ത് വാർത്ത സൃഷ്ടിച്ച് തെറ്റായ പ്രചരണങ്ങൾ നടത്തുന്നത് കൂടിവരുന്നു. സഭാസ്ഥാപനങ്ങളെയും പ്രവർത്തകരെയും കേസിൽ കുടുക്കി വിഷമിപ്പിക്കുന്നത് മതപീഡനത്തിന്റെ മറ്റൊരു മുഖമാണ്. മാധ്യമവിചാരണ നടത്തുന്നവർ പരാതിയുടെ/കേസിന്റെ നിജസ്ഥിതിയെ കുറിച്ച് പലപ്പോഴും അധികമൊന്നും അന്വേഷിക്കാറില്ല. പിന്നീട് അന്വേഷണത്തിന്റെ വെളിച്ചത്തിൽ പരാതിക്ക്/കേസിന് അടിസ്ഥാനമോ തെളിവോ ഇല്ലെന്ന് വിധി വരുമ്പോൾ അത് മാധ്യമങ്ങൾക്ക് വാർത്തയല്ല. സത്യത്തിന് പ്രചാരമില്ലാത്ത അവസ്ഥ. യൂദാസ് ക്രിസ്തുവിനെ ഒറ്റിക്കൊടുത്തതുപോലെ സഭയുടെ ഉള്ളിൽ നിന്നു തന്നെയുള്ള ആക്രമണങ്ങളാണ് സഭയെ കൂടുതൽ പ്രതിരോധത്തിലാക്കുന്നത്. സഭാശത്രുക്കൾ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് സഭാംഗങ്ങളെ തന്നെയാണ്. അതിനാൽ സഭാംഗങ്ങൾക്ക് ജാഗ്രതയും സഭാസ്നേഹവും കൂട്ടായ്മ മനോഭാവവും അനിവാര്യമാണ്.

മാധ്യമചർച്ചകളിൽ പലപ്പോഴും കാണുന്നത് അവതാരകന്റെ ലക്ഷ്യം നേടാൻ പറ്റുന്നവരെ, (സഭാവക്താക്കളായി സ്വയം ചമയുന്നവരെ ഉൾപ്പെടെ), മാത്രം ചർച്ചയ്ക്ക് ക്ഷണിക്കുന്നതാണ്. അവതാരകന്റെ ലക്ഷ്യം നേടുന്നതിന് വിരുദ്ധമായി ആരെങ്കിലും പറയാൻ തുനിഞ്ഞാൽ അവരെക്കൊണ്ട് സംസാരിപ്പിക്കാതിരിക്കാൻ ശ്രമിക്കുന്നതും കാണാറുണ്ട്. മാധ്യമലോകത്തെ ഈ പ്രവർണതകളെക്കുറിച്ചുള്ള തിരിച്ചറിവ് നമുക്ക് അനിവാര്യമാണ്.

സത്യമാണ് നമ്മെ സ്വതന്ത്രരാക്കുക. സത്യം ഒരു ദിവസം പുറത്തുവരും. കുമ്പസാര രഹസ്യം കാത്തുസൂക്ഷിച്ച ബനഡിക്ട് ഓണംകുളം അച്ചൻ കൊലപാതകിയായിരുന്നില്ല എന്ന സത്യം പുറത്തുവന്നത് ദശവർഷങ്ങൾക്കുശേഷമാണ്. പക്ഷേ, അതിനു ഒട്ടും വാർത്താപ്രാധാന്യം ലഭിച്ചില്ല. സഭയുടെ ചരിത്രത്തിൽ പീഢാസഹനങ്ങൾ എന്നുമുണ്ടായിട്ടുണ്ട്. യേശു പറയുന്നു "നിങ്ങൾ എന്നെപ്രതി നാടുവാഴികളുടെയും രാജാക്കന്മാരുടെയും സന്നിധിയിലേക്ക് നയിക്കപ്പെടും" (മത്താ. 10:18) "ചെന്നായ്ക്കളുടെ ഇടയിലേക്ക് ചെമ്മരിയാടുകളെ എന്നപോലെയാണ്" (മത്താ. 10:16) പലപ്പോഴും നാം അയയ്ക്കപ്പെടുന്നത്. എന്നാൽ യേശു നമ്മോടു പറയുന്നത് 'ഭയപ്പെടണ്ട' എന്നാണ്. ബൈബിളിൽ 365 പ്രാവശ്യം 'ഭയപ്പെടേണ്ട' എന്ന പദപ്രയോഗം ഉള്ളതായി കാണാം. ദൈവത്തെ സ്നേഹിക്കുന്ന നമുക്ക് എല്ലാം നന്മയ്ക്കായി പരിണമിക്ക

പ്പെടും (റോമ. 8:28). നാം നേരിടുന്ന വെല്ലുവിളികൾ സഭയുടെ വിശുദ്ധീകരണത്തിനും സഭാംഗങ്ങളുടെ വിശ്വാസം ആഴപ്പെടുന്നതിനും കാരണമാകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. പ്രാർത്ഥിച്ചുകൊണ്ടിരുന്ന ശിഷ്യഗണത്തിന്മേൽ പരിശുദ്ധാത്മാവ് വന്നപ്പോഴാണ് അവർ ശക്തിപ്രാപിച്ചത് (അപ്പ. 2). പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടാണ് (മത്താ. 10:19–20) നാം ഈ പ്രതിസന്ധികളെ നേരിടേണ്ടത്.

തെറ്റായ മാധ്യമ പ്രവർത്തനങ്ങൾ വഴി നമ്മെ ചിതറിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതായി മനസിലാക്കുന്നു. മാധ്യമപ്രവർത്തകർ അസത്യപ്രചരണങ്ങൾക്ക് കൂട്ട് നില്ക്കരുതെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. തെറ്റിനെ നാം ഒരിക്കലും ന്യായീകരിക്കുവാൻ പാടില്ല. സഭാംഗങ്ങളിൽ ആരു തെറ്റുചെയ്താലും സഭയുടെ നിയമങ്ങൾക്കനുസരിച്ചും, രാജ്യത്തിന്റെ നിയമങ്ങൾക്കനുസരിച്ചും നടപടികൾക്ക് വിധേയരാകണം. പ്രതിസന്ധി ഘട്ടങ്ങളിൽ നാം ചിതററുത്; നമ്മുടെ വിശ്വാസം ക്ഷയിക്കാൻ ഇടവരുത്തരുത്. നാം ഒറ്റക്കെട്ടായി നില്ക്കണം. പ്രാർത്ഥനയും ദൈവവചനവും പരസ്നേഹവുമാണ് നമ്മുടെ ആയുധം (എഫേ. 6:13–18). നമുക്ക് പരിശുദ്ധത്മാവിന്റെ കൃപയ്ക്കായി ശക്തമായി പ്രാർത്ഥിക്കാം.

വി. പൗലോസ്ശ്ലീഹാ പറഞ്ഞതുപോലെ, 'നമ്മെ ശക്തനാക്കുന്നവനിലൂടെ നമുക്ക് എല്ലാ ചെയ്യാൻ സാധിക്കും' (ഫിലി. 4:13). 'ദൈവം നമ്മുടെ പക്ഷത്തെങ്കിൽ ആരു നമുക്ക് എതിരു നില്ക്കും' (റോമ. 8:31). അതിനാൽ എത്ര വലിയ പ്രതിസന്ധി വന്നാലും ക്രിസ്തുവിലുള്ള വിശ്വാസം മുറുകെ പിടിച്ച് സഭാനേതൃത്വത്തോട് ചേർന്നുനിന്ന് പരിശുദ്ധാത്മാവിനാൽ പണിയപ്പെട്ട ഭവനമായ സഭയിൽ (എഫേ. 2:19–21) നമ്മെ ക്രിസ്തു ഭരമേല്പിച്ച ദൗത്യം സധൈര്യം നിറവേറ്റാം. സുവിശേഷമറിയിക്കാനും, സുഖപ്പെടുത്താനും, തിന്മയെ എതിർക്കാനും (ലൂക്ക. 4:18; മാർക്കോ. 3: 14–15) അതുവഴി ക്രിസ്തുവിന് ധീരതയോടെ സാക്ഷ്യം വഹിക്കാനും (അപ്പ. 1:8) നമുക്ക് ഒന്നായി അണിചേരാം.

നമ്മുടെ കൂട്ടായ്മ പ്രകടിപ്പിക്കുന്നതിനും സഭ ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികളെ കുറിച്ച് മനസ്സിലാക്കാനും അവയെ എങ്ങനെ ക്രിസ്തീയമായി നേരിടാമെന്ന് ചിന്തിക്കാനും പ്രാർത്ഥിക്കാനുമായി നമ്മുടെ അതിരൂപതയിലെ ഒരു പ്രതിനിധിസമ്മേളനം 2018 ആഗസ്റ്റ് 5 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2:30 മണിക്ക് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ വച്ച് നടക്കുന്നു. നിങ്ങളെയേവരെയും പ്രത്യേകം ക്ഷണിക്കുന്നു. എല്ലാ ഇടവകകളിലെയും സംഘടന, കുടുംബകൂട്ടായ്മ ഭാരവാഹികളും,

പ്രതിനിധി യോഗാംഗങ്ങളും, വൈദികരും, സന്യസ്തരും, പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും, മതാധ്യാപകരും ഈ യോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ,

മിശിഹായിൽ സ്നേഹപൂർവ്വം,

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത

NB:

1. ഈ സർക്കുലർ 2018 ജൂലൈ 29 ഞായറാഴ്ചയോ, അന്ന് സാധിച്ചില്ലെങ്കിൽ ആഗസ്റ്റ് 5 ഞായറാഴ്ചയോ എല്ലാ പള്ളികളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. ആഗസ്റ്റ് 5ലെ പ്രതിനിധി സമ്മേളനത്തിലേക്ക് 5 പ്രതിനിധികളെയെങ്കിലും പറഞ്ഞയക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വൈദികരും സന്യസ്തരും മതാധ്യാപകരും സംഘടനാഭാരവാഹികളും ആവശ്യമായ നേതൃത്വം ഇക്കാര്യത്തിൽ നല്കേണ്ടതാണ്.
2. സഭനേരിടുന്ന മേൽപറഞ്ഞ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ ഇടവകകൾ തോറും പ്രാർത്ഥനയും ക്രിസ്തീയ പ്രതികരണങ്ങളും, ബോധവത്കരണ പരിപാടികളും നടത്തുവാൻ ആഹ്വാനം ചെയ്യുന്നു.
3. 2018 ആഗസ്റ്റ് 10 വെള്ളിയാഴ്ച്ച വിലാപദിനമായി (Day of mourning) ആചരിക്കാൻ സി. ബി. സി. ഐ.യുടെ ദളിത വിഭാഗങ്ങൾക്കുവേണ്ടിയുള്ള ഓഫീസ് ആഹ്വാനം ചെയ്തിട്ടുണ്ട്. 1950ലെ പ്രസിഡൻഷ്യൽ ഓർഡർ ഇപ്രകാരമാണ്. “No person who professes a religion other than Hinduism shall be deemed to be a member of the Scheduled Caste”. SC വിഭാഗത്തിൽ പിന്നീട് സിക്കുകാരെയും (1956) ബുദ്ധമതക്കാരെയും (1990) ഉൾപ്പെടുത്തി. എന്നാൽ ക്രൈസ്തവ–മുസ്ലിം ദളിതരെ ഇതുവരെയും ഉൾപ്പെടുത്തിയിട്ടില്ല. ഈ വിവേചനത്തിനെതിരെ പ്രതികരിക്കാനാണ് വിലാപദിനം ആചരിക്കാൻ സി. ബി. സി. ഐ. ആഹ്വാനം ചെയ്യുന്നത്.

+ AT



# തടവറ പ്രേഷിതദിനം

# സർക്കുലർ

Ref: 3115/K-5/KCBC/OL/DS

**2018 ആഗസ്റ്റ് 12**
**ഞായർ**

കെസിബിസി ജസ്റ്റിസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറപ്രേഷിത പ്രവർത്തനത്തിൽ സഭാമക്കൾ പങ്കു ചേരുകയെന്ന ആവശ്യകതയെക്കുറിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ.

കർത്താവിൽ പ്രിയപ്പെട്ട സഹോദരി സഹോദരന്മാരേ,

2018 ആഗസ്റ്റ് മാസം 12 –ാം തീയതി ഞായറാഴ്ച കേരള കത്തോലിക്കസഭ തടവറ പ്രേഷിതദിനമായി ആചരിക്കുകയാണ്. സഹതടവുകാരനുവേണ്ടി സ്വജീവൻ ബലിയർപ്പിക്കാൻ മുന്നോട്ട് വന്ന വിശുദ്ധ മാക്സ്മില്യൺ മരിയ കോൾബേയാണ് തടവറ പ്രേഷിതപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ. ഈ വിശുദ്ധന്റെ തിരുനാൾ ദിനമായ ആഗസ്റ്റ് 14–ന് മുൻപ് വരുന്ന ഞായറാഴ്ചയാണ് തടവറ പ്രേഷിത ദിനമായി കേരളസഭ കൊണ്ടാടുന്നത്. മാതൃഭക്തി പ്രചരിപ്പിക്കാൻ ഈ വിശുദ്ധൻ

കേരളം സന്ദർശിച്ച് എറണാകുളം, വരാപ്പുഴ രൂപതകളിൽ ആഭിവന്ദ്യ പിതാക്കന്മാരുടെ അതിഥിയായി താമസിച്ചിരുന്നുവെന്നത് ഈ വിശുദ്ധനെ കേരളത്തിന് പ്രിയപ്പെട്ടവനാക്കുന്ന കാര്യമാണ്. ബന്ധനങ്ങളിൽ കഴിയുന്ന ആളുകളോടും അവരുടെ ക്ലേശിക്കുന്ന കുടുംബ ങ്ങളോടും കുറ്റകൃത്യങ്ങൾക്ക് ഇരയായ വരുടെ കുടുംബങ്ങളോടും ക്രൈസ്തവർക്ക് ഉണ്ടായിരിക്കേണ്ട കടമകളെക്കുറിച്ച് ചിന്തിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും നമ്മെ ഓരോരുത്തരെയും സജ്ജമാക്കുക എന്നതാണ് ഇന്നത്തെ ദിനാചരണം ലക്ഷ്യമാക്കുന്നത്.

2018 ജനുവരി ചൊവ്വാഴ്ച ഉച്ചതിരിഞ്ഞ് ഫ്രാൻസിസ് മാർപാപ്പ സാന്തിയാഗോ ദെ ചിലിയിലെ വനിത ജയിൽ സന്ദർശിച്ച് നൽകിയ സന്ദേശത്തിൽ അവരോട് ഇപ്രകാരം പറയുകയുണ്ടായി. “നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുക എന്നാൽ, നമ്മുടെ പ്രത്യാശകളും സ്വപ്നങ്ങളും നഷ്ടപ്പെടു ത്തുക എന്നല്ല അർത്ഥം. സ്വപ്നം കാണാനുള്ള കഴിവ് നഷ്ടപ്പെടുത്തുക എന്നും ഇതിനർത്ഥമില്ല. നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുന്നത് നമ്മുടെ അന്തസ്സ് നഷ്ടമാകു ന്നതിന് തുല്യമല്ല. അത് ഒരേ കാര്യമല്ല. അന്തസ്സ് സ്പർശിക്ക പ്പെടരുത്. അത് പരിരക്ഷിക്കപ്പെടണം,സംരക്ഷിക്കപ്പെടണം. അതിനോട് ആർദ്രത കാണിക്കണം. ഒരാൾക്ക് ജീവിതത്തിൽ ഉണ്ടാകുന്ന വീഴ്ചയുടെ പേരിൽ അയാളുടെ അന്തസ്സ് നിഷേധിക്കപ്പെടരുത് എന്ന് പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു. അതനുസരിച്ച് പുനരുദ്ഗ്രഥന പ്രക്രിയ യിലൂടെ, പ്രത്യാശയും സ്വപ്നങ്ങളും നിറഞ്ഞ മനുഷ്യരാക്കി മാറ്റാൻ വേണ്ടുന്ന ഒരുക്കങ്ങൾ നടത്താനുള്ള ബാധ്യതയും കടപ്പാടും സമൂഹത്തിനുണ്ട്. ഭാവി പ്രതീക്ഷകൾ ഇല്ലാത്ത ഒരു ജയിൽ ശിക്ഷ മനുഷ്യത്വമുള്ള ഒരു ശിക്ഷാവിധിയല്ലെന്നും അങ്ങനെയുള്ളത് ഒരു പീഡനമാണെന്നും ഓരോ ശിക്ഷാവിധിയും അവരുടെ പുനരുദ്ഗ്രഥനത്തിനും ഇന്നത്തെ സമൂഹവുമായുള്ള പുനർസംയോജനത്തിനുമുള്ള അവ സരങ്ങൾ നല്കുന്നതുമാകണമെന്ന് പരിശുദ്ധ പിതാവ് പറയുന്നത് ചിന്തനീയമാണ്.

ജയിലുകളിൽ കഴിയുന്ന നമ്മുടെ സഹോദരങ്ങളിൽ യേശുവിന്റെ മുഖം കാണണം. മനുഷ്യന്റെ ജീവിതത്തിൽ

ഉണ്ടാകുന്ന വീഴ്ച ഒരിക്കലും അവന്റെ അന്തസ്സും, അവനിലെ ദൈവികതയും പൂർണ്ണമായും നശിപ്പിക്കുന്നില്ല. 'തടവുകാരുടെ കൂടെയാണ് യേശു, പുറത്തല്ല' എന്നാണ് ഫ്രാൻസിസ് മാർപാപ്പ പറയുന്നത്. "ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു" (മത്താ. 25:26) നമ്മെ നിത്യസമ്മാനത്തിന് അർഹമാക്കുന്ന കാരുണ്യപ്രവൃത്തികളിൽ ഒന്നാണിത്. "കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കാനും തടവുകാർക്ക് മോചനവും ബന്ധിതർക്ക് സ്വാതന്ത്ര്യവും വിലപിക്കുന്നവർക്ക് സമാശ്വാസം നൽകാനും എന്നെ അയച്ചിരിക്കുന്നു" (ഏശ.61:1–2). ഏശയ്യായുടെ പുസ്തകത്തിൽ നിന്നുള്ള ഈ ഭാഗം ഉദ്ധരിച്ചുകൊണ്ടാണ് യേശു തന്റെ പരസ്യദൗത്യം ആരംഭിക്കുന്നത് (ലൂക്ക. 4:8). തടവറയിൽ കഴിയുന്ന മക്കളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന യേശുവിനെ സുവിശേഷത്തിൽ നാം കാണുന്നു. "ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണ് വൈദ്യനെ ആവശ്യം ഞാൻ വന്നിരിക്കുന്നത് നീതിമാന്മാരെ വിളിക്കാനല്ല, പാപികളെ പശ്ചാത്താപത്തിലേക്ക് ക്ഷണിക്കാനാണ്" (ലൂക്ക. 5: 31–32) എന്ന് ക്രിസ്തുനാഥൻ പറയുമ്പോൾ ജീവിതത്തിൽ വീഴ്ച സംഭവിച്ചവർക്ക് നമ്മൾ എത്രത്തോളം ശ്രദ്ധ കൊടുക്കണമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

ഏകാന്തതയുടെ അനുഭവത്തോടെ ജീവിക്കാൻ പ്രയാസമാണ്. ഏകാന്തത ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് ജയിലുകളിലാണ്. ഈ തടവറ പ്രേഷിതദിനത്തിൽ 'നീ ഒറ്റയ്ക്കല്ല' എന്ന വിഷയവുമായി തടവറ മക്കളുടെ ജീവിതത്തിലേക്ക് സഭ നമ്മെ നയിക്കുകയാണ്. ഈ ശുശ്രൂഷാ മേഖലയിലൂടെ ഓരോ ബന്ധനസ്ഥനോടും നീ ഒറ്റയ്ക്കല്ല എന്ന് പ്രഖ്യാപിക്കാൻ സഭ ആഗ്രഹിക്കുന്നു.

ഇന്ത്യൻ ജയിലുകളിൽ നാലേകാൽ ലക്ഷത്തിനടുത്ത് തടവുകാർ ഉണ്ടെന്നാണ് കണക്ക്. വിചാരണത്തടവുകാരിൽ 60 ശതമാനത്തോളം നിരപരാധികളാണെന്നും കണക്കാക്കപ്പെടുന്നു. കേരളത്തിന്റെ കാര്യവും വ്യത്യസ്തമല്ല. ഏകദേശം 8,000 തടവുകാരിൽ 3465 പേർ ഒരു കുറ്റവും ചെയ്യാതെ ജയിലിൽ കഴിയുന്നവരാണെന്ന് മാധ്യമങ്ങൾ രേഖപ്പെടുത്തുന്നു. വിചാരണ നേരിടാൻ വേണ്ടി തടവിലാക്കപ്പെട്ടവരെ കുറ്റവാളികൾ എന്ന് മുദ്രകുത്തുന്ന പ്രവണത ഇന്ന് ഏറിവരുകയാണ്. കുറ്റക്കാരെ കർശനമായി

നേരിടണമെന്നും അവർക്ക് കഠിനമായ ശിക്ഷ നല്കണമെന്നും ചിന്തിക്കുന്നവരാണ് ഭൂരിഭാഗം ആളുകളും. കുറ്റങ്ങൾ കുറയ്ക്കാൻ അതാണ് വേണ്ടതെന്ന് അവർ കരുതുന്നു. പ്രത്യേകിച്ച്, ആക്ര മണത്തിന് വിധേയരായവരുടെ അവകാശങ്ങളോടുള്ള താത്പ ര്യവും അവരോടുള്ള അനുകമ്പ യും കുറ്റവാളികൾക്കെതിരെ ഒരു പ്രതികാര മനോഭാവം ഉണർ ത്തുന്നു. ഈ സാഹചര്യത്തിൽ കുറ്റം ചെയ്യുന്നവരോടുള്ള കത്തോ ലിക്കരുടെ പ്രതികരണം എന്തായി രിക്കണം? ഉത്തരം ഇതാണ് : സുവിശേഷമൂല്യങ്ങളാൽ നയിക്കപ്പെട്ട് അവരെ മാനസാന്ത രത്തിലേക്ക് നയിക്കണം.

ഇന്നത്തെ ലോകത്തിൽ വിശു ദ്ധിയിലേക്കുള്ള വിളിയെ സംബ ന്ധിച്ച പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ ''ആനന്ദിച്ച് ആഹ്ലാദിക്കുവിൻ'' എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ (Gaudete et Exsultate No. 98 ) ക്രൈസ്തവ വിശുദ്ധിയി ലേയ്ക്കുള്ള വളർച്ചയെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്, ''തണുപ്പുള്ള ഒരു രാത്രിയിൽ വെളിമ്പുറത്ത് കിടന്നുറങ്ങുന്ന ഒരു വ്യക്തിയെ ഞാൻ കണ്ടുമുട്ടിയാൽ ആ വ്യക്തിയെ ഒരു ശല്യമായോ, അലസനായോ,എന്റെ വഴിയിലുള്ള ഒരു തടസ്സമായോ, മനസ്സാക്ഷിക്കു ത്തുളവാക്കുന്ന കാഴ്ചയായോ, രാഷ്ട്രീയക്കാർ പരിഹരിക്കേണ്ട പ്രശ്നമായോ അല്ലെങ്കിൽ പൊതു സ്ഥലത്തെ ഒരു കൂനയായി പോലുമോ എനിക്ക് കാണാൻ കഴിയും. അല്ലെങ്കിൽ, ആ വ്യക്തിയിൽ,എന്റേതിനോടു തുല്യമായ മഹത്ത്വമുള്ള ഒരു മനുഷ്യവ്യക്തിയെ, പിതാവിനാൽ അനന്തമായി സ്നേഹിക്കപ്പെടുന്ന ഒരു വ്യക്തിയെ, ദൈവത്തിന്റെ ഒരു പ്രതിച്ഛായയെ, യേശുക്രിസ്തു വിനാൽ രക്ഷിക്കപ്പെട്ട ഒരു സഹോദരനെ അല്ലെങ്കിൽ സഹോ ദരിയെ കണ്ട് എനിക്ക് വിശ്വാസ ത്തോടും പരസ്നേഹത്തോടും കൂടി പ്രത്യുത്തരിക്കാൻ സാധി ച്ചാൽ അതാണ് വിശുദ്ധി. ഓരോ മനുഷ്യനിലും ദൈവിക മഹത്ത്വം കാണാനും അംഗീകരിക്കാനും സാധിക്കണം. കാരുണ്യമാണ് "സുവിശേഷത്തിന്റെ തുടിക്കുന്ന ഹൃദയം". തടവറയിൽ ആയിരി ക്കുന്നവരുടെ മഹത്ത്വം ആ ഹൃദയത്തോടെ അംഗീകരിക്കാൻ നമുക്ക് സാധിക്കണം.

ലോകത്തെ സ്നേഹിക്കാനും അതിനെ താൻ എത്രമാത്രം സ്നേഹിക്കുന്നുണ്ടെന്നു കാണി ക്കാനും അവിടുന്ന് നമ്മെ ആശ്രയിക്കുന്നു. നാം നമ്മെപ്പറ്റി ത്തന്നെ അമിത താത്പര്യമുള്ള വരായാൽ മറ്റുള്ളവർക്ക് വേണ്ടി ചെലവഴിക്കാൻ നമുക്ക് സമയം ഉണ്ടായിരിക്കുകയില്ല എന്ന് പരിശുദ്ധ പിതാവ് നമ്മെ ഓർമ്മി പ്പിക്കുന്നു. തടവറയിൽ കഴിയു ന്നവർ നമുക്ക് അന്യരും വെറുക്ക

പ്പെട്ടവരും സമൂഹത്തിന്റെ മുഖ്യ ധാരകളിൽ നിന്ന് എന്നന്നേക്കുമായി മാറ്റിനിറുത്തപ്പെട്ടവരും അല്ല; നമ്മുടെ കരുതലും ശ്രദ്ധയും സാന്നിദ്ധ്യവും അർഹിക്കുന്നവരും പ്രത്യാശ നിറഞ്ഞ ഒരു ജീവിതത്തിലേക്ക് നമ്മൾ കൈപിടിച്ച് നടത്തേണ്ടവരും ആണെന്ന് തിരുസ്സഭയും പരിശുദ്ധ പിതാവും നമ്മെ ഓർമ്മിപ്പിക്കുന്നു.

"യേശുസാഹോദര്യകൂട്ടായ്മ (ജീസസ് ഫ്രട്ടേണിറ്റി) യുടെ പ്രസക്തി ഇന്ന് എന്നത്തേതിനേയുംകാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 32 വർഷങ്ങളായി കേരളത്തിലെ ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസലിങ്ങുകളിലൂടെയും ക്രൈസ്തവരായവർക്ക് പരിശുദ്ധ കുർബ്ബാനയും കുമ്പസാരവും പരികർമ്മം ചെയ്യുന്നതിലൂടെയും ശരിയായ ജീവിത ദർശനം പകർന്നു നൽകി നല്ല ചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡിവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെ ഭവനങ്ങളും സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും അവരുടെ മക്കളെ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസ കേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹ പ്രായമെത്തിയവരെ വിവാഹം കഴിപ്പിച്ചയയ്ക്കാൻ സഹായിക്കുകയും ചെയ്യുക എന്നതെല്ലാം ഈ കൂട്ടായ്മ കഴിഞ്ഞ 32 വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

പതിനൊന്ന് പുനരധിവാസ കേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം വീതം പുരുഷന്മാർക്കും സ്ത്രീകൾക്കും ബാക്കി എട്ട് എണ്ണം കുട്ടികൾക്കും വേണ്ടിയുമാണ് പ്രവൃത്തിക്കുന്നത്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽ തന്നെ യേശുസാഹോദര്യകൂട്ടായമയ്ക്ക് മാത്രമാണുള്ളത്. 2500-ൽപ്പരം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാനും യേശുസാഹോദര്യകൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുകാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശുസാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990-ൽ ആരംഭിച്ച ഈ

പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് 200 – ൽപ്പരം യുവതീയുവാക്കളെ നാളിതുവരെ വിവാഹം കഴിപ്പിച്ച് അയച്ചിട്ടുണ്ട്. 500–ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പി ക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചുചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും സോണുകളുടെ നേതൃത്വത്തിൽ സമ്മർ ക്യാമ്പുകൾ സംഘടിപ്പിച്ച് അവരുടെ സമഗ്ര വളർച്ചയ്ക്ക് വേണ്ടുന്ന ക്ലാസ്സുകളും പഠനോ പകരണങ്ങളും നൽകുകയും ചെയ്യുന്നുണ്ട്. തടവറയിൽ കഴിയു ന്നവരുടെ മക്കളുടെ പഠനനാളു കളിൽ ആവശ്യമായ എല്ലാ ചെലവുകളും യേശുസാഹോദര്യ കൂട്ടായ്മയുടെ നേതൃത്വത്തിൽ വഹിക്കപ്പെടുന്നു. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 32 രൂപതക ളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 46– ഓളം യൂണിറ്റുകളിലായി 1000 –ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷ മായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതക ളിലും കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഒൻപത് മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാ ണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തന ത്തിൽ പങ്കുചേരുന്നു. അവർ ക്കെല്ലാം ഹൃദയപൂർവകമായ അനു മോദനങ്ങളും നന്ദിയും അർപ്പിക്ക ട്ടെ. തടവറ പ്രേഷിതദിനത്തിൽ ഇട വകയിൽ ശേഖരിക്കുന്ന പിരിവു കൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റി യുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി സംസ്ഥാന ഓഫീസിലേക്ക് അയച്ചുകൊടുക്ക ണമെന്ന് വിനീതമായി അഭ്യർത്ഥി ക്കുന്നു. എല്ലാവരുടെയും ഔദാര്യ പൂർണമായ സഹകരണം ഇക്കാര്യ ത്തിൽ ഉണ്ടാകുമല്ലോ.

ജീസസ് ഫ്രട്ടേണിറ്റിക്ക് എല്ലാ വിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യ ദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യ ത്തിലേക്കും നന്മയിലേക്കും നയി ക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

പി.ഒ.സി., കേരളകത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയത്തിൽ നിന്ന്.

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ,
ക.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ആർച്ചുബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ**
വൈസ് ചെയർമാൻ,
കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
വൈസ് ചെയർമാൻ,
കെ.സി.ബി.സി. ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

---

2018 ആഗസ്റ്റ് 12–ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Prot No: 2282/2018/S/ABP
Date: 14/Aug/2018

# തൊറവ് ഇടവക സ്ഥാപനഡിക്രി

കൽപ്പന നമ്പർ : 1637/2018
(DL 4/2018), തിയതി 14.08.2018

പുതുക്കാട് ഇടവക പെ. ബഹു. വികാരിയച്ചനും, തൊറവ് പ്രീസ്റ്റ് – ഇൻ – ചാർജ്ജിനും കൈക്കാരമ്മാർക്കും ഇടവകക്കാർക്കും ആശീർവ്വാദം

**സൂചന:**

1. ഇടവകരൂപീകരണത്തിനു വേണ്ടി കമ്മറ്റിതീരുമാനപ്രകാരം തൊറവ് കുരിശുപള്ളിയിൽ നിന്നുമുള്ള 07.03.2018ലെ അപേക്ഷ.
2. ഇടവകരൂപീകരണം സംബന്ധിച്ച് Prot No. 1632/2018 പ്രകാരം പുതുക്കാട്, പാലാഴി ഇടവകകളിൽ നടത്തിയ പരസ്യപ്പെടുത്തൽ
3. തൊറവ് ഇടവകാതിർത്തിയെ സംബന്ധിച്ച് ബഹു. പുതുക്കാട് വികാരിയുടെ 20.07.2018 ലെ റിപ്പോർട്ട്.
4. തൊറവ് ഇടവകാതിർത്തിയെ സംബന്ധിച്ച് ബഹു. പാലാഴി വികാരിയുടെ 05.07.2018 ലെ റിപ്പോർട്ട്.
5. തൊറവ് ഇടവകരൂപീകരണം സംബന്ധിച്ച പരാതികൾ.
6. തൊറവ് ഇടവകരൂപീകരണം

സംബന്ധിച്ച് അതിരൂപത കാര്യാലയത്തിൽ ലഭിച്ച പരാതികളിന്മേൽ ബഹു. പുതുക്കാട് ഫൊറോന വികാരിയുടെ 02.08.2018 ലെ റിപ്പോർട്ട്.

7. അതിരൂപതാ വൈദിക സമിതിയുടെ 14.06.2018 ലെ ശിപാർശ.
8. അതിരൂപതാ ആലോചനസമിതിയുടെ 19.07.2018 ലെ ശിപാർശ.
9. പുതുക്കാട്, തൊറവ് എന്നിവിടങ്ങളിലെ ബഹു. വികാരിയുടെയും കൈക്കാരന്മാരുടെയും 10.08.2018 മീറ്റിംഗിലെ തീരുമാനങ്ങൾ.
10. തൊറവ് സെന്റ് ആന്റണീസ് ഇടവക രൂപീകരണത്തെ സംബന്ധിച്ച് അതിരൂപതാ അതിർത്തി നിർണ്ണയകമ്മറ്റിയുടെ 11.08.2018 റിപ്പോർട്ട്

**മേൽ സൂചനകളിലെ നടപടിക്രമങ്ങളുടെ വെളിച്ചത്തിൽ പുതുക്കാട് ഇടവകയുടെ ഭാഗമായിരുന്ന തൊറവ് സെന്റ് ആന്റണീസ് പള്ളിയെ കേന്ദ്രീകരിച്ചു താഴെപ്പറയുന്ന അതിർത്തിക്കുള്ളിലുള്ള സീറോ മലബാർ കത്തോലിക്കാസമൂഹത്തെ 2018 ആഗസ്റ്റ് മാസം 15-ാം തിയതി മുതൽ ഒരു ഇടവകയായും തൊറവ് സെന്റ് ആന്റണീസ് പള്ളിയെ ടി. ഇടവകയുടെ ഇടവകപ്പള്ളിയായും ഇതിനാൽ ഉയർത്തിയിരിക്കുന്നു.**

**തൊറവ് ഇടവകയുടെ അതിർത്തികൾ**

**വടക്ക്:**

പുതുക്കാട്-പാലാഴി റോഡിൽ ചെറുവാത്തോടിന്റെ കുറുകെ കുട്ടിപ്പാലം തുടങ്ങി പുതുക്കാട്-ഊരകം റോഡിന്റെ ഇരുവശങ്ങളും ഒഴിവാക്കി (റോഡിന് ഇരുവശവും പുതുക്കാട് ഇടവകയിൽ) കിഴക്കോട്ട് പോയി പുതുക്കാട്-പാലാഴി റെയിൽവേ ഗേറ്റ് വരെ.

**കിഴക്ക്:**

പുതുക്കാട് റെയിൽവേ സ്റ്റേഷനടുത്തുള്ള പുതുക്കാട്-പാലാഴി റെയിൽവേ ഗേറ്റിൽ നിന്ന് റെയിൽവേ ലൈനിലൂടെ തെക്കോട്ട് പോയി കുറുമാലി പുഴയിൽ എത്തിച്ചേരുന്നു.

**തെക്ക്:**

റെയിൽവേ ലൈനിൽ നിന്നും തുടങ്ങി കുറുമാലി പുഴയുടെ വടക്കുഭാഗം ചേർന്ന് ചെറുവാത്തോട് കുറുമാലി പുഴയുമായി സന്ധിക്കുന്ന പോയിന്റു വരെ.

**പടിഞ്ഞാറ്:**

കുറുമാലി പുഴയുമായി ചെറുവാത്തോട് സന്ധിക്കുന്ന പോയിന്റ് മുതൽ വടക്കോട്ടു ചെറുവാത്തോടു കൂടിപ്പോയി പുതുക്കാട്-പാലാഴി റോഡിലുള്ള കുട്ടിപ്പാലത്തിൽ എത്തുന്നതുവരെ (പുതുക്കാട്, നെന്മണിക്കര ഗ്രാമപഞ്ചായത്തുകളുടെ അതിർത്തി).

ഈ അതിർത്തിക്കുള്ളിൽ താമസിക്കുന്ന സീറോ മലബാർ കത്തോലിക്കർ അതിനാൽതന്നെ

തൊറവ് ഇടവകയുടെ അംഗങ്ങളായിരിക്കുന്നതും, കത്തോലിക്കരല്ലാത്തവർ ഇടവകയുടെ പ്രത്യേക പരിലാളനയ്ക്കും പ്രേഷിതവേലയ്ക്കും അർഹരായിത്തീരുന്നതുമാണ്. ഈ അതിർത്തിക്കുള്ളിൽ താമസിക്കുന്ന ഇതര ഇടവകക്കാരായിരുന്നവരുടെ കണക്കുകൾ എടുത്ത് നിങ്ങളുടെ ഇടവക ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ട്തും വിവരം അവരേയും, അവരുടെ പൂർവ്വ ഇടവകകളെയും അറിയിക്കേണ്ടതുമാണ്. ഇടവകാതിർത്തി കാണിക്കുന്ന പടത്തിന്റെ രണ്ടു കോപ്പികൾ ഈ കാര്യാലയത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങി ഒന്ന് ഈ കാര്യാലയത്തിലും ഒന്ന് അവിടത്തെ ഫയലിലും സൂക്ഷിക്കേണ്ടതുമാണ്. അതിന്റെ കോപ്പികൾ ബന്ധപ്പെട്ട അയൽഇടവകകൾക്കു നൽകേണ്ടതാണ്.

ഇതോടൊപ്പം ഇടവകസ്ഥാപനവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ കല്പനയായി നൽകുന്നു. മേല്പ്പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും 2018 ആഗസ്റ്റ് 15-ാം തീയതി മുതൽ നിയമസാധുത ഉണ്ടായിരിക്കുകയില്ല. ആദിമക്രൈസ്തവസഭയുടെ ചൈതന്യത്തിൽ (അപ്പ. 2-4) കത്തോലിക്കാസഭാനിയമങ്ങളും പാരമ്പര്യങ്ങളും അനുസരിച്ച് (CCEO, സീറോ മലബാർസഭയുടെ പ്രത്യേക നിയമം, തൃശ്ശൂർ അതിരൂപതാ നിയമാവലി) ക്രിസ്തുവിശ്വാസികളുടെ സ്നേഹസമൂഹമാക്കി ഇടവകയെ പരിപോഷിപ്പിക്കുവാൻ ഏവരോടും ആഹ്വനം ചെയ്യുന്നു.

## തൊറവ് ഇടവക സ്ഥാപനത്തോടനുബന്ധിച്ചുള്ള തീരുമാനങ്ങൾ

1. തൊറവ് ഇടവക പുതുക്കാട് ഫൊറോനയുടെ ഭാഗമായിരിക്കും.
2. തൊറവ് ഇടവകയ്ക്ക് മാതൃ ഇടവകയായ പുതുക്കാട് ഇടവകയിൽനിന്നു അതിരൂപതാ നിയമാവലി പ്രകാരം, നൽകേണ്ട ആകെ വിഹിതം 53,36,296 രൂപയാണ്. ഈ ഇനത്തിൽ പുതുക്കാട് ഇടവകയിൽ നിന്നും തൊറവ് സെന്റ് ആന്റണീസ് പള്ളിക്കുവേണ്ടി നല്കിയിട്ടുള്ള 31,50000 രൂപ കിഴിച്ച് 21,86296 രൂപ വിഹിതമായി നല്കുവാനുണ്ട്. ഇതോടൊപ്പം പുതുക്കാട് ഇടവകയുടെ സംഭാവനയും ചേർത്ത് മുപ്പത് ലക്ഷം രൂപ 2019 മാർച്ച് 1നു മുമ്പായി തൊറവ് ഇടവകയ്ക്ക് നല്കാമെന്ന് 10.08.2018ൽ അതിരൂപത കാര്യാലയത്തിൽ ചേർന്ന ഇരു ഇടവകകളിലെയും ബഹു. വികാരിമാരുടെയും കൈക്കാരന്മാരുടെയും യോഗത്തിൽ തീരുമാനമായിട്ടുള്ളതാണ്.

3. പുതുക്കാട് സെന്റ് ആന്റണീസ് സ്കൂളിലേക്കുള്ള നിയമനം, പ്രവേശനം എന്നീ അവകാശങ്ങളിൽ തൊറവ് ഇടവകയ്ക്ക് അടുത്ത 25 വർഷത്തേക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.
4. തൊറവ് ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരി ഉണ്ടാകുന്നതുവരെ പുതുക്കാട് പള്ളി സെമിത്തേരിയിൽ തൊറവ് ഇടവകാഗംങ്ങളുടെ മൃതദേഹം അടക്കം ചെയ്യാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്. പുതുക്കാട് സെമിത്തേരിയിൽ സ്ഥിരം കല്ലറ, കുടുംബ കല്ലറ എന്നിവക്ക് തൊറവ് ഇടവകക്കാർക്ക് പുതുക്കാട് ഇടവകക്കാർക്ക് എന്ന പോലെ അതിരൂപതാ നിയമാവലി പ്രകാരം തുടർന്നും അവകാശം ഉണ്ടായിരിക്കും. തൊറവ് ഇടവകാംഗങ്ങളുടെ മൃതസംസ്കാരം പുതുക്കാട്പള്ളിയുടെ സെമിത്തേരിയിൽ നടത്തുമ്പോൾ മൃതശരീരം പള്ളിയിൽ കയറ്റി നടത്തുന്ന പ്രാർത്ഥനാ ശുശ്രൂഷ ബന്ധപ്പെട്ടവരുടെ സൗകര്യാർത്ഥം പുതുക്കാട് പള്ളിയിലോ, തൊറവ് പള്ളിയിലോ നടത്താവുന്നതാണ് (തൊറവ് ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരി ഉൺൺണ്ടാകുന്നതുവരെയാണ് ഇതിന് പ്രാബല്ല്യം).
5. ചിറ്റിലപ്പിള്ളി ബഹു. ജെയ്സൻ അച്ചനെ 2018 ആഗസ്റ്റ് 15 മുതൽ തൊറവ് ഇടവകയുടെ പ്രഥമ വികാരിയായി നിയമിക്കുന്നു.
6. മേല്പ്പറഞ്ഞ തീരുമാനങ്ങൾക്ക് വിരുദ്ധമായ പാരമ്പര്യങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും 2018 ആഗസ്റ്റ് 15 മുതൽ നിയമസാധുത ഉണ്ടായിരിക്കുകയില്ല.

അതിരൂപതാ കാര്യാലയത്തിൽ നിന്ന്
2018 ആഗസ്റ്റ് മാസം 14-ാം തിയതി നൽകപ്പെടുന്നത്.

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ചാൻസലർ

കോപ്പി:
ബഹു. പാലാഴി ഇടവക വികാരി
പെ. ബഹു. പുതുക്കാട് ഇടവക വികാരി

# കച്ചേരി

## വാർത്തകൾ

### 1. ഓർമിക്കേണ്ട ദിവസങ്ങൾ

സെപ്തംബർ 2018

| | | |
|---|---|---|
| 1 | : | എട്ടു നോമ്പാരംഭം |
| 2 | : | **ഏലിയാ സ്ലീവാ മൂശ രണ്ടാം ഞായർ** |
| 5 | : | കൊൽക്കൊത്തായിലെ വി. തെരേസ |
| 7 | : | ആദ്യവെള്ളി |
| 8 | : | പരി. കന്യകാമറിയത്തിന്റെ പിറവിതിരുനാൾ |
| 10 | : | **ഏലിയാ സ്ലീവാ മൂശ മൂന്നാം ഞായർ** |
| 13 | : | വി. ജോൺ ക്രിസോസ്തോം |
| 14 | : | വി. കുരിശിന്റെ പുകഴ്ച |
| 16 | : | **ഏലിയാ സ്ലീവാ മൂശ നാലാം ഞായർ** |
| 21 | : | വി. മത്തായി ശ്ലീഹാ |
| 23 | : | **ഏലിയാ സ്ലീവാ മൂശ അഞ്ചാം ഞായർ** |
| 27 | : | വി. വിൻസെന്റ് ഡി പോൾ |
| 29 | : | മാലാഖമാരായ മിഖായേൽ, ഗബ്രിയേൽ, റഫായേൽ |
| 30 | : | **ഏലിയാ സ്ലീവാ മൂശ ആറാം ഞായർ** |

### 2. സെപ്തംബർ മാസത്തെ പരിപാടികൾ

| | | | |
|---|---|---|---|
| 06 | : | 10:30 am | സന്യസ്ത–സമർപ്പിത–വൈദികസമിതിയോഗം |
| 07 | : | 07:30 pm | സാമ്പത്തിക സമിതിയോഗം |
| 08 | : | 10:00 am | പാസ്റ്ററൽ കൗൺസിൽ യോഗം |
| 13 | : | 10:00 am | ആലോചനസമിതിയോഗം |
| 16 | : | | വൈദികവാർഷികധ്യാനം (ബാച്ച് 1) |
| 23 | : | | വൈദികവാർഷികധ്യാനം (ബാച്ച് 2) |
| 28 | : | 10:00 am | വൈദികസമ്മേളനം |



**2. സെപ്തംബർ മാസത്തെ പരിപാടികൾ**

| | | | |
|---|---|---|---|
| സെപ്തംബർ | 06 : | 10:30 am | സന്യസ്ത–സമർപ്പിത–വൈദികസമിതിയോഗം |
| | 07 : | 07:30 pm | സാമ്പത്തിക സമിതിയോഗം |
| | 08 : | 10:00 am | പാസ്റ്ററൽ കൗൺസിൽ യോഗം |
| | 13 : | 10:00 am | ആലോചനസമിതിയോഗം |
| | 16 : | | വൈദികവാർഷികധ്യാനം (ബാച്ച് 1) |
| | 23 : | | വൈദികവാർഷികധ്യാനം (ബാച്ച് 2) |
| | 28 : | 10:00 am | വൈദികസമ്മേളനം |

**3. പള്ളിജീവനക്കാർക്ക് ആദരം :**

അതിരൂപതയിലെ പള്ളികളിൽ 25 വർഷമായി സേവനം ചെയ്യുന്നവരെ (കണക്കെഴുത്തുകാർ, കപ്യാർമാർ) അതിരൂപത പാസ്റ്ററൽ കൗൺസിൽ ദിനത്തിൽ 2018 നവംബർ 10–ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് സെന്റ് തോമസ് കോളേജിലെ മെഡ്ലിക്കോട്ട് ഹാളിൽ വച്ച് ആദരിക്കുന്നു. യോഗ്യരായവരുടെ പേരും അഡ്രസ്സും ഫോൺ നമ്പറും ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ അതിരൂപത കാര്യാലയത്തിൽ സെപ്തംബർ മാസത്തിൽതന്നെ നൽകേണ്ടതാണ്.

**4. പാസ്റ്ററൽ കൗൺസിൽ :**

പാസ്റ്ററൽ കൗൺസിലിന്റെ സാധാരണയോഗം 2018 സെപ്തംബർ 8 ശനിയാഴ്ച നടത്തപ്പെടുന്നു. അംഗങ്ങളെല്ലാം പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

**5. വൈദികരുടെ വാർഷികധ്യാനം :**

ബഹു. അച്ചന്മാരുടെ ഈ വർഷത്തെ വാർഷിക ധ്യാനം 2018 സെപ്തംബർ 16 മുതൽ 21 വരെയും സെപ്തംബർ 23 മുതൽ 28 വരെയും രണ്ടു ബാച്ചുകളിലായി നടത്തുന്നു.

ധ്യാനവേദി : മേരിമാതാ മേജർ സെമിനാരി

ധ്യാനഗുരു : മാർ ടോമി തറയിൽ, ചങ്ങനാശ്ശേരി സഹായ മെത്രാൻ

- മുഴുവൻ സമയവും സെമിനാരിയിൽ താമസിച്ചു ധ്യാനിക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ ഇടവകകളിലും സ്ഥാപനങ്ങളിലും കാലേ കൂട്ടി ചെയ്യണം.
- ധ്യാനത്തിന് വരുമ്പോൾ കുർബാന കണക്കു പുസ്തകം, ബൈനേഷൻ & ട്രൈനേഷൻ കണക്ക്, കുമ്പസാര പത്തേന്തി, മരണപത്രം (എഴുതാത്തവർ) എന്നിവ കൊണ്ടു വരണം.
- അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്യാസവൈദികർക്ക് ഈ ധ്യാനത്തിൽ പങ്കെടുക്കുവാൻ താത്പര്യമുണ്ടെങ്കിൽ എത്രയുംവേഗം അതിരൂപത കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.
- എല്ലാ ബഹു. വൈദികരും പൊതുവാർഷികധ്യാനത്തിൽ പങ്കെടുക്കണമെന്നാണ് അഭിവന്ദ്യപിതാവിന്റെ താത്പര്യം. ഏതെങ്കിലും കാരണവശാൽ പൊതുധ്യാനത്തിൽ പങ്കെടുക്കാൻ കഴിയാത്ത ബഹു. വൈദികർ ഡിസംബർ 31നു മുമ്പ് സ്വന്തമായി വാർഷികധ്യാനം നടത്തി കുമ്പസാരപത്തേന്തിയും കുർബാനകണക്കും അതിരൂപത കാര്യാലയത്തിൽ സമർപ്പിച്ച് പുതുക്കേണ്ടതാണ്.
- വാർഷികധ്യാനത്തിന്റെ ലിസ്റ്റ് **2018 ജൂൺ മാസത്തെ അതിരൂപത ബുള്ളറ്റനിൽ** കൊടുത്തിട്ടുണ്ട്. ബാച്ചുകൾ മാറുന്നതിനോ ലീവിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബഹു. വൈദികർക്കാർക്കെങ്കിലും പൊതുധ്യാനത്തിൽ പങ്കെടുക്കുന്നതിനോ ആഗ്രഹമുണ്ടെങ്കിൽ അക്കാര്യം **2018 സെപ്തംബർ 10നു** മുമ്പായി അതിരൂപത കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 6. അതിരൂപതാ അവാർഡ് ദിനം

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2018 നവംബർ 10-ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് സെന്റ് തോമസ് കോളേജിലെ മെഡ്‌ലിക്കോട്ട് ഹാളിൽ വച്ച് നടത്തുന്നു. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ 2017 നവംബർ 11 മുതലുള്ള കാലയളവിൽ താഴെ പറയുന്ന വിധത്തിൽ അംഗീകാരം നേടുന്ന അതിരൂപതാംഗങ്ങളെ / സ്ഥാപനങ്ങളെ ഈ സമ്മേളനത്തിൽ പ്രത്യേകം ആദരിക്കുന്നതാണ്. **(തൃശ്ശൂർ അതിരൂപതാംഗങ്ങളെ മാത്രമാണ് അവാർഡ് ദിനത്തിൽ ആദരിക്കുന്നത്. അതിരൂപതയിലെ സ്ഥാപനങ്ങളിൽ പഠിക്കുന്നവരോ പ്രവർത്തിക്കുന്നവരോ ആയ മറ്റ് രൂപതാംഗങ്ങളെയോ ഇതര മതസ്ഥരെയോ പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതല്ല).**

* താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകൾ ബന്ധപ്പെട്ട അധികാരികളുടെ (ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ / വികാരി) സാക്ഷ്യപത്രവും മാർക്കു ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റഡ് കോപ്പികളോടും കൂടെ **15–09–2018 നു** മുമ്പായി ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ, കാത്തലിക് ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ – 680 005 എന്ന അഡ്രസ്സിൽ ലഭിക്കേണ്ടതാണ്.
* അപേക്ഷകരുടെ പൂർണമേൽവിലാസം ഫോൺ നമ്പർ സഹിതം നൽകേണ്ടതാണ്. മേൽവിലാസവും ഫോൺ നമ്പറും ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.
* ഇക്കാര്യം പള്ളികളിലും സ്ഥാപനങ്ങളിലും കഴിയുന്നതും വേഗത്തിൽ അറിയിക്കാൻ ബഹു.വൈദികരും സ്ഥാപനാധികാരികളും ശ്രദ്ധിക്കണം.
* സമ്മാനാർഹരായവരുടെ പേരുവിവരം തൃശ്ശൂർ അതിരൂപത വെബ്സൈറ്റിൽ നവംബർ 1 നു പ്രസിദ്ധീകരിക്കുന്നതാണ്. (www.trichurarchdiocese.org).

**1. വിദ്യാഭ്യാസരംഗം**

2017–18 അധ്യയനവർഷത്തിൽ

**1.1** പ്ലസ് ടുവിനും വി. എച്ച്. എസ്. സി.ക്കും ആദ്യ ചാൻസിൽ മുഴുവൻ വിഷയങ്ങളിലും A+നേടിയിട്ടുള്ളവർക്ക് (Kerala State-A+, C.B.S.E - 91-100 marks in all subjects, I.C.S.E.- A+/Exceptional)

**1.2** ഡിഗ്രി & പി.ജി.കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ; കഴിഞ്ഞ അധ്യയനവർഷത്തിൽ Ph.D/PDF പൂർത്തിയാക്കിയവർ

**1.3** ടി.ടി.ഐ., ടി.ടി.സി., ബി.എഡ്., എം.എഡ്., നേഴ്സിംഗ്, പോളിടെക്നിക്, ഐ. ടി. ഐ., എഞ്ചിനീയറിംഗ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയ പ്രൊഫഷണൽ കോഴസുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

**1.4** സംസ്ഥാനസർക്കാരോ കേന്ദ്ര സർക്കാരോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ.

**1.5** കഴിഞ്ഞ പ്ലസ് ടു., ബി.എഡ്., ടി.ടി.ഐ., നേഴ്സിംഗ്, പ്രൊഫഷണൽ പരീക്ഷകളിൽ ആദ്യ ചാൻസിൽ 100% വിജയം നേടിയ അതിരൂപതാതിർത്തിയിലെ കത്തോലിക്ക മാനേജുമെന്റ് സ്ഥാപനങ്ങൾ.

**2. കായികം**

**2.1** *വിദ്യാഭ്യാസവകുപ്പ് നടത്തുന്ന കായികമേളയിൽ*
(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാം സമ്മാനം

നേടിയവർ – ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, **ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.**

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**2.2** *സർവ്വകലാശാല കായികമത്സരങ്ങളിൽ*

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**3. കലാസാഹിത്യ രംഗം**

***3.1*** *വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുവജനോത്സവങ്ങളിൽ*

(State, C.B.S.E, I.C.S.E.) റവന്യൂ ജില്ലാതലത്തിൽ ഒന്നാംസമ്മാനം നേടിയവർ – ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

***3.2*** *സർവ്വകലാശാല യുവജനോത്സവങ്ങളിൽ*

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**4. മറ്റു രംഗങ്ങൾ**

***4.1*** സി. ബി. സി. ഐ., കെ. സി. ബി. സി., സീറോ മലബാർ സിനഡ് എന്നിവ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ ലഭിച്ചവർ

***4.2*** മേൽകൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്തതും ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പുരസ്കാരങ്ങൾ ലഭിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും (അപേക്ഷകരിൽ നിന്ന് അർഹരായവരെ സമിതി തെരഞ്ഞെടുക്കുന്നതായിരിക്കും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും).

***4.3*** അതിരൂപതയിലെ ഇടവകകളിൽ സേവനം ചെയ്ത് 25 വർഷം പൂർത്തിയാക്കുന്നവരെ അവാർഡ് ദിനത്തിൽ ആദരിക്കുന്നു (ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി പേരും വിവരവും നല്കേണ്ടതാണ്).

**NB:**

1. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ–കായിക മത്സരങ്ങളിൽ റവന്യൂ ജില്ലാതലത്തിന് താഴെയുള്ളവരെ പരിഗണിക്കുന്നതല്ല.

2. അതിരൂപതയിലെ സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന മത്സരങ്ങളിൽ അതിരൂപതാതലത്തിൽ സമ്മാനം നേടിയവർ അപേക്ഷിക്കേണ്ടതില്ല. അവ അതിരൂപതയുടെ അംഗീകാരമായിത്തന്നെ പരിഗണിക്കപ്പെടുന്നു.

**7. വൈദികനിയമനം :**

1. **ഫാ. ആന്റണി ചെമ്പകശ്ശേരി** – സ്പിരിച്ച്വൽ ഡയറക്ടർ, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ഒഴിവായി; സാധുത 2018 ജൂലൈ 23 മുതൽ. വികാരി വില്ലടം, സാധ്യത 2018 മെയ് 30 മുതൽ.
2. **ഫാ. റോയ് മൂക്കൻ** – സ്പിരിച്ച്വൽ ഡയറക്ടർ, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കൂടി; സാധുത 2018 ജൂലൈ 23 മുതൽ.
3. **ഫാ. ദിൽ കോനിക്കര** OFM.C\k. – സ്പിരിച്ച്വൽ അസിസ്റ്റന്റ് ഓഫ് എസ്. എഫ്. ഒ., പാലയൂർ റീജിയൺ; സാധുത 2018 ജൂലൈ 23 മുതൽ.
4. **ഫാ. വർഗ്ഗീസ് പാലത്തിങ്കൽ** – കപ്ലോൻ എസ്. എ. ബി. തലക്കോട്ടുകര കൂടി; സാധുത 2018 ജൂലൈ 21 മുതൽ.
5. **ഫാ. തോമസ് പള്ളത്ത്** MCBS – സഹവികാരി തൃശ്ശൂർ ബസിലിക്ക; സാധുത സാധുത 2018 ജൂലൈ 20 മുതൽ.
6. **ഫാ. മാത്യു പാത്രപാങ്കൽ** MST – സഹവികാരി ഒല്ലൂർ മേരിമാത ഒഴിവായി; സാധുത സാധുത 2018 ജൂൺ 15 മുതൽ.
7. **ഫാ. ലിന്റോ കോങ്ങാട്ട്** MST – സഹവികാരി കോട്ടപ്പടി ഒഴിവായി; സാധുത സാധുത 2018 ജൂലൈ 4 മുതൽ.
8. **ഫാ. സജേഷ് പയ്യപ്പിള്ളി** SDV – സഹവികാരി തൃശ്ശൂർ ബസിലിക്ക ഒഴിവായി; സാധുത സാധുത 2018 ജൂലൈ 1 മുതൽ.
9. **ഫാ. ജോൺസൻ മൂലക്കാട്ട്** CMI – സഹവികാരി പാവറട്ടി ഒഴിവായി; സാധുത സാധുത 2018 ജൂൺ 1 മുതൽ.
10. **ഫാ. ആൽബിൻ ജോസഫ് പാറയിൽ** O.Carm.– സഹവികാരി മുല്ലശ്ശേരി ഒഴിവായി; സാധുത സാധുത 2018 ജൂൺ 1 മുതൽ.

**8. പ്രത്യേകനിയമനം :**

## Members of Secretariat of the Archeparchial level PACT

1. ഫാ. ദിജോ ഒലക്കേങ്കിൽ
2. ഫാ. ക്രിസ്റ്റീൻ ചിറമ്മൽ
3. പ്രൊഫ. എലിസബത്ത് മാത്യു
4. ശ്രീമതി അൽഫോൻസ പീറ്റർ
5. ശ്രീ. ഷിമ്മി വറീത്
6. ഡോ. റോസ് ബീന

**മാർ ടോണി നീലങ്കാവിൽ**

അതിരൂപത സഹായമെത്രാൻ & പ്രോട്ടോ–സിഞ്ചെല്ലൂസ്

## മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ സെപ്തംബർ മാസത്തെ പരിപാടികൾ

# SEPTEMBER 2018

| Date | Day | Time | Description |
|---|---|---|---|
| 01 | Sat | | |
| 02 | Sun | Morning | Parish Visits |
| | | Evening | Engaged |
| 03 | Mon | Morning | Engaged |
| 04 | Tue | Morning | Curia Meeting **For Priests and Religious** |
| 05 | Wed | Morning | Jubilee Holy Mass at Good Sheperd Convent, South Chiyyaram |
| 06 | Thu | | Priests' Council and CRI Meeting |
| 07 | Fri | Morning | Curia Meeting |
| | | | Jiyothi Eng. College Governing Board Meeting |
| | | Evening | Finance Council |
| 08 | Sat | Morning | Pastoral Council |
| | | Afternoon | Eveningl Consecration of New Church at Peechi |
| | | Evening | Silver Jubilee Celebration of Rev. Fr. Davis Chirayath at Paravattani |
| 09 | Sun | | Pastoral Visit at Olarikkara |
| 10 | Mon | Morning | Widows' Gathering at Family Apostolate |
| | | Evening | Jubilee Mission Hospital Trust Meeting |
| 11 | Tue | | Curia Meeting **For the People** |

| | | | |
|---|---|---|---|
| 12 | Wed | Morning | Holy Mass at St. Mary's Minor Seminary, Madona Nagar |
| 13 | Thu | Morning | Consulters meeting |
| 14 | Fri | Morning | Curia Meeting |
| 15 | Sat | Morning | Festal Holy Mass at Our Lady of Dolours Basilica |
| 16 | Sun | | Youth Meet- Archdiocese of Trichur at DBCLC |
| | | | Priests' Annual Retreat |
| 17 | Mon | Morning | Chemistry Conference Inauguration at St. Thomas College, Thrissur |
| | | | Priests' Annual Retreat |
| 18 | Tue | Morning | Curia Meeting |
| | | | Priests' Annual Retreat |
| 19 | Wed | Morning | Priests' Annual Retreat |
| | | Evening | Jesus Youth Campus Meet at Pudukkad |
| 20-21 | | | Priests' Annual Retreat |
| 22 | Sat | | Jubilee Holy Mass at SMC Peramangalam |
| 23 | Sun | | Pastoral Visit |
| 24 | Mon | Morning | Procession of Cross at Lourdes Cathedral |
| | | | Priests' Annual Retreat |
| 25 | Tue | Morning | Curia Meeting |
| | | | Priests' Annual Retreat |
| | | Evening | CBCI, Bangalore |
| 26-27 | | | CBCI, Bangalore |
| 28 | Fri | Morning | Curia Meeting |
| | | | Priests' Annual Retreat |
| | | | Priests' Conference |
| 29 | Sat | Morning | **For the People** |
| 30 | Sun | | Pastoral Visit |

## മാർ ടോണി നീലങ്കാവിൽ പിതാവിന്റെ സെപ്തംബർ മാസത്തെ പരിപാടികൾ

# SEPTEMBER 2018

| Date | Day | Time | Description |
|---|---|---|---|
| 1 | Sat | Morning | Enganged |
| | | Evening | Visitors' Time |
| **2** | **Sun** | Morning | Vellanikode- *Oottuthirunal* Mass |
| 3-30 | | | Rome |





# നാളാഗമം

## ജൂലൈ 2018

1 അഭിവന്ദ്യ താഴത്ത് പിതാവ് നെല്ലിക്കുന്ന്, മഡോണനഗർ, ഒല്ലൂക്കര എന്നീ ഇടവകകൾ സന്ദർശിച്ചു. 10.30ന് ഒല്ലൂക്കര പള്ളിയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് 4 മണിക്ക് നടത്തറ കരുണാലയത്തിൽ ജീസസ് യൂത്ത് അംഗങ്ങൾക്ക് സന്ദേശം നൽകി. ശേഷം മഞ്ഞക്കുന്ന് ഇടവകയിൽ വൈദികമന്ദിരം ആശീർവദിച്ചു. അഭിവന്ദ്യ ടോണി പിതാവ് പൂങ്കുന്നം ഇടവകയിൽ ഇടയസന്ദർശനം നടത്തി.

2 അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചക്ക് തൃശ്ശൂർ സെന്റ് തോമസ് കോളേജിന്റെ ശതവാർഷികത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പൂങ്കുന്നം ഇടവകയിൽ ഇടയസന്ദർശനത്തിന്റെ ഭാഗമായി മേരിമാത CMI ആശ്രമത്തിൽ സന്യസ്തർക്കുവേണ്ടി വി. ബലിയർപ്പിച്ചു. അതിനുശേഷം ഇടവകയിൽ രോഗിസന്ദർശനം നടത്തി. അവിട്ടത്തൂർ ദൈവാലയത്തിൽ വി.ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് സെന്റ് തോമസ് കോളേജിൽ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി 'അഗാപ്പെ @ 100'–ൽ 100 കാർമ്മികരുമൊത്ത് വി. ബലിയർപ്പിച്ചു. വൈകിട്ട് അമ്പഴക്കാട് ദൈവാലയത്തിൽ

വി. ബലിയർപ്പിച്ചു.

3 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ആളൂർ എൽ. പി. സ്കൂൾ കെട്ടിടത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. തുടർന്ന് പാലയൂർ പള്ളിയിൽ ദുക്റാന തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. ശേഷം അമലനഗർ പള്ളി നിർമ്മാണപ്രവർത്തനങ്ങൾ സന്ദർശിച്ചു. തുടർന്ന് മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ വജ്ര ജൂബിലിയോടനുബന്ധിച്ച് തൃശ്ശൂർ അതിരൂപത വൈദികർ നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ ആശീർവാദകർമ്മം മനക്കൊടിയിൽ നിർവഹിച്ചു. വൈകിട്ട് 6 മണിക്ക് തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ എക്യുമെനിക്കൽ കൂട്ടായ്മ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കോട്ടക്കാവ് ദൈവാലയത്തിൽ ദുക്റാന തിരുനാൾ വി.ബലിയർപ്പിച്ചു. അഭിവന്ദ്യ ചക്യാത്ത് പിതാവിന്റെ സഹോദരന്റെ നിര്യാണത്തിൽ അനുശോചനം അറിയിക്കാനും പ്രാർത്ഥിക്കാനും പോയിരുന്നു. വൈകിട്ട് ആർച്ച്ബിഷപ്പ്സ് ഹൗസിൽ പാസ്റ്ററൽ പോളിസി ഡ്രാഫ്റ്റിംഗ് മീറ്റിംഗിൽ പങ്കെടുത്തു.

4 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പി. ഒ. സി. യിൽ നടന്ന കെ. സി. ബി. സി. വിദ്യാഭ്യാസ സമിതിയുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് സ്ഥാപനഡയറക്ടർമാരുടെ യോഗത്തിൽ സംബന്ധിച്ചു. വൈകിട്ട് 2017 ബാച്ച് വൈദികരുമായി കൂടിക്കാഴ്ച നടത്തി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പഴുവിൽ ധ്യാനകേന്ദ്രത്തിൽ കൺവെൻഷനിൽ വി.ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് സെന്റ് തോമസ് കോളേജിൽ ശതാബ്ദി ആഘോഷ ങ്ങളിൽ പങ്കെടുത്തു. ശേഷം ആർച്ച്ബിഷപ്പ്സ് ഹൗസിൽ സ്ഥാപന ഡയറക്ടർമാരുടെ മീറ്റിംഗിൽ പങ്കെടുത്തു.

5 അഭിവന്ദ്യ പിതാക്കന്മാർ വൈദികസമ്മേളനത്തിൽ പങ്കെടുത്തു. വൈകിട്ട് സന്യസ്ത മേജർ സുപ്പീരിയർമാരുടെ യോഗത്തിലും പിതാക്കന്മാർ സംബന്ധിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു.

6 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പടവരാട് ആശാഭവൻ കോൺവെന്റിൽ വി. ബലിയർപ്പിച്ചു. ഉച്ചക്കുശേഷം തൃശ്ശൂർ അതിരൂപത കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസിയുടെ മെറിറ്റ് ഡേയിൽ പങ്കെടുത്തു. വൈകിട്ട് സാമ്പത്തികസമിതി യോഗത്തിൽ സംബന്ധിച്ചു.

7. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ 11 മണിക്ക് സെന്റ് തോമസ് കോളേജിൽ നടന്ന ക്രിസ്റ്റ്യൻ ചെയർ വാർഷിക യോഗം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ തിരൂർ കോൺവെന്റിൽ വി. ബലിയർ പ്പിച്ചു. തിരൂർ കാൽഡിയൻ സെമിനാരി സന്ദർശിച്ചു. ഉച്ചക്ക് എളനാട് മാർ ഇവാനിയോസ് പ്രഭാഷണം നടത്തി.

8 അഭിവന്ദ്യ താഴത്ത് പിതാവ് ചെമ്പുക്കാവ് ഇടവകയിൽ ഇടയ സന്ദർശനം നടത്തി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കാളത്തോട് ഇടവക ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് DBCLC- യിൽ ദൈവശാസ്ത്ര വിദ്യാർത്ഥിനികൾക്ക് ക്ലാസെടുത്തു. വൈകിട്ട് ഒല്ലൂർ ഫൊറോന പള്ളിയിൽ KCYM Award Day ആഘോഷത്തിൽ ഉദ്ഘാടകനായി.

9 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തിരുവില്ല്വാമല സെന്റ് പോൾ ഗുരുകുലം സെമിനാരിയിൽ വി. ബലിയർപ്പിച്ചു. ഉച്ചക്കു ശേഷം അഭിവന്ദ്യപിതാക്കന്മാർ സ്ഥാപന ഡയറക്ടർമാരുടെ യോഗത്തിൽ പങ്കെടുത്തു. വൈകിട്ട് ജൂബിലി മിഷൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാത സെമിനാരിയിൽ ക്ലാസെടുത്തു.

10 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ നെല്ലങ്കര ഇടവകയിൽ വി. ബലിയർപ്പിച്ചു. ഉച്ചക്കു ശേഷം PACTന്റെ ഒരുക്ക യോഗത്തിൽ സംബന്ധിച്ചു. വൈകിട്ട് 2016 ബാച്ച് വൈദികരുമായി കൂടിക്കാഴ്ച നടത്തി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പടവരാട് ഇടവക ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് ആർച്ച്ബിഷപ്പ്സ് ഹൗസിൽ PACT മീറ്റിംഗിൽ പങ്കെടുത്തു. കത്തോലിക്കസഭ എഡിറ്റോറിയൽ മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് മൂവാറ്റുപുഴ നെസ്റ്റിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് സ്റ്റാഫിന്റെ ധ്യാനത്തിൽ സന്ദേശം നൽകി.

11 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ 10 മുതൽ 2015 ബാച്ച് വൈദികരുമായി കൂടിക്കാഴ്ച നടത്തി. ഉച്ചകഴിഞ്ഞ് കത്തോലിക്കാസഭ പത്രത്തിന്റെ കോർ മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് 2014 ബാച്ച് വൈദികരുമായി കൂടികാഴ്ച നടത്തി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാത സെമിനാരിയിൽ ക്ലാസെടുത്തു.

12 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. ശേഷം കണ്ടശ്ശാംകടവ് ഫൊറോന മാസധ്യാനത്തിൽ സംബന്ധിച്ചു. വൈകിട്ട് PACT ഫൊറോന കൺവീ

നർമാരുടെ യോഗത്തിൽ സംബന്ധിച്ചു. ശേഷം തൃശ്ശൂർ ലൂർദ്ദ്, പുത്തൂർ ഫൊറോന മാസധ്യാനങ്ങളിൽ പങ്കുചേർന്നു. ഉച്ചക്കുശേഷം സ്ഥാപനഡയറക്ടർമാരുടെ യോഗത്തിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാത സെമിനാരിയിൽ ക്ലാസെടുത്തു.

13 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് മേരിമാത സെമിനാരിയിൽ സംഘടിപ്പിച്ച സിംപോസിയത്തിൽ സംബന്ധിച്ചു.

14 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഡിഗ്രി പഠിക്കുന്ന സെമിനാരി വിദ്യാർത്ഥികൾക്കായി തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. ശേഷം ഡി. ബി. സി. എൽ. സി. യിൽ കെ. സി. എസ്. എൽ. സംസ്ഥാനതല ലീഡേഴ്സിന്റെ യോഗത്തിൽ സന്ദേശം നൽകി. രാവിലെ 10 മണിക്ക് മാർത്ത് മറിയം കൽദായ പള്ളിയിൽ നടന്ന കേരള ചരിത്ര കോൺഗ്രസ്സ് ഉദ്ഘാടനം ചെയ്തു. തുടർന്ന് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ സംരഭക പരിശീലന അവാർഡ് വിതരണം ചെയ്തു. ഉച്ചക്കുശേഷം ഇടവക പി. ആർ. ഒ. മാരുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു. ശേഷം കാത്തലിക് കോൺഗ്രസ്സ് അംഗത്വ കാമ്പയിന്റെ തൃശ്ശൂർ സോൺ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് മേരിമാത സെമിനാരിയിൽ സംഘടിപ്പിച്ച സിംപോസിയത്തിൽ സംബന്ധിച്ചു.

15 അഭിവന്ദ്യ താഴത്ത് പിതാവ് സ്നേഹപുരം ഇടവകയിൽ ഇടയസന്ദർശനം നടത്തി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വലപ്പാട് ദൈവാലയത്തിൽ ഊട്ട് തിരുനാൾ വി. ബലിയർപ്പിച്ചു. പാലയൂർ ഫൊറോന ദൈവാലയത്തിൽ തർപ്പണ തിരുനാൾ വി. ബലിയർപ്പിച്ചു. ഉച്ചക്ക് DBCLC-യിൽ പ്രതിഭാ സംഗമത്തിലെ കുട്ടികളെ കണ്ടു സംസാരിച്ചു. വൈകിട്ട് പാലക്കൽ ദൈവാലയത്തിൽ യൂത്ത് അസംബ്ലിയോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

16 അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ ജില്ലാ സഹകരണ ആശുപത്രിയുടെ NABH അംഗീകാരത്തിന്റെ പൊതുപ്രഖ്യാപന യോഗത്തിൽ പങ്കെടുത്തു. കർമ്മലീത്ത സന്യാസസമൂഹങ്ങളുടെ പ്രധാന ഭവനങ്ങൾ സന്ദർശിച്ച് കർമ്മലമാതാവിന്റെ തിരുനാൾ ആശംസകൾ നൽകി. ശേഷം ബൊൻ നത്താലെക്ക് ഒരുക്കമായുള്ള കൊച്ചച്ചന്മാരുടെ യോഗത്തിൽ പങ്കെടുത്തു. ഉച്ചക്കുശേഷം കൂർക്കഞ്ചേരിയിൽ

ബഹു. സി. ഫെബ്രോണിയ സി. എസ്. സി. യുടെ മൃതസംസ്കാരശുശ്രൂഷകളിൽ കാർമ്മികത്വം വഹിച്ചു. വൈകിട്ട് 7 ബാച്ചുകളായി നടന്ന വൈദികരുടെ തുടർപരിശീലന പരിപാടി ഡി. ബി. സി. എൽ. സി. യിൽ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ CMC പ്രൊവിൻഷ്യൽ ഹൗസിൽ കർമ്മലീത്ത തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് DBCLC യിൽ വൈദികരുടെ തുടർപരിശീലന പരിപാടിയിൽ ക്ലാസ്സ് എടുത്തു.

17. അഭിവന്ദ്യ ടോണി പിതാവ് DBCLC യിൽ വൈദികരുടെ തുടർപരിശീലന പരിപാടിയിൽ ക്ലാസ്സ് എടുത്തു.

18 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ചിയ്യാരം പള്ളിയിൽ വി. ബലിയർപ്പിച്ചു. ശേഷം സൗത്ത് ഇന്ത്യൻ ബാങ്ക് ഈസ്റ്റ് ഫോർട്ട് ശാഖയുടെ നവീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. വൈകിട്ട് ആലുവ സെമിനാരി കമ്മീഷൻ യോഗത്തിനായി പോയി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കൊഴുക്കുള്ളി ഇടവക ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. മേരിമാത സെമിനാരിയിൽ ക്ലാസെടുത്തു. വൈകിട്ട് ആർച്ച്ബിഷപ്പ്സ് ഹൗസിൽ AKCC മീറ്റിംഗിൽ സംബന്ധിച്ചു.

19 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് മഴക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന കാഞ്ഞാണി, മണലൂർ കിഴക്ക്, വാടാനപ്പിള്ളി, അരിമ്പൂർ എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് സോഷ്യൽ വെൽഫെയറിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സഹായങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. വൈകിട്ട് പടിഞ്ഞാറേകോട്ട സെന്റ് ആൻസ് പള്ളിയിലെ ബൈബിൾ കൺവെൻഷനിൽ സമാപനസന്ദേശം നൽകുകയും ചെയ്തു. രാവിലെ 10 മണിക്ക് അഭിവന്ദ്യപിതാക്കന്മാർ തൃശ്ശൂർ അതിരൂപത ആലോചന സമിതി യോഗത്തിൽ സംബന്ധിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ആർച്ച്ബിഷപ്പ്സ് ഹൗസിൽ PACT മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് കാഞ്ഞാണിയിൽ മഴക്കെടുതി ദുരിതാശ്വാസക്യാംപുകളിൽ സന്ദർശനം നടത്തി.

20 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അളഗപ്പനഗർ സ്പിരിച്വൽ ആനിമേഷൻ സെന്ററിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് ഐ. ടി. സെൽ യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഭരണങ്ങാനം വി. അൽഫോൻസമ്മയുടെ തീർത്ഥകേന്ദ്രത്തിൽ വി.

ബലിയർപ്പിച്ചു. വൈകിട്ട് ആർച്ച്ബിഷപ്പ്സ് ഹൗസിൽ IT CELL മീറ്റിംഗിൽ സംബന്ധിച്ചു.

21 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ചിറക്കൽ ഇടവകയിൽ വി. ബലിയർപ്പിച്ചു. ചിറക്കൽ, വലപ്പാട് എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് സഹായങ്ങൾ വിതരണം ചെയ്തു. ശേഷം സെന്റ് തോമസ് കോളേജിൽ നടന്ന Convocation Day ആഘോഷങ്ങളിൽ അധ്യക്ഷത വഹിച്ചു. 12 മണിക്ക് കരുണ ട്രസ്റ്റ് വാർഷികാഘോഷത്തിൽ സന്ദേശം നൽകി. ഉച്ചക്കുശേഷം സി. റിൻസി എഫ്. സി. സി. യുടെ മൃതസംസ്കാര ശുശ്രൂഷകളിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. ശേഷം ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ Convocation Day അധ്യക്ഷത വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പുത്തൻപീടിക ഇടവക ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു, മഴക്കെടുതി ദുരിതാശ്വാസ ക്യാംപുകളിൽ സന്ദർശനം നടത്തി. സെന്റ് തോമസ് കോളേജിൽ കോൺവൊക്കേഷൻ ചടങ്ങിൽ മാനേജർ സ്ഥാനം അലങ്കരിച്ചു. ഉച്ചക്ക് DBCLC- യിൽ കരുണ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

22 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ എരനെല്ലൂർ ഇടവകയിൽ വി. ബലിയർപ്പിച്ചു. കൈപറമ്പ് പള്ളി സന്ദർശിച്ചു. എളവള്ളി, പാവറട്ടി പഞ്ചായത്തുകളുടെ റീജണൽ പാലിയേറ്റീവ് കെയർ സെന്റർ ചിറ്റാട്ടുകരയിൽ ഉദ്ഘാടനം ചെയ്തു. വൈകിട്ട് മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ നടന്ന പതിമൂന്നാമത് അന്തർദ്ദേശീയ യുവജന കോൺഫ്രൻസിൽ സന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പുലക്കാട്ടുക്കര ഇടവക ദൈവാലയത്തിൽ ബഹു. ജോസ് നന്തിക്കര CMI അച്ചന്റെ സിൽവർ ജൂബിലി വി. ബലിയർപ്പിച്ചു. ഉച്ചക്ക് ഒല്ലൂക്കര ഇടവകയിൽ യൂത്ത് കൺവെഷനിൽ യുവജനങ്ങളുമായി സംവദിച്ചു. ഉച്ചക്ക് DBCLC-യിൽ പ്രതിഭാസംഗമത്തിലെ കുട്ടികളെ കണ്ടു സംസാരിച്ചു. ഉച്ചക്കഴിഞ്ഞ് അയ്യന്തോളിൽ സെന്റ് തോമസ് കോളേജ് പ്രൊഫസറായിരുന്ന വി. ഡി. ജോണി സാറിന്റെ മൃതസംസ്ക്കാര ശുശ്രൂഷ കൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് ക്രിസ്റ്റീന ഹോമിൽ ഹോം ഡേയിൽ പങ്കെടുത്തു.

23 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വടൂക്കര പള്ളിയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് സംഘടനാ ഡയറക്ടർമാരുടെയും ഭാരവാഹികളുടെയും സംയുക്ത യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ലൂർദ്ദ് കത്തീഡ്രൽ ദൈവാല

യത്തിൽ വി. ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് ആർച്ച്ബിഷപ്പ്സ് ഹൗസിൽ PAROC മീറ്റിംഗിൽ പങ്കെടുത്തു.

24 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പൂച്ചിന്നിപ്പാടം പള്ളിയിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് ഉച്ചക്കഴിഞ്ഞ് ആർച്ച്ബിഷപ്പ്സ് ഹൗസിൽ Media Ministry മീറ്റിംഗിൽ പങ്കെടുത്തു.

25 അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാളാഘോഷങ്ങളിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിനെ നാമഹേതുക തിരുനാൾ ആശംസകൾ നേരുവാൻ പോയി. മേരിമാത സെമിനാരിയിൽ ക്ലാസെടുത്തു. ഉച്ചക്കഴിഞ്ഞ് ആർച്ച്ബിഷപ്പ്സ് ഹൗസിൽ PRO എക്സിക്യൂട്ടീവ് മീറ്റിംഗിലും PAROC മീറ്റിംഗിലും പങ്കെടുത്തു.

26 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കോനിക്കര പള്ളിയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് ഇരിഞ്ഞാലക്കുട സഹൃദയ കോളേജിൽ നടന്ന പ്രോവിൻസ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പീച്ചിയിൽ SSJW കോൺവെന്റിൽ വി. ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് ചൂണ്ടൽ മരീന ഹോമിൽ ബഹു. സിസ്റ്റർ മോഡെസ്റ്റയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

27 അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് ജൂബിലി മിഷൻ ആശുപത്രിയിൽ ഡോക്ടേഴ്സ് ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു. ശേഷം LOAFന്റെ ജാഗരണ പ്രാർത്ഥനയിൽ സമാപനസന്ദേശം നൽകി. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് സെന്റ് തോമസ് കോളേജ് മാനേജ്മെന്റ് മീറ്റിംഗിൽ പങ്കെടുത്തു. മാന്ദാമംഗലം ദൈവാലയത്തിൽ തിരുനാൾ കൊടിക്കയറ്റം നടത്തി വി. ബലിയർപ്പിച്ചു.

28 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ അരണാട്ടുകര ഹോളി ട്രിനിറ്റി ആശ്രമത്തിൽ 2 ബ്രദേഴ്സിന് ഡീക്കൻപട്ടം നൽകി. ശേഷം മേരിമാത മേജർ സെമിനാരിയിലെ ഉപകാരികളുടെ യോഗത്തിൽ സന്ദേശം നൽകി. ഉച്ചക്കുശേഷം തൃശ്ശൂർ സെന്റ് തോമസ് കോളേജ് മെഡ്ലിക്കോട്ട് ഹാളിൽ നടത്തിയ അതിരൂപത മാധ്യമദിനാഘോഷങ്ങളിൽ അധ്യക്ഷത വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാത സെമിനാരിയിൽ ബെനഫാക്ടഴ്സ് മീറ്റിൽ പങ്കെടുത്ത് വി.ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് സെന്റ് തോമസ്

കോളേജ് മെഡ്ലിക്കോട്ട് ഹാളിൽ അതിരൂപത മാധ്യമ അവാർഡ് ദിന ചടങ്ങിൽ പങ്കെടുത്ത് സംസാരിച്ചു. വൈകിട്ട് പുല്ലഴി സെന്റ് ജോസഫ് മെന്റൽ ഹെൽത്ത് കെയർ സ്ഥാപനത്തിലെ വി. അൽഫോൻസയുടെ തിരുനാളാഘോഷത്തിൽ പങ്കെടുത്തു.

29 അഭിവന്ദ്യ താഴത്ത് പിതാവ് പങ്ങാരപ്പിള്ളി ഇടവകയിൽ ഇടയസന്ദർശനം നടത്തി. വൈകിട്ട് തോണൂർക്കര കുരിശുപള്ളി സന്ദർശിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വരാക്കര സൗത്ത് ദൈവാലയത്തിൽ ഊട്ട് തിരുനാൾ വി.ബലിയർപ്പിച്ചു. ഉച്ചക്കഴിഞ്ഞ് പാലയൂരിൽ CLC ലയോള ദിനാചരണത്തിൽ അദ്ധ്യക്ഷത വഹിച്ചു. വൈകിട്ട് മർത്താ പ്രൊവിൻഷ്യൽ ഹൗസിൽ സെന്റ് മർത്താ തിരുനാൾ വി. ബലിയർപ്പിച്ചു.

30 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഫൊറോന PACT കൺവീനർമാരുടെ യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ആർച്ച് ബിഷപ്പ്സ് ഹൗസിൽ PACT ഫൊറാന കൺവീനർമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചക്കഴിഞ്ഞ് പടവരാട് കോൺവെന്റിൽ ബഹു. സിസ്റ്റർ ബെനിൻജയുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്ത് കാർമ്മികത്വം വഹിച്ചു. വൈകിട്ട് മുളയത്ത് സെന്റ് പയസ്സ് കോൺവെന്റിൽ സെന്റ് മർത്താ തിരുനാൾ വി. ബലിയർപ്പിച്ചു.

31 അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടന്ന കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ വിദ്യാഭ്യാസസമ്മേളനവും അവാർഡ് ദാന ചടങ്ങിലും സംബന്ധിച്ചു. ശേഷം ന്യൂനപക്ഷാവകാശങ്ങൾ നിഷേധിക്കുന്ന കെ. ഇ. ആർ. ഭേദഗതികൾക്കെതിരെ ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ തൃശ്ശൂർ കോർപ്പറേഷന് മുന്നിൽ നടത്തിയ പ്രതിഷേധ യോഗത്തിൽ സംസാരിച്ചു. തുടർന്ന് കെ. സി. വൈ. എം. ന്റെ നേതൃത്വത്തിൽ യുവജനവർഷ ലോഗോ അനാവരണം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് പൊതുജനങ്ങളെ കാണുന്നതിനായി ഈ ദിവസം മാറ്റിവച്ചു.



## നാമകരണനടപടികൾ

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

ആഗസ്റ്റ് മാസത്തിലെ മാസാദ്യവെള്ളിയാഴ്ച്ചയിലെ തിരുകർമ്മങ്ങൾക്ക് കണ്ണാറ പള്ളി വികാരി റവ. ഫാ. ഫ്രാൻസീസ് തലക്കോട്ടൂർ നേതൃത്വം നൽകി. എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്ക് എല്ലാം ചെയ്യാൻ കഴിയും (ഫിലി 4/13) എന്ന വചനമാണ് ദൈവദാസൻ തച്ചുപറമ്പിലച്ചന് ജീവിതത്തിലുടനീളം ശക്തി പകർന്നത്. എന്നും ദൈവത്തെ സ്നേഹിക്കുന്നവരുടെ ജീവിതത്തിൽ കാറ്റും കോളുമാകുന്ന ജീവിതാനുഭവങ്ങൾ ഉണ്ടായാലും അതിലെല്ലാം കർത്താവിന്റെ കരം ദർശിക്കാൻ കഴിയുമെന്നും അച്ചന്റെ പ്രസംഗത്തിൽ അച്ചൻ എടുത്തു പറഞ്ഞു.പിറുപിറുപ്പ് കൂടാതെ ദൈവഹിതത്തിന് അടിയറവച്ച് വിശ്വാസത്തോടെ പ്രത്യാശയോടെ നമുക്കും മുന്നേറാം. അനുദിനജീവിതത്തിലെ സഹനങ്ങൾ ദൈവകൃപയിൽ ആശ്രയിച്ച് സന്തോഷത്തോടെ ക്രിസ്തുവിന്റെ പീഢാനുഭവത്തോട് ചേർത്ത് നമുക്കും സ്വീകരിക്കാം. ദൈവം നമുക്ക് അതിനുള്ള ശക്തി തരും. ആരാധന, നൊവേന പ്രാർത്ഥനകൾ, രോഗീശുശ്രൂഷ, കുട്ടികൾക്കുള്ള ആശീർവാദം, ഒപ്പീസ് എന്നിവക്ക് ശേഷം ഊട്ട് സദ്യയും ഉണ്ടായിരുന്നു. അനേകം വിശ്വാസികൾ അതിൽ പങ്കുകൊണ്ട് അനുഗ്രഹം നേടി.



## നാമകരണനടപടികൾ

# ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

**രണ്ടാം ശനി ആചരണം**

രാവിലെ 9.00 ന് സി.എസ്.സി മരിയഭവൻ ജനറലേറ്റ് അംഗങ്ങൾ കാൽവരി ആശ്രമത്തിലെ കപ്പുച്ചിൻ റവ.ഫാ.ആന്റണി വടക്കനോടൊപ്പം ആരാധനയ്ക്ക് നേതൃത്വം നൽകി. 10.30 മണിക്ക് തൃശ്ശൂർ അതിരൂപതാ വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ അനുസ്മരണബലി, സന്ദേശം, കബറിടത്തിൽ ഒപ്പീസ്, മദ്ധ്യസ്ഥപ്രാർത്ഥന, ഊട്ട് വെഞ്ചിരിപ്പ് എന്നിവയ്ക്ക് കാർമ്മികത്വം വഹിച്ചു. അനുഗ്രഹം ലഭിച്ചവരുടെയും, അനുഗ്രഹത്തിനുവേണ്ടിയും അപേക്ഷകൾ സമർപ്പിച്ച് വികാരി റവ.ഫാ. അനീഷ് നെല്ലിക്കൽ പ്രാർത്ഥിച്ചു.

തളർവാതരോഗിയെ പരാമർശിക്കുന്ന സുവിശേഷഭാഗം വ്യാഖ്യാനിച്ചു കൊണ്ട് മോൺ. ജോർജ്ജ് കോമ്പാറ സന്ദേശം നൽകി. യേശുവിന്റെ മനോഭാവവും യേശുവിന്റെ പക്കൽ തളർവാതരോഗിയെ കൊണ്ടുവന്നവരുടെ മനോഭാവവും ഊക്കനച്ചനുണ്ടായിരുന്നു. ഈ കാലഘട്ടത്തിൽ സഭയ്ക്കെതിരെ, വിശ്വാസത്തിനെതിരെ നടന്നുകൊണ്ടിരിക്കുന്ന എല്ലാ കാര്യങ്ങളിലും നമുക്ക് മാതൃകയാകേണ്ട വ്യക്തിയാണ് ഊക്കനച്ചൻ. ക്രിസ്തു എല്ലാവരിലും രൂപപ്പെടാൻ പ്രവർത്തിച്ച വ്യക്തി, അതിനായി നിരവധി ത്യാഗങ്ങൾ അനുഷ്ഠിച്ചു. ജനഹൃദയങ്ങളിൽ ക്രിസ്തുസാന്നിദ്ധ്യം നിറച്ചു. അടിയുറച്ച ആധ്യാത്മികത, പക്വമായ ജീവിതശൈലി, പാവങ്ങളോട് അനുകമ്പ കാണിക്കുന്ന ഹൃദയം തുടങ്ങിയ നിരവധി ഗുണങ്ങൾ അദ്ദേഹത്തിന് കൈമുതലായിരുന്നു. എല്ലാ പുരോഹിതരേയും ആധ്യാത്മിക പിതാക്കന്മാരെയും ആദരിക്കുവാനും സഭയെ സ്നേഹിക്കുവാനും ഊക്കനച്ചൻ നമ്മെ പഠിപ്പിക്കുന്നു. ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ മാധ്യസ്ഥം നമുക്ക് തേടാം.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

# സാമ്പത്തിക കാര്യാലയം



**1. ഇടവകകളുടെ തെരട്ട് സമർപ്പിക്കൽ**

ഇടവകകളുടെ തെരട്ട് സമർപ്പിക്കുന്നതിന് നിശ്ചയിക്കപ്പെട്ട സമയത്ത് വരാതിരുന്ന ഇടവകകൾ എത്രയും വേഗം തെരട്ട് സമർപ്പിക്കേണ്ട കാര്യം ഓർമ്മപ്പെടുത്തുന്നു

**2. സ്ഥാപനങ്ങളുടെ തെരട്ട് സമർപ്പിക്കൽ**

സെപ്തംബർ 17–ാം തിയതി മുതലാണ് സ്ഥാപനങ്ങൾ/സംഘടനകൾ/ പ്രസ്ഥാനങ്ങൾ തെരട്ട് കൊണ്ടുവരേണ്ടത് . കൊണ്ടുവരേണ്ട തിയതികൾ ആഗസ്റ്റ് മാസത്തെ ബുള്ളറ്റിനിൽ പേജ്48 ൽ കൊടുത്തിട്ടുണ്ട്, കൃത്യസമയത്ത് കൊണ്ടുവരുമല്ലോ.

**3. ആദായ നികുതി റിട്ടേണുകൾ**

പുതുക്കിയ ആദായ നികുതി നിർദ്ദേശങ്ങൾ അനുസരിച്ച് ഈ സാമ്പത്തിക വർഷത്തെ (2017–2018) ആദായ നികുതി റിട്ടേണുകൾ 2018 സെപ്റ്റംബർ 30ന് ഉള്ളിൽ ഫയൽ ചെയ്യേണ്ടതാണ്. ഈ കാര്യം എല്ലാ ഇടവകകളും സ്ഥാപനങ്ങളും ഓർത്ത് ചെയ്യുമല്ലോ.

**4. അതിരൂപത സഹായ ഫണ്ട്**

| | | | |
|---|---|---|---|
| 1. വിദ്യാഭ്യാസം | 1000 | 2. ഭവന നിർമ്മാണം | 1000 |
| 3. വിവാഹം | 55000 | 4. ചികിൽസ | 39500 |

**5. ഫാ.സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

| | | | |
|---|---|---|---|
| 1. ഭവന നിർമ്മാണം | 15000 | 2. ചികിൽസ | 15000 |
| 3. വിദ്യാഭ്യാസം | 10000 | | |

**6. കാരുണ്യാ ട്രസ്റ്റ്**

| | | | |
|---|---|---|---|
| 1. ഭവന നിർമ്മാണം | 4500 | 2. ചികിൽസ | 15000 |
| 3. വിവാഹം | 15000 | | |

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

**ഫാ.ഡിറ്റോ കൂള**
അസി.ഫൈനാൻസ് ഓഫീസർ




# വൈദികർ

## ജന്മദിനങ്ങൾ

ഫാ. ആന്റോ എടക്കുളത്തൂർ 02
ഫാ. ജോയ് ചിറ്റിലപ്പിള്ളി സീനിയർ 02
ഫാ. ആന്റണി തോട്ടാൻ 05
ഫാ. ക്ലമന്റ് വാഴപറമ്പിൽ 06
ഫാ. ജെറിൻ അരിമ്പൂർ 06
ഫാ. ജിയോ തരകൻ 07
ഫാ. ആന്റണി കണ്ണമ്പുഴ 08
ഫാ. രാജു കൊക്കൻ 08
ഫാ. ടെറിൻ മുള്ളക്കര 08
ഫാ. ഡെമിൻ തറയിൽ 08
ഫാ. പോളി നീലങ്കാവിൽ 08
ഫാ. ഫ്രാൻസിസ് എടക്കളത്തൂർ 10
ഫാ. ഡേവിസ് ചിറമ്മൽ സീനയർ 10
ഫാ. ഡേവിസ് ചെറയത്ത് ജൂനിയർ 10
ഫാ. ഏബിൾ ദേവസ്സി ചിറമ്മൽ 13
ഫാ. ബിജോ ജോസ് ചാലിശ്ശേരി 15
ഫാ. ജോൺ പോൾ തൈക്കാടൻ 18
ഫാ. ജിയോ കടവി 20
ഫാ. ആന്റണി ആലുക്ക 21
ഫാ. ആന്റോസ് എലുവത്തിങ്കൽ 22
ഫാ. ബെസ്റ്റിൻ കാക്കശ്ശേരി 22
ഫാ. ഫ്രാങ്കോ പുത്തിരി 27
ഫാ. വർഗ്ഗീസ് എടക്കളത്തൂർ 27
ഫാ. റാഫേൽ വടക്കൻ 29

## നാമഹേതുകതിരുനാൾ

ഫാ. നൈസൻ ഏലന്താനത്ത് 21
ഫാ. മാത്യു ചാക്കേരി 21
ഫാ. സുനിൽ ചിരിയങ്കണ്ടത്ത് 21
ഫാ. ലിജോ ചിറ്റിലപ്പിള്ളി 21
ഫാ. മാത്യു കുറ്റിക്കോട്ടയിൽ 21
ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ 21
ഫാ. മാത്യു പേരാമംഗലത്ത് 21
ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ 21
ഫാ. മാത്യു വെട്ടത്ത് 21
ഫാ. വിൻസെന്റ് ചെറുവത്തൂർ 27
ഫാ. വിൻസെന്റ് ചിറ്റിലപ്പിള്ളി 27
ഫാ. വിൻസെന്റ് കണിമംഗലത്തുക്കാരൻ 27
ഫാ. വിൽസൺ കണ്ണനായ്ക്കൽ 27
ഫാ. വിൻസെന്റ് കുണ്ടുകുളം 27
ഫാ. റാഫേൽ ആക്കാമറ്റത്തിൽ 29
ഫാ. ജോൺ ചിറ്റിലപ്പിള്ളി 29

| | | | |
|---|---|---|---|
| ഫാ. റാഫേൽ ചിറ്റിലപ്പിള്ളി | 29 | ഫാ. റാഫേൽ പുല്ലോക്കാരൻ | 29 |
| ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ | 29 | ഫാ. റാഫേൽ താണിശ്ശേരി | 29 |
| ഫാ. ജോയ് മൂക്കൻ | 29 | ഫാ. ലിന്റോ തട്ടിൽ | 29 |
| ഫാ. സിജോ മുരിങ്ങാത്തേരി | 29 | ഫാ. റാഫി തട്ടിൽ | 29 |
| ഫാ. റാഫേൽ മുത്തുപീടിക | 29 | ഫാ. സോളി തട്ടിൽ | 29 |
| ഫാ. ചെറിയാൻ പാറക്കൽ | 29 | ഫാ. റാഫേൽ വടക്കൻ | 29 |
| ഫാ. റെനാൾഡ് പുലിക്കോടൻ | 29 | ഫാ. ഫ്രജോ വാഴപ്പിള്ളി | 29 |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ജോൺ മാളിയേക്കൽ വെള്ളാനിക്കാരൻ | 18–09–1915 |
| ഫാ. ദേവസ്സി ചിറമ്മൽ | 00–09–1938 |
| ഫാ. ജേക്കബ് അറയ്ക്കൽ സീനിയർ | 14–09–1946 |
| ഫാ. പോൾ വാഴപ്പിള്ളി | 17–09–1952 |
| ഫാ. സെബാസ്റ്റ്യൻ ബ്രഹ്മകുളം | 03–09–1960 |
| ഫാ. ആന്റണി കൊടിയൻ | 04–09–1960 |
| ഫാ. തോമസ് അടമ്പുകുളം | 14–09–1962 |
| ഫാ. ആന്റണി മാളിയേക്കൽ | 28–09–1968 |
| ഫാ. ജോസഫ് മഞ്ഞളി | 01–09–1969 |
| ഫാ. ജോൺ ചിറയത്ത് | 19–09–1970 |
| ഫാ. അബ്രഹാം മാമ്പിള്ളി | 02–09–1972 |
| ഫാ. ജോൺ പ്ലാശ്ശേരി | 11–09–1973 |
| ഫാ. ജേക്കബ് ചെമ്മണ്ണൂർ | 20–09–1977 |
| ഫാ. ജോൺ മാളിയേക്കൽ | 30–09–1978 |
| ഫാ. ജോൺ ചിറമ്മൽ | 06–09–1990 |
| ഫാ. ജോർജ്ജ് കൂനൻ | 09–09–1996 |
| ഫാ. അഗസ്റ്റിൻ തട്ടിൽ | 25–09–1996 |
| മോൺ. ആന്റണി മാളിയേക്കൽ | 03–09–2001 |
| ഫാ. ആന്റണി തോട്ടാൻ സീനിയർ | 29–09–2001 |
| ഫാ. ജോസഫ് മാളിയേക്കൽ | 11–09–2009 |
| ഫാ. ജേക്കബ് ഐനിക്കൽ | 19–09–2010 |
| ഫാ. അഗസ്റ്റിൻ അക്കര | 15–09–2012 |



## സന്യസ്തർ

**സി.എം.സി.**

സെന്റ് വിൻസെന്റ് ഡിപോൾ ഹോസ്പിറ്റലിൽ വെച്ച് ജൂലൈ ഒന്നിനു നടന്ന ഹോസ്പിറ്റൽ സിസ്റ്റേഴ്സ് gatheringൽ Fr.Sinto Nagini CMI മുഖ്യപ്രഭാഷണം നടത്തി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജ അദ്ധ്യക്ഷപദം വഹിക്കുകയും ആതുരശുശ്രൂഷ രംഗത്ത് പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിൽ വിവിധ മേഖലയിൽ മുന്നിട്ടു നിൽക്കുന്നവരെ ആദരിക്കുകയും ചെയ്തു.

സി.എം.സി. മാനേജ്മെന്റിന്റെ കീഴിൽ ജോലിചെയ്യുന്ന ടീച്ചേഴ്സിനുവേണ്ടിയുള്ള Seminar & Merit Day കുരിയച്ചിറ സെന്റ് പോൾസ് ഓഡിറ്റോറിയത്തിൽ നടത്തി ജൂലൈ 14നു നടത്തി. Fr.Daei Kunnath MSTക്ലാസുകൾ നയിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർസി.അനിജ മികച്ച വിദ്യാലയങ്ങളെയും അദ്ധ്യാപകരെയും ആദരിച്ചു.

ജൂലൈ 16നു പരി. കർമ്മല മാതാവിന്റെ തിരുന്നാളിൽ കോലഴി പ്രൊവിൻഷ്യൽഹൗസിൽ മാർ ടോണി നീലങ്കാവിൽ പിതാവ് ദിവ്യബലി അർപ്പിച്ച് തിരുവചന സന്ദേശം നല്കി.

ജൂലൈ 28നു കടൽ ക്ഷോഭം മൂലം വേദനിക്കുന്ന ജനങ്ങളെ സഹായിക്കുന്നതിനായി പ്രൊവിൻഷ്യൽ സുപ്പീരിയർ സി.അനിജയുടെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് വാടാനപ്പിള്ളി, ഗണേശമംഗലം ബീച്ചിനടുത്തുള്ള 65–ഓളം വീടുകൾ സന്ദർശിച്ച് അവർക്ക് ആവശ്യമായ ഭക്ഷണ സാധനങ്ങളും നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്തു. അതുപോലെ 29നു കുട്ടനാട് ദുരിതാശ്വാസ ക്യാമ്പുകളിൽ സി.ഡോ.ജൂഡിറ്റിന്റെ നേതൃത്വത്തിൽ സിസ്റ്റേഴ്സ് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും അവർക്ക് ആവശ്യമായ ഭക്ഷണ സാധനങ്ങളും വസ്ത്രങ്ങളും നൽകുകയും ചെയ്തു.

**എഫ്. സി. സി.**

ഗുരുവായൂർ എൽ. എഫ്. കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് ജൂലൈ 14 രാവിലെ 9.30 മുതൽ 4 മണിവരെ നടത്തിയ

വിദ്യാഭ്യാസസെമിനാറിൽ തൃശൂർ അസ്സീസി പ്രോവിൻസിന്റെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും (Aided & Unaided നേഴ്സറി മുതൽ കോളേജ് ഉൾപ്പെടെ) സ്ഥാപനാധികാരികൾ, Teaching & Non Teaching Staff ( Sisters & Lay Staff ) സംബന്ധിച്ചു.

ജൂലൈ 22–ാം തീയതി ഞായറാഴ്ച രാവിലെ 10 മതൽ 12 വരെ ഡിറക്ടറി കമ്മിറ്റിയുടെ മീറ്റിംഗ് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്നു.

അൽഫോൻസ ഗാർഡൻ പ്രോവിൻസ്തല ഉദ്ഘാടനം ജൂലൈ 24 –ാം തീയതി തൃശൂർ സെന്റ് ക്ലെയേഴ്സ് ഹൈസ്കൂളിൽ വെച്ച് നടന്നു. അസ്സീസി പ്രോവിൻസിന്റെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും വിദ്യാർത്ഥി പ്രതിനിധികൾ സംബന്ധിച്ചു.

**സി.എച്ച്.എഫ്**

നവജ്യോതി പ്രോവിൻസിലെ അഞ്ച് നോവിസസ് ഒളരി ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽ ജൂലൈ 4നു അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന വി.ബലിയിൽ ആദ്യ വ്രതാർപ്പണം നടത്തുകയും സഭാവസ്ത്രം സ്വീകരിക്കുകയും ചെയ്തു.

ആത്മീയ ഉണർവിലേയ്ക്കും പ്രേഷിത തീക്ഷ്ണതയിലേക്കും സമൂഹാംഗങ്ങളെ വളർത്തുന്നതിന്റെ ഭാഗമായി ജൂലൈ 14നു സി.എച്ച്.എഫ് നവജ്യോതി പ്രോവിൻസിൽ മൂന്നു മാസത്തിലൊരിക്കലുള്ള ഏകദിന ധ്യാനത്തിൽ ഇരുന്നൂറ് സിസ്റേഴ്സ് പങ്കെടുത്തു.

ഹോളിഫാമിലികോൺഗ്രിഗേഷന്റെ സഹസ്ഥാകൻ ധന്യൻ ജോസഫ് വിതയ ത്തിലച്ചന്റെ ജ ദിനാഘോഷംകുഴിക്കാട്ടുശ്ശേരി മറിയം ത്രേസ്യകബറിട ദേവാലയത്തിൽ ജൂലൈ 23നു വിവിധ പരിപാടികളോടെ സമുചിതമായിആഘോഷിച്ചു.അന്നേ ദിവസത്തെ വി.ബലിക്കും നൊവേനയ്ക്കും അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് മുഖ്യ കാർമ്മികത്വം വഹിച്ചു.

**സി.എസ്.സി.**

സി.എസ്.സി Constitution Retreat പരിയാരം സി.എസ്.ആറിൽ 10/06/2018 മുതൽ 20/06/2018 വരെ നടന്നു. 26/07/2018 മുതൽ 31/07/2018 വരെ മുല്ലക്കര ആത്മദർശൻ കോൺവെന്റിൽ വെച്ച് GCPC Retreat നടന്നു. എല്ലാ സുപ്പീരിയേഴ്സും പങ്കെടുത്തു.

**സി.എസ്.എം**

വി.മർത്തായുടെയും വി.ബിയാട്രീസിന്റെ നാമധാരിയായ പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി.ബിയാട്രീസിന്റെ നാമഹേതുക തിരുന്നാൾ പ്രൊവിൻഷ്യൽ ഹൗസിൽ സമുചിതമായി ആഘോഷിച്ചു. തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ ദ്യവ്യബലി അർപ്പിച്ചു.

## ആദരാഞ്ജലികൾ



സി.എസ്.സി. ചേലക്കര ജീവോദയകോൺവെന്റ് ഭവനാംഗമായ ബ.സി. ഫെബ്രോണിയ ജൂലൈ 15നു നിര്യാതയായി. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കൂർക്കഞ്ചേരി മരിയപ്രൊവിൻഷ്യൽ ഹൗസിന്റെ മഠംകല്ലറയിൽ സംസ്കരിച്ചു.



സി.എം.സി. ചൂണ്ടൽ മരീന ഹോം ഭവനാംഗമായ സി. മോഡസ്റ്റ ജൂലൈ 25നു നിര്യാതയായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ചൂണ്ടൽ മരീന ഹോം മഠം വക കല്ലറയിൽ സംസ്ക്കരിച്ചു.

സി. നമിത റോസ് സി.എം.സി
സി.ആർ.ഐ സെക്രട്ടറി

# പാസ്റ്ററൽ കൗൺസിൽ

## 17–ാം പാസ്റ്ററൽ കൗൺസിൽ
## അഞ്ചാം യോഗം

## 2018 സെപ്തംബർ 8, ശനി, ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ

പാസ്റ്ററൽ കൗൺസിലിന്റെ അടുത്ത സാധാരണയോഗം 2018 സെപ്തംബർ 8, ശനി, ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് രാവിലെ 9:30 മുതൽ നടത്തുന്നു. എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

## ചർച്ചാവിഷയം :
## ‘ആനന്ദിച്ചാഹ്ലാദിക്കുവിൻ’

### ഫ്രാൻസിസ് മാർപാപ്പയുടെ അപ്പസ്തോലിക പ്രബോധനം

ചർച്ചവിഷയം സംബന്ധിച്ച ചോദ്യാവലി 2018 ആഗസ്റ്റ് മാസത്തെ അതിരൂപത ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്.

**ഫാ. മാത്യു കുറ്റിക്കോട്ടയിൽ**
ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ



# പാലയൂർ തീർഥകേന്ദ്രം

**1. സെപ്തംബറിലെ മുപ്പിട്ടുഞായർ തിരുനാൾ**

15,16 തീയ്യതികളിൽ 15–ാം തിയതി ഉച്ച കഴിഞ്ഞ് 5 മണിക്ക് ദണ്ഡവിമോചന നവീകരണ ശുശ്രൂഷ, തിരുസ്വരൂപം എഴുന്നള്ളിച്ചു വയ്ക്കൽ, വി.കുർബ്ബാന, മറ്റു തിരുകർമ്മങ്ങൾ. ഞായർ 6.30 മാ തിരുനാൾ കുർബ്ബാന, സന്ദേശം, പ്രദക്ഷിണം , തിരുശേഷിപ്പ് വണക്കം, നേർച്ച ഭക്ഷണം 10.30 am, 3.30 pm & 5.30 pm വി.കുർബ്ബാന, നൊവേന, തിരുശേഷിപ്പു വണക്കം, നേർച്ച

**2. തളിക്കുളത്തിൽ ആഘോഷമായ മാമോദീസ**

സെപ്തംബർ 16–ാം തീയതി മുപ്പിട്ടുഞായർ 3 മണിക്ക്. സെപ്തംബർ 6–ാം തിയതിക്കുമുമ്പ് പേരുകൾ രജിസ്റ്റർ ചെയ്യണം

**3. കുട്ടികൾക്ക് ആദ്യത്തെ ചോറൂണ്**

സെപ്തംബർ 16 –ാം തിയതി രാവിലെ 8 മണിക്ക്. സെപ്തംബർ 10ന് മുമ്പ് ബുക്ക് ചെയ്യണം.

**4. മാർതോമ ചൊവ്വാഴ്ച ആചരണം**

സെപ്തംബർ 4, 11, 18, 25 തീയ്യതികളിൽ രാവിലെ 9.45 am മുതൽ വചനപ്രഘോഷണം, വി.കുർബ്ബാന, നേർച്ച ഭക്ഷണം, ആരാധന, മദ്ധ്യസ്ഥപ്രാർത്ഥ, സാക്ഷ്യങ്ങൾ, കുമ്പസാരം, കൗൺസലിംഗ്, മാർതോമ നൊവേന, സമർപ്പണം, എന്നിവയോടു കൂടി 3.15 pmന് സമാപിക്കുന്നു.

**ഫാ. ജോസ് പുന്നോലിപറമ്പിൽ**
റെക്ടർ



# മതബോധനം

## കുട്ടികളുടെ കത്ത്

പ്രിയ കുട്ടികളെ ഓണാവധിയെല്ലാം കഴിഞ്ഞ് നിങ്ങൾ സന്തോഷത്തോടെ പഠനാന്തരീക്ഷത്തിലേക്ക് തിരിച്ചെത്തിയെന്ന് ഞാൻ വിശ്വസിക്കുന്നു. പരി. അമ്മയുടെ ജനനതിരുന്നാളിന് (സെപ്തംബർ 8) അടുത്ത് ഒരുങ്ങുന്ന അവസരത്തിൽ അമ്മയുടെ നല്ല മക്കളായി ജീവിക്കാൻ നമ്മുക്ക് പരിശ്രമിക്കാം. പരി. അമ്മ ഏറ്റവുമധികം ആഗ്രഹിക്കുന്നത് യേശുവിൽ നിന്ന് അകന്ന് പോയ എല്ലാ മക്കളും തിരിച്ചുവന്ന് യേശുവിനെ അനുഗമിക്കുക എന്നതാണ്. ഇന്ന് സഭ വളരെയേറെ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. പ്രതിസന്ധികളെ നേരിട്ട് വിജയിക്കാൻ സഭാമാതാവ് ആഹ്വാനം ചെയ്യുന്നത് ദൈവത്തിന്റെ എല്ലാ ആയുധങ്ങളും (എഫേ. 6: 13 –18) പ്രത്യേകിച്ച് പ്രാർത്ഥനയാകുന്ന ആയുധം ധരിക്കാനാണ്. പരി. അമ്മക്ക് ഏറ്റവും ഇഷ്ടപ്പെട്ട കുമ്പസാരമെന്ന കൂദാശയെക്കുറിച്ച് സംക്ഷിപ്തമായി പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. സഭാ ശത്രുകളും പിശാചും സഭാമാതാവിനെ തകർക്കാൻ ഇന്ന് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയ അനുരഞ്ജന കൂദാശയായ കുമ്പസാരത്തെ നശിപ്പിക്കുകയെന്നുള്ളതാണ്.

മനുഷ്യരക്ഷയ്ക്ക് വേണ്ടി യേശു സ്ഥാപിച്ച 7 കൂദാശകളിൽ ഒന്നാണ് കുമ്പസാരം. ദൈവത്തിൽ നിന്ന് അകന്ന് പാപം ചെയ്ത മനുഷ്യൻ തെറ്റ് തിരിച്ചറിഞ്ഞ് അവയെക്കുറിച്ച് പശ്ചാത്തപിച്ച്, മാനസാന്തപ്പെട്ട് ദൈവവുമായി വീണ്ടും അനുരഞ്ജനപ്പെട്ട് ദൈവീക കൃപക്ക് അർഹരാകുന്നതാണ് ഈ കൂദാശ. പാപം ചെയ്ത മനുഷ്യനെ രക്ഷിക്കാനാണ് യേശു ഭൂമിയിൽ അവതീർണനായി പാപപരിഹാരാർത്ഥം പീഢകൾ സഹിച്ച് ബലിചെയ്യപ്പെട്ട് ഉത്ഥാനം ചെയ്തത്. മനുഷ്യന്റെ പാപങ്ങൾ മോചിക്കാൻ യേശുവിനു അധികാരമുണ്ടെന്ന് തളർവാദരോഗിയെ സുഖപ്പെടുത്തിയ അവസര

ത്തിൽ അവിടുന്ന് വെളിപ്പെടുത്തി. യേശു പറയുന്നു ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കാൻ മനുഷ്യപുത്രന് അധികാരമുണ്ടെന്ന് നിങ്ങൾ അറിയേണ്ടതിന് (ലൂക്ക 5: 24) നീ എഴുന്നേറ്റ് നടക്കുക. ഈ അധികാരം യേശു ഇന്ന് സഭയിലൂടെ തുടരുന്നു. ശിഷ്യന്മാർക്ക് അധികാരം നല്കികൊണ്ട് യേശു പറഞ്ഞു. "നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ, അവ ക്ഷമിക്കപ്പെട്ടിരിക്കും" (യോഹ. 20:23). "നീ ഭൂമിയിൽ അഴിക്കുന്നതല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും" (മത്താ. 16: 19). ഇന്ന് ഈ കൂദാശ വൈദീകരാകുന്ന അഭിക്ഷിതരിലൂടെയാണ് പരികർമ്മം ചെയ്യപ്പെടുന്നത്. എന്നാൽ വൈദികരല്ല, വൈദികരാകുന്ന ഉപകരണത്തിലൂടെ യേശു തന്നെയാണ് പാപം മോചിക്കുന്നത്.

**നല്ല കുമ്പസാരത്തിനു വേണ്ട കാര്യങ്ങളും കുമ്പസാരത്തിന്റെ അടിസ്ഥാന ഘടകങ്ങളും**

കത്തോലിക സഭയുടെ സാർവത്രിക മതബോധന ഗ്രന്ഥത്തിൽ (CCC 1423-1424) കുമ്പസാരമെന്ന കൂദാശയിൽ അഞ്ച് പ്രക്രിയയുള്ളതാണെന്ന് പറയുന്നു.

1. **മാനസാന്തരത്തിന്റെ കൂദാശ** (Sacrament of Conversion)
   യേശു ഭൂമിയിൽ അവർതീർണനായത് ദൈവരാജ്യസ്ഥാപനത്തിനാണ് (മർക്കോ. 1:15). ദൈവരാജ്യം ഉണ്ടാകുന്നതിന് ആദ്യം വേണ്ടത് ദൈവത്തിൽ നിന്ന് അകന്ന മനുഷ്യൻ അനുതപിച്ച് അഥവാ മാനസാന്തരപ്പെട്ട് തെറ്റ് തിരിച്ചറിഞ്ഞ് സുബോധമുണ്ടായി (ലൂക്ക 15: 17). ദൈവത്തിലേക്ക് തിരിച്ചു പോകാനുള്ള തീരുമാനമെടുക്കലാണ് (ലൂക്ക 15:18). ഈ ധൂർത്ത് പുത്രന് ഉണ്ടായ മനസിന്റെ അന്തരംപോലെ പാപങ്ങൾ ക്രമമായി ഓർത്ത്, പശ്ചാത്തപിച്ച് നല്ല മനുഷ്യനാകാനുള്ള തീരുമാനമെടുക്കലാണ് കുമ്പസാരത്തിന്റെ ആദ്യപടി.
2. **പ്രാശ്ചിത്തത്തിന്റെ കൂദാശ (Sacrament of Penance)**
   പാപത്തെക്കുറിച്ച് പശ്ചാത്തപിക്കുന്ന ഒരു വ്യക്തിക്ക് ഉടനെയുണ്ടാകുന്ന ബോധ്യം തെറ്റിന് പ്രാശ്ചിത്തവും പരിഹാരവും ചെയ്യുന്നതാണ്. അത് ചീത്ത വഴിയിൽ നിന്ന് നല്ല വഴിയിലേക്കുള്ള തിരിച്ചു പോകലാണ്. മേലിൽ പാപം ചെയ്യില്ല എന്ന പ്രതിജ്ഞയെടുക്കലാണ്. തെറ്റ് ചെയ്തതിന് പരിഹാരമായി സത്പ്രവർത്തികൾ ചെയ്യലാണ്.
3. **ഏറ്റുപറച്ചലിന്റെ കൂദാശ (Sacrament of Confession)**
   "പിതാവേ സ്വർഗ്ഗത്തിനെതിരായും, നിന്റെ മുമ്പിലും ഞാൻ പാപം ചെയ്തുപോയി. നിന്റെ പുത്രൻ എന്ന് വിളിക്കപ്പെടാൻ ഞാൻ യോഗ്യനല്ല. നിന്റെ ദാസരിൽ ഒരുവനായി എന്നെ സ്വീകരിക്കണമേ" (ലൂക്ക 15: 18–19)

എന്ന് പറഞ്ഞ ധൂർത്ത് പുത്രനെ പോലെ, ചെയ്തു പോയ പാപങ്ങൾ ക്രമമായി ഓർത്ത് വൈദികന്റെ അടുത്ത് ഏറ്റുപറയുന്ന കൂദാശയാണത്.

4. **പാപമോചന കൂദാശ (Sacrament of Forgiveness)**
   വൈദികന്റെ അടുത്ത് പാപങ്ങൾ ഏറ്റു പറയുമ്പോൾ വൈദികൻ നല്കുന്ന കൂദാശപരമായ പാപമോചന ആശീർവാദത്തോടെ (യോഹ. 20:23), (മത്താ. 16: 19) യേശു പാപങ്ങൾ മോചിക്കുകയും സമാധാനം നല്കുകയും ചെയ്യും.

4. **അനുരഞ്ജന കൂദാശ (Sacrament of Reconciliation)**
   പാപമോചനം സ്വീകരിച്ച ഒരു വ്യക്തി ദൈവവുമായും സഭയുമായി അനുരഞ്ജനപ്പെടുന്നു. അതുകൊണ്ട് പാപമോചനം സ്വീകരിച്ചവർ അതിനാൽ തന്നെ സഹോദരങ്ങളുമായി അനുരഞ്ജനപ്പെടണം. മനുഷ്യന്റെ ആത്മീയവും ശാരീരികവും മാനസികവും സാമൂഹ്യപരവുമായ സമാധാനത്തിനും, സന്തോഷത്തിനും, കൂട്ടായ്മക്കും ഈ കൂദാശ ഏറ്റവും ഫലപ്രദമായ ഔഷധമാണ്. അതുകൊണ്ടാണ് ഈ കൂദാശയെ സഭയുടെ ഏറ്റവും പ്രധാനപ്പെട്ട വിശ്വാസ സത്യങ്ങളിൽ ഒന്നായി പഠിപ്പിക്കുന്നതും കൂദാശ സ്വീകരിക്കാൻ ഏവരോടും ആഹ്വാനം ചെയ്യുന്നതും.

കൂദാശകൾക്കെതിരെ ഇന്ന് ആരോപണങ്ങൾ ഉയരുമ്പോൾ നിങ്ങളുടെ കുഞ്ഞുമനസ്സിൽ യഥാർത്ഥത്തിൽ കുമ്പസാരം എന്താണ് എന്ന് തിരിച്ചറിവിന് സഹായിക്കാനാണ് ഞാൻ ഈ കത്ത് എഴുതിയത്. പത്രമാധ്യമങ്ങളിലും സാമൂഹ്യമാധ്യമങ്ങളിലും പ്രചരിക്കുന്ന തെറ്റായ വാർത്തകളെക്കാൾ, സഭ എന്താണ് കുമ്പസാരത്തെ കുറിച്ച് പഠിപ്പിക്കുന്നത് എന്ന് നിങ്ങളെ ഓർമ്മിപ്പിക്കുകയാണ് ഇവിടെ. ആദ്യകുർബാന സ്വീകരണം മുതൽ ഭക്തിയോടെ നിങ്ങൾ സ്വീകരിച്ച കുമ്പസാരത്തെ സ്നേഹിക്കാൻ പരിശുദ്ധ അമ്മേ സഹായിക്കണമേ എന്ന് പ്രാർത്ഥിക്കണം. പാപത്തെ വെറുത്ത് എന്നാൽ പാപികളെ സ്നേഹിച്ച് തന്നോട് ചേർക്കാൻ ആഗ്രഹിക്കുന്ന ഈശോ നിങ്ങളെയും നിങ്ങളുടെ നിഷ്കളങ്ക വിശ്വാസത്തെയും കാത്തുപരിപാലിക്കട്ടെ.

സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത
മെത്രാപ്പോലീത്ത

# മതബോധനവാർത്തകൾ

പരി. കന്യകാമാതാവിന്റെ ജനനത്തിരുനാളിന്റെ ആശംസകൾ. ദൈവേഷ്ടം മാത്രം തന്റെ ജീവിതത്തിൽ നിറവേറാൻ അനുവദിച്ച മറിയം യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ മാതൃകയും സ്ത്രീകളിൽ അനുഗൃഹീതയുമായി. ദൈവേഷ്ടം വിവേചിച്ചറിയാൻ പര്യാപ്തമാക്കുന്ന വിശ്വാസപരിശീലനത്തെ ആത്മാർത്ഥമായി ഉൾക്കൊള്ളാൻ ഏവർക്കും സാധിക്കട്ടെ. അടുത്തമാസം നടക്കുന്ന അർദ്ധവാർഷിക പരീക്ഷകളെ മുന്നിൽക്കണ്ട്, പഠനം അവസാന നിമിഷത്തേക്ക് നീട്ടിവയ്ക്കാതെ, നന്നായി പഠിച്ചുകൊണ്ട് പരീക്ഷകൾക്കുള്ള ഒരുക്കം വിദ്യാർത്ഥികൾ ആരംഭിക്കേണ്ട സമയമാണ്. അധ്യാപകരും മാതാപിതാക്കളും ഇക്കാര്യത്തിൽ അവരെ പ്രോത്സാഹിപ്പിക്കണം.

**1. ഹെഡ്മാസ്റ്റേഴ്സ് കോൺഫ്രൻസ്**

തിയ്യതി : സെപ്റ്റംബർ 30

ദിവസം : ൃ ഞായർ

സമയം : 02.30 PM

സ്ഥലം : മതബോധനകേന്ദ്രം, ഡി. ബി. സി. എൽ. സി., തൃശ്ശൂർ

എല്ലാ ഹെഡ്മാസ്റ്റർമാരേയും ക്ഷണിക്കുന്നു. എല്ലാവരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. പ്രാതിനിധ്യം ഇല്ലാതെ വരരുത് എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**2. ഞായർ വേദോപദേശം അർദ്ധവാർഷിക പരീക്ഷകൾ**

സമയം : **02.00 PM - 04.00 PM**

2018 ഒക്ടോബർ 7 : Stds. I, III, V, VII, IX, XI

2018 ഒക്ടോബർ 14 : Stds. II, IV, VI, VIII, X, XII, ACC

പരീക്ഷകളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ ഞായറാഴ്ച മതബോധന വാർഷിക പ്രോഗ്രാം പുസ്തകത്തിൽ നൽകിയിരിക്കുന്നത് കൃത്യമായും പാലിക്കേണ്ടതാണ്. മതാധ്യാപകർ ഓരോ ക്ലാസ്സിലെയും പാഠ്യപദ്ധതി (Syllabus) കുട്ടികൾക്ക് പറഞ്ഞുകൊടുക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്യേണ്ടതാണ്. മതബോധന യൂണിറ്റുകളിൽ നടക്കുന്ന എല്ലാ ക്ലാസ്സുകളിലെയും അർദ്ധവാർഷിക-വാർഷിക പരീക്ഷകൾക്ക് അതിരൂപതാ മതബോധനകേന്ദ്രത്തിൽ നിന്നും നല്കുന്ന ചോദ്യപേപ്പർ മാത്രമാണ് ഉപയോഗിക്കേണ്ടത്. അർദ്ധവാർഷിക പരീക്ഷകളുടെ ഉത്തരകടലാസ് പരിശോധന വികാരിയച്ചന്റെയും ഹെഡ്മാസ്റ്ററുടേയും നേതൃത്വത്തിൽ ഒരു നിശ്ചിത ദിവസം എല്ലാ അധ്യാപകരും ഒന്നുചേർന്ന് നടത്തേണ്ടതാണ്. അർദ്ധവാർഷിക ഉത്തരകടലാസുകളുടെ മൂല്യനിർണ്ണ

യത്തിനാവശ്യമായ ഉത്തരസൂചിക ഒക്ടോബർ 15–ന് ശേഷം മതബോധനകേന്ദ്രത്തിന്റെ ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നതാണ്. മതബോധന വിദ്യാർത്ഥികളുടെ അർദ്ധവാർഷിക പരീക്ഷാഫലം യൂണിറ്റുകളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്; മാർക്കുകളോടൊപ്പം പരീക്ഷാതിയ്യതി ഉൾപ്പെടെ വിദ്യാർത്ഥികൾക്ക് ലഭിച്ചിരിക്കുന്ന ഹാജരും പ്രസിദ്ധീകരിക്കേണ്ടതാണ്. അർദ്ധവാർഷിക പരീക്ഷയുടെ മാർക്കുകൾ സോഫ്റ്റ് വെയറിൽ ഒക്ടോബർ 30–നു മുമ്പ് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**3. സ്കൂൾ വേദോപദേശം & മോറൽ സയൻസ് അർദ്ധവാർഷിക പരീക്ഷകൾ**

| | | |
|---|---|---|
| തിയ്യതി | : | സെപ്റ്റംബർ 28 വെള്ളി |
| രാവിലെ | : | Stds. I, III, V, VII, IX, XI |
| ഉച്ചക്കുശേഷം | : | Stds. II, IV, VI, VIII, X, XII |

ചോദ്യപേപ്പർ പാക്കറ്റുകൾ സെപ്റ്റംബർ 24–ാം തിയ്യതി മുതൽ മതബോധനകേന്ദ്രത്തിൽ നിന്നും കൊണ്ടുപോകാവുന്നതാണ്.

**4. സോഫ്റ്റ് വെയറും പരീക്ഷകളും**

മതബോധനവുമായി ബന്ധപ്പെട്ട വിവിധകാര്യങ്ങൾ ക്രമീകരിക്കുന്നത് യൂണിറ്റുകൾ സോഫ്റ്റ് വെയറിൽ കൊടുത്തിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. അതിനാൽ യൂണിറ്റുകളിൽ നിന്നുള്ള ഡാറ്റ എപ്പോഴും കൃത്യമാക്കണം. അർദ്ധവാർഷിക പരീക്ഷയ്ക്ക് ചോദ്യപേപ്പറുകൾ നൽകുന്നതിനുള്ള എണ്ണം കണക്കാക്കുന്നത് 'Student Summery' യിൽ നിന്നുമാണ്. അതനുസരിച്ചായിരിക്കും യൂണിറ്റുകളിലേക്ക് ചോദ്യപേപ്പർ നൽകുന്നത്. ഇംഗ്ലീഷ് ചോദ്യപേപ്പർ ആവശ്യമുള്ള വിദ്യാർത്ഥികളുടെ മീഡിയം ഇംഗ്ലീഷ് ആക്കേണ്ടതാണ്. ഇക്കാര്യങ്ങൾ സെപ്റ്റംബർ 9–ാം തിയ്യതി തിങ്കളാഴ്ചയ്ക്ക് മുമ്പ് പൂർത്തിയാക്കേണ്ടതാണ്.

**5. Std. XII വിദ്യാർത്ഥികളുടെ ബയോഡാറ്റയും ഫോട്ടോയും**

1. ഈ വർഷം **Std. XII** ൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ബയോഡാറ്റ സോഫ്റ്റ് വെയറിൽ കൃത്യമാക്കുക. (അല്ലാത്തപക്ഷം തെറ്റായ വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വന്നുചേരും)

2. അവരുടെ ഫോട്ടോ സോഫ്റ്റ് വെയറിലേക്ക് അപ്‌ലോഡ് ചെയ്യുക. (വിദ്യാർത്ഥികളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ **(150 x 200 pix)** ആണ് അപ്‌ലോഡ് ചെയ്യേണ്ടത്.)

**6. ACC വിദ്യാർത്ഥികളുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ**

വിദ്യാർത്ഥികളുടെ ഫോട്ടോയോടുകൂടിയ രജിസ്ട്രേഷൻ ഫോം സോഫ്റ്റ് വെയറിൽ നിന്നും പ്രിന്റ് എടുത്തത് സെപ്റ്റംബർ 2 ന് മുമ്പ്

മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് 100 രൂപ.

**7. പ്രോഗ്രസ്സ് റിപ്പോർട്ട്**

കുട്ടികളുടെ പ്രോഗ്രസ്സ് റിപ്പോർട്ട് ഫോമുകൾ മതബോധന ബുക്ക് സ്റ്റാളിൽ നിന്നും വാങ്ങാവുന്നതാണ്.

**8. Full Attendance Std. I - ACC (15 years)**


Aneesha Xavier
Mattom


Angel K. V.
Thangalur


Julia Rose
Thangalur

**9. ആപ്റ്റിറ്റ്യൂഡ് പരീക്ഷ 2018**

അധ്യാപകർക്കുള്ള ആപ്റ്റിറ്റ്യൂഡ് പരീക്ഷ യൂണിറ്റ് തലം
2018 ഒക്ടോബർ 21 ഞായർ – **03.00 pm - 04.30pm**

**10. മതബോധന കമ്മീഷൻ അതിരൂപതാ ഭാരവാഹികൾ**

2018–2021 കാലഘട്ടത്തിലെ അതിരൂപതാ മതബോധന കമ്മീഷൻ ഭാരവാഹികളെ തെരഞ്ഞെടുത്തു.

സെക്രട്ടറി – ഡോ. ടോണി ജോസഫ്

ജോ. സെക്രട്ടറിമാർ:

റവ. സി. ഹംബലിൻ സി. എം. സി.– കുട്ടികളുടെ മതബോധനം
അഡ്വ. ആന്റണി പെല്ലിശ്ശേരി – യുവജനമതബോധനം
വിൽസൺ ടി. ഒ. – കുടുംബമതബോധനം

**11. P.T.A ഫൊറോന എക്സിക്യൂട്ടീവ്**

P.T.A ഇടവക ഭാരവാഹികളുടെ ഫൊറോനതല മീറ്റിംഗ് സെപ്റ്റംബർ 23ന് മുമ്പ് ഫൊറോനാ പ്രൊമോട്ടർമാരുടെ നേതൃത്വത്തിൽ നടത്തുകയും ഫൊറോനതല ഭാരവാഹികളെ തിരഞ്ഞെടുക്കുകയും വേണം. ഭാരവാഹികളുടെ ലിസ്റ്റ് മതബോധനകേന്ദ്രത്തിൽ സെപ്റ്റംബർ 30 നു മുമ്പ് സമർപ്പിക്കുമല്ലോ.

സസ്നേഹം,

Fr. Tens Kunnappilly
Fr. Rijo Vithayathil Kozhukkullikaran
Fr. Royson Kollannur
*Asst. Directors*

Fr. Raphael Akkamattathil
*Director*

# Institute of THEOLOGY

## 1. B.A. in Theology and Religious Studies:

ഞായറാഴ്ചകളിൽ 2 PM മുതൽ 5 PMവരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9:30AM മുതൽ 5 PMവരെയും ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് Institute of Theology Office-മായി ബന്ധപ്പെടുക.

## 2. Correspondence Theology Course:

രണ്ടു വർഷത്തെ കറസ്പോണ്ടൻസ് തിയോളജി കോഴ്സിന്റെ പുതിയ ബാച്ച് 2018 ജൂലൈ 22-ാം തിയ്യതി ആരംഭിച്ചു. മാസത്തിലെ രണ്ട്, നാല് ഞായറാഴ്ചകളിൽ രണ്ടു മണി മുതൽ അഞ്ചു മണി വരെ ആയിരിക്കും ക്ലാസ്സുകൾ. കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ ചെയർ ഫോർ ക്രിസ്റ്റ്യൻ സ്ററഡീസിന്റെ അംഗീകാരമുള്ള കോഴ്സാണിത്. പുതിയതായി വന്നുചേർന്ന എലാവർക്കും തിയോളജി ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ പ്രത്യേക അഭിനന്ദനങ്ങൾ. ഈ കോഴ്സിൽ ഇനിയും ചേരാൻ ആഗ്രഹിക്കുന്നവർ Institute of Theology Office മായി ബന്ധപ്പെടുക.

കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ പരീക്ഷകൾ സെപ്റ്റംബർ 8നു oral exam, സെപ്റ്റംബർ 22നു written exam 2 PM മുതൽ 4 PM വരെയായിരിക്കും.

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ സെപ്റ്റംബർ 9, സെപ്റ്റംബർ 23 എന്നീ ഞായറാഴ്ച്ചകളിൽ 2 PM മുതൽ 5 PM വരെയായിരിക്കും.

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ




# മേരിമാത സെമിനാരി

**സിമ്പോസിയം**

മേരിമാതാ എൻകൗണ്ടർ ഓഫ് പാസ്റ്ററൽ ചലഞ്ചസ് (MEPC) സംഘടിപ്പിച്ച 11–ാമത് ദൈവശാസ്ത്ര സിമ്പോസിയം ജൂലൈ 13, 14, തിയ്യതികളിൽ നടന്നു. കുടുംബങ്ങളിലെ ഐക്യം: നന്മകളും വെല്ലുവിളികളും എന്ന വിഷയത്തെ ആസ്പദമാക്കിയാണ് സിമ്പോസിയം നടന്നത്. മുൻ സംസ്ഥാന പോലീസ് മേധാവി ശ്രീ. ജേക്കബ് പുന്നൂസ് കജട സിമ്പോസിയം ഉദ്ഘാടനം ചെയ്ത് പ്രബന്ധം അവതരിപ്പിച്ചു. രണ്ട് ദിവസങ്ങളിലായി വ്യത്യസ്തമേഖലകളിലെ വിദഗ്ധരായ ദൈവശാസ്ത്രജ്ഞരും ഫാമിലി അപ്പസ്തൊലേറ്റ് സെന്ററുകളിലെ അദ്ധ്യാപകരും വിവിധ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

**കുടുംബദിന പരിപാടികളുടെ ഉദ്ഘാടനം**

കുടുംബദിനത്തോടനുബന്ധിച്ച് നടത്തപ്പെടുന്ന വിവിധ കലാകായിക മത്സരങ്ങളുടെ ഉദ്ഘാടനം ജൂലൈ 16–ാം തിയ്യതി വൈകിട്ട് ബഹു. റെക്ടറച്ചൻ നിർവ്വഹിച്ചു. ബഹു. ഫാ. ഫ്രീജോ പാറക്കലിന്റെയും ബഹു. ഫാ. മാത്യു പെരുമ്പള്ളിയുടെയും നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്.

**ONE DAY OUTING**

ഈ വർഷത്തെ One day Outing ജൂലൈ 21–ാം തിയ്യതിയായിരുന്നു. പ്രഭാതത്തിലെ ദിവ്യബലിക്കുശേഷം വിദ്യാർത്ഥികളെല്ലാം വിവിധ സ്ഥലങ്ങൾ സന്ദർശിക്കാൻ യാത്രയായി. ചെറിയ ഗ്രൂപ്പുകളായി ഒരുമിച്ചുള്ള യാത്ര പരസ്പരം കൂടുതലറിയാനും മാനസികോല്ലാസത്തിനും സഹായിച്ചു എന്നത് യാത്രയുടെ വിജയമായി.

**ബെനഫാക്ടേഴ്സ് ഡെ**

മേരിമാതാ സെമിനാരിയിലെ വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിൽ സഹായിക്കുന്ന ഉപകാരികളുടെ സംഗമം ജൂലൈ 28–ാം തിയ്യതി നടത്തപ്പെട്ടു. രാവിലെ 9.30 ന് ഉപകാരികൾ സെമിനാരിയിൽ എത്തിച്ചേർന്നു. രാവിലെ 10 മണിക്ക് അഭിവന്ദ്യ മാർ ടോണി നീലങ്കാ

വിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ദിവ്യബലിയർപ്പിച്ചു. തുടർന്ന് നടന്ന കൂട്ടായ്മയിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അദ്ധ്യക്ഷനായി. സെമിനാരി കുടുംബത്തോടുള്ള സ്നേഹവും കരുതലും സൗഹൃദവും ഉപകാരികൾ പ്രകടിപ്പിച്ചു.

**വിയാനി ഡെ**

ആഗസ്റ്റ് 3–ാം തിയ്യതി ബഹു. റോയി മൂക്കനച്ചന്റെ നേതൃത്വത്തിൽ വേസ്പരയോടുകൂടി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. തദവസര ത്തിൽ ബഹു. വിൻസന്റ് ആലപ്പാട്ടച്ചൻ സന്ദേശം നൽകി. തിരുനാൾ ദിനത്തിൽ തൃശ്ശൂർ അതിരൂപതാ ഫിനാൻസ് ഓഫീസർ ബഹു. ജോയ് മൂക്കൻ ആഘോഷമായ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. അന്നേദിവസം വൈകുന്നേരം, ആദ്യവർഷ തത്വശാസ്ത്ര–ദൈവശാസ്ത്ര വിദ്യാർത്ഥികൾ അവതരിപ്പിച്ച കൾച്ചറൽ പ്രോഗ്രാം ഉണ്ടായിരുന്നു.

**മാസധ്യാനം**

ആഗസ്റ്റ് മാസത്തിലെ ധ്യാനം 10, 11 എന്നി തിയ്യതികളിലായി നടന്നു. ബഹു. ഫാ. പോൾ താണിക്കൽ ധ്യാനചിന്തകൾ പങ്കുവച്ചു. ഇന്നത്തെ ലോകത്തിൽ സ്നേഹത്തിന്റെ സംസ്ക്കാരം തീർക്കാൻ വിളിക്കപ്പെട്ടവ നാണ് പുരോഹിതനെന്നും പൗരോഹിത്യത്തന്റെ മഹത്വം മനസ്സി ലാക്കിക്കൊണ്ട് വിശ്വസ്തതയോടെ നാം ജീവിക്കണമെന്നും അച്ചൻ ഓർമ്മിപ്പിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

**Patron Membership**

1. ശ്രീ. കെ. ടി. ഡേവിസ്, കൊഴുക്കുള്ളിക്കാരൻ ഹൗസ്, പൂത്തൂർ.
2. ശ്രീ കെ. ഐ. പൗലോസ്, കുണ്ടുകുളം ഹൗസ്, ചിറ്റിലപ്പിള്ളി.

**Benefactor Membership**

1. ശ്രീമതി സി. എൽ. മേരിടീച്ചർ, ചിരിയങ്കണ്ടത്ത് ഹൗസ്, പൂവത്തൂർ.

**Wellwisher Membership**

1. മരിയ പ്രൊവിൻഷ്യൽ ഹൗസ്, കൂർക്കഞ്ചേരി

പ്രാർത്ഥിക്കുന്ന ഹൃദയങ്ങളും സഹായിക്കുന്ന കരങ്ങളും ഒരിക്കലും ദൈവാനുഗ്രഹം പ്രാപിക്കാതിരിക്കുകയില്ല. വൈദികപരിശീലനത്തെ പിന്തുണക്കുന്ന ഞങ്ങളുടെ ഉപകാരികളെ ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ഹൃദയധമനി വീർത്തുപൊട്ടിയ രോഗിയ്ക്ക് ജൂബിലി ഹൃദയാലയയിൽ പുനർജീവൻ**

അറുപത്തേഴുകാരനായ പാലക്കാട്ടുകാരന് പെട്ടെന്നാണ് ഞരമ്പ് വേദനയും തളർച്ചയും അനുഭവപ്പെട്ടത്. ഹൃദയാഘാതമാണെ് കരുതിയെങ്കിലും ജൂബിലി ഹൃദയാലയയിലെ സ്കാനിലാണ് ഹൃദയത്തിൽ നിന്നുത്ഭവിക്കുന്ന മഹാധമനി രണ്ടായിപിളർന്നിരിക്കുകയാണെന്ന് മനസ്സിലായത്. അയോർട്ടിക്ക് ഡൈസെക്ഷൻ എന്നാണ് രോഗത്തിന്റെ പേര്. രോഗം തിരിച്ചറിഞ്ഞാലും രക്ഷപ്പെടുത്താൻ പറ്റാറില്ല. ക്രമാതീതമായ രക്തസമ്മർദ്ദമാണ് പ്രധാനകാരണം. പ്രത്യേകിച്ച് രോഗങ്ങളൊന്നുമില്ലാതിരുന്നതിനാൽ രക്തസമ്മർദ്ദത്തിന് രോഗി മരുന്ന് കഴിച്ചിരുന്നില്ല.

രക്തസമ്മർദ്ദം താഴോട്ട് വരുന്നത് കണ്ടതിനാൽ, ആശുപത്രിയിലെത്തി അരമണിക്കൂറിനുള്ളിൽ ഹൃദയാലയ ഓപ്പറേഷൻ തിയ്യേറ്ററിലെത്തിച്ചു. അനസ്തീഷ്യാവിഭാഗത്തിലെ ഡോ. ഷിബുവിന്റെ നേതൃത്വത്തിലുള്ള ഡോക്ടർമാർ വീണ്ടും രക്തസമ്മർദ്ദം താഴാതിരിക്കാൻ കഠിനമായി പരിശ്രമിച്ചു. ഡോ. കുൽദീപ് ചുള്ളിപ്പറമ്പിലിന്റെ നേതൃത്വത്തിലുള്ള ഹൃദയശസ്ത്രക്രിയാ വിദഗ്ധർ പിളർന്ന മഹാധമനിയും, ലീക്ക് സംഭവിച്ച വാൽവും എട്ട് മണിക്കൂറോളം നീണ്ട ശ്സത്രക്രിയയിലൂടെ മാറ്റിവെച്ചതിനുശേഷമാണ് ഹൃദയമിടിപ്പ് സാധാരണനിലയിലായത്.

അയോർട്ടിക്ക് ഡൈസെക്ഷൻ എന്ന ഈ രോഗം കഴിഞ്ഞ കുറേ വർഷങ്ങളായി കൂടുതൽ കണ്ടുവരുന്നുണ്ടെന്നും കേരളീയരുടെ ജീവിതദൈർഘ്യം കൂടിവരുന്നതും, രക്തസമ്മർദ്ദം നിയന്ത്രിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാത്തതുമാണ് പ്രധാനകാരണങ്ങളെന്നും ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ ഡോ.കുൽദീപ് ചുള്ളിപ്പറമ്പിൽ

പറഞ്ഞു. അയോർട്ടിക്ക് രോഗങ്ങൾ കൂടിവരുന്നതിന്റെ പശ്ചാത്തലത്തിൽ ഈ രോഗങ്ങൾക്കുവേണ്ടിയുള്ള ഒരു ഡിപ്പാർട്ടുമെന്റ് ജൂബിലി ഹൃദയാലയയിൽ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങിലെ പൂർവ്വവിദ്യാർത്ഥി സംഗമത്തോടനുബന്ധിച്ച് നേഴ്സിങ്ങ് പരിശീലനത്തിലെ ധാർമ്മിക പ്രശ്നങ്ങളും ധാർമിക വിപത്തുകളും തിരിച്ചറിഞ്ഞ് വിലയിരുത്തുക എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ശില്പശാല ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു.

**പൊതുസ്ഥലങ്ങളിൽ ബ്രസ്റ്റ് ഫീഡിങ്ങ് കോർണേഴ്സ് ആരംഭിക്കണം**

മുലയൂട്ടുന്നതിന്റെ ആവശ്യകതയും, കുഞ്ഞുങ്ങളുടെ ആരോഗ്യവും എന്ന വിഷയത്തെ ആസ്പദമാക്കി ജൂബിലി മിഷൻ ആശുപത്രിയിൽ ശില്പശാല സംഘടിപ്പിച്ചു. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, എറണാകുളം ജില്ലകളിൽ നിന്നും അനേകം നേഴ്സുമാർ ശില്പശാലയിൽ പങ്കെടുത്തു. തൃശ്ശൂർ ഡി.എം.ഒ. ഡോ. ബിന്ദു തോമസ് ഉദ്ഘാടനം ചെയ്ത പരിപാടിയിൽ പൊതുസ്ഥലങ്ങൾ, ആശുപത്രികൾ, ഓഫീസുകൾ തുടങ്ങിയവയിൽ ബ്രസ്റ്റ് ഫീഡിങ്ങ് കോർണേഴ്സ് ആരംഭിക്കണമെന്ന ആവശ്യം ഉന്നയിച്ചു. ബ്രസ്റ്റ് ഫീഡിങ്ങിന്റെ ആവശ്യകതയെകുറിച്ച് പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കേണ്ട ആവശ്യകതയും വ്യക്തമാക്കി. ഇന്ത്യൻ അസോസിയേഷൻ ഓഫ് പീഡിയാട്രിക്സ് കേരള ചാപ്റ്റർ, നാഷണൽ നിയോനാറ്റോളജി ഫോറം, ജൂബിലി മിഷൻ ആശുപത്രിയുടെ പീഡിയാട്രിക്സ് ആന്റ് നിയോനാറ്റോളജി ഡിപ്പാർട്ടുമെന്റ് എന്നിവയുടെ നേതൃത്വത്തിലാണ് ശില്പശാല നടന്നത്. ജൂബിലി മിഷൻ ആശുപത്രിയുടെ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അധ്യക്ഷനായിരുന്നു, മെഡിക്കൽ സൂപ്രണ്ട് ഡോ. സി. വി. ആൻഡ്രൂസ് ആശംസകളർപ്പിച്ചു. ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സിന്റെ തൃശ്ശൂർ ബ്രാഞ്ച് പ്രസിഡണ്ട് ഡോ. മനോജ് വി. സി, നാഷണൽ നിയോനാറ്റൽ ഫോറത്തിന്റെ തൃശ്ശൂർ ബ്രാഞ്ച് പ്രസിഡണ്ട് ഡോ. മുരളിരാജ് എൻ. എന്നിവർ ഉദ്ഘാടന ചടങ്ങിൽ സന്നിഹിതരായിരുന്നു. ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സിന്റെ തൃശ്ശൂർ ബ്രാഞ്ച് സെക്രട്ടറി ഡോ. രാജഗോപാലൻ കെ. നന്ദി പറഞ്ഞു.

**ജേർണൽ ക്ലബ്ബ്**

ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ചിന്റെ ആഭിമുഖ്യത്തിലുള്ള മുപ്പതാമത് ജേർണൽ ക്ലബ്ബ് മീറ്റിങ്ങ് ജൂലൈ 18-ന് ന്യൂ സി.സി.എം. ഹാളിൽ നടന്നു. സൈക്യാട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ.

ജോമി ജി. ചക്കാലക്കുടി ആയിരുന്നു പ്രബന്ധം അവതരിപ്പിച്ചത്. തലച്ചോറിലെ ധമനികളിൽ ഉണ്ടാകുന്ന അതിസൂക്ഷ്മ രക്തസ്രാവങ്ങൾ (Microbleeds) അൽഷിമേഴ്സ് രോഗികളിൽ വിഷാദരോഗത്തിന് കാരണമാകുന്ന തിനെക്കുറിച്ചായിരുന്നു പഠനം. ഈ പഠനത്തിന്റെ രോഗനിർണ്ണയ സാധ്യതകളെക്കുറിച്ചുള്ള ചർച്ചയിൽ ഡോ. ആൻഡ്രൂസ്, ഡോ. പി. ആർ. വർഗ്ഗീസ്, ഡോ. ജെയിംസ് ആന്റണി, ഡോ. മാത്യു ജോ എന്നിവർ പങ്കെടുത്തു

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഗ്രാജുവേഷൻ സെറിമണിയും, പുതിയ ബാച്ച് പാരാമെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്വീകരണവും നടന്നു. തൃശ്ശൂർ ജില്ലാ അസിസ്റ്റന്റ് കളക്ടർ ശ്രീ. പ്രേം കൃഷ്ണ ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അദ്ധ്യക്ഷനായിരുന്നു. ലാബ്, എക്സ് റേ, അനസ്തേഷ്യ, ഒഫ്താൽമോളജി വിഭാഗങ്ങളിൽ അറുപത്തിരണ്ട് വിദ്യാർത്ഥികളാണ് ഡിപ്ലോമ പഠനത്തിനായി വന്നിട്ടുള്ളത്.

**അഭിനന്ദനങ്ങൾ .. ആശംസകൾ ..**

അഖിലേന്ത്യാ മെഡിക്കൽ ലബോറട്ടറി ടെക്നോളജി ഫൈനൽ പരീക്ഷയിൽ സംഗീത എം. എസ് ഓം റാങ്കും, നീന കെ. വി രണ്ടാം റാങ്കും നേടി.

ഒപ്റ്റോമെറ്ററി അവസാനവർഷ പരീക്ഷയിൽ ഹരീഷ്മ പി. എം ഓം റാങ്ക് നേടി.

യൂറോപ്യൻ ഡിപ്ലോമ ഇൻ അനസ്തേഷ്യ & ഇന്റെൻസീവ് കെയർ (EDAIC) ലണ്ടനിൽ നിന്നും വിജയകരമായി പൂർത്തിയാക്കി.

ഇന്ത്യൻ അസോസിയേഷൻ ഓഫ് ഫിസിഷ്യൻ ഓഫ് ഇന്ത്യയുടെ സംസ്ഥാന കോൺഫറൻസിൽ നടന്ന പോസ്റ്റർ അവതരണത്തിൽ ഡോ. നദീം റഹ്മാൻ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

ബാംഗ്ലൂർ നിംഹാൻസ് ആശുപത്രിയിൽ നടന്ന വാർഷിക അവലോകനം – പ്രായോഗിക ന്യൂറോളജി 2018ൽ നടത്തിയ ക്വിസ് മത്സരത്തിൽ ഡോ. നീന ബേബിയും, ഡോ. മേരി ആൻ പൂവ്വത്തിങ്കലും മൂന്നാം സ്ഥാനം നേടി.

**മെഡിക്കൽ ക്യാമ്പുകൾ**

ചിറക്കൽ സെന്റ് ആന്റണീസ് പള്ളിയിൽ ജനറൽ മെഡിസിൻ, ഒപ്ത്താൽമോളജി, ഓർത്തോ & പിഡിയാട്രിക് ക്യാമ്പ് നടത്തി.

പുറനാട്ടുകര SRKGVM ഹയർ സെക്കണ്ടറി സ്കൂളിൽ നേത്രരോഗനിർണ്ണയ ക്യാമ്പ് നടത്തി.

പറപ്പൂർ സെന്റ് ജോസ് ഹൈസ്കൂളിൽ നേത്രരോഗനിർണ്ണയ ക്യാമ്പ് നടത്തി.

കിഴക്കേകോട്ട ഈസ്റ്റ് അവന്യൂ നിവാസികൾക്കുവേണ്ടി ജൂബിലി ആയുർവ്വേദയുടെ നേതൃത്വത്തിൽ ക്യാമ്പ് നടത്തി.

**പുതിയ ഡോക്ടർമാർ**

സി. ഡോ. ഡൊണാറ്റ *(ആയുർവ്വേദ വിഭാഗം)*

ഡോ. അമൽ റോസ് *(ആയുർവ്വേദ ഗൈനക്കോളജിസ്റ്റ്)*

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

ഹെൽത്ത് കെയർ സൊസൈറ്റി, തൃശ്ശൂർ

**ഡയാലിസിസിന് സംഭാവന നൽകിയവർ**

സേക്രട്ട് ഹാർട്ട് കോൺവെന്റ്, തൃശ്ശൂർ

ശ്രീ. ജോയ് ഡി. ചാണ്ടി, അഞ്ചങ്ങാടി, തൃശ്ശൂർ

ഹോളി ക്രോസ് ചർച്ച്, ആർത്താറ്റ്, കുന്ദംകുളം, തൃശ്ശൂർ

ശ്രീ. പി. ജെ. ബേബി, പാലത്തിങ്കൽ ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**ശതാബ്ദിയാഘോഷങ്ങൾക്കു രാഷ്ട്രപതി തുടക്കം കുറിച്ചു**

സെന്റ് തോമസ് കോളേജിന്റെ ശതാബ്ദിയാഘോഷങ്ങൾക്ക് ഇന്ത്യൻ രാഷ്ട്രപതി ശ്രീ. രാംനാഥ് കോവിന്ദ് തുടക്കംകുറിച്ചു. രാജ്യത്തിന്റെ ക്രൈസ്തവ പാരമ്പര്യത്തിൽ അഭിമാനിക്കുന്നുവെന്നും മറ്റുള്ളവരെ സഹായിക്കുകയും വിദ്യ പകരുകയുമാണ് യഥാർത്ഥ ദൈവിക പ്രവൃത്തിയെന്നും ബഹു. രാഷ്ട്രപതി പറഞ്ഞു. ബഹുമാനപ്പെട്ട ഗവർണർ പി. സദാശിവം, കോളേജിന്റെ രക്ഷാധികാരിയും തൃശൂർ അതിരൂപത മെത്രാപ്പോലീത്തയുമായ മാർ ആൻഡ്രൂസ് താഴത്ത്, കൃഷിവകുപ്പ് മന്ത്രി അഡ്വ.

വി.എസ്. സുനിൽകുമാർ, എം.പി. ശ്രീ. സി.എൻ. ജയദേവൻ, മേയർ ശ്രീമതി അജിത ജയരാജൻ എന്നിവർ പ്രസംഗിച്ചു. കോളേജ് മാനേജർ മാർ ടോണി നീലങ്കാവിൽ സ്വാഗതവും പ്രിൻസിപ്പാൾ ഡോ. ഇഗ്നേഷ്യസ് ആന്റണി നന്ദിയും പറഞ്ഞു. കോളേജിന്റെ പ്രവർത്തനങ്ങളോടുള്ള ബഹുമാനാർത്ഥം ഇന്ത്യൻ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ്, പോസ്റ്റൽ കവർ പ്രകാശനം ചെയ്തു.

**സെന്റിനറി മെഗാ എക്സപോ 2018**

സെന്റിനറിയോടനുബന്ധിച്ച് നടക്കുന്ന മെഗാ എക്സ്പോ, ഓഗസ്റ്റ് 16, 17, 18, 19 തീയതികളിലായി സെന്റ് തോമസ് കോളേജിലെ മോൺ. ജോൺ പാലോക്കാരൻ സ്ക്വയറിൽ നടന്നു. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ നേതൃത്വത്തിൽ ക്രമീകരിച്ചിരുന്ന എക്സ്പോയിൽ തൃശൂരിലെയും പരിസരപ്രദേശങ്ങളിലെയും നൂറുകണക്കിന് വിദ്യാർത്ഥികളും നാട്ടുകാരും പങ്കെടുത്തു. നേരത്തെ സെന്റിനറി ഉദ്ഘാടനവേളയിൽ തന്നെ എക്സ്പോയുടെ ഔപചാരികമായ പ്രഖ്യാപനം നടത്തിയിരുന്നു. കൺവീനർ ഡോ. മിജോയ് ജോസ് നേതൃത്വം നൽകി.

**സൃഷ്ടി 2018 നോടനുബന്ധിച്ച് സംസ്ഥാനതല ക്വിസ്**

സെന്റ് തോമസ് കോളേജ് കംപ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് ഒമ്പതിന് സംസ്ഥാനതല ഐ.ടി. ക്വിസ് സംഘടിപ്പിച്ചു. സംസ്ഥാനത്തിന്റെ വിവിധയിടങ്ങളിലുള്ള കോളേജുകളും ഹയർസെക്കന്ററി സ്കൂളുകളെയും പ്രതിനിധീകരിച്ച് 40 ടീമുകൾ പങ്കെടുത്തു. കേരള പോലിസ് അക്കാദമി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. റെജി ജോർജ്ജ് ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ പ്രിൻസിപ്പാൾ ഡോ. ഇഗ്നേഷ്യസ് ആന്റണി അദ്ധ്യക്ഷനായിരുന്നു. ഡോ. ബിനു ചാക്കോ, റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത് എന്നിവർ പ്രസംഗിച്ചു. വകുപ്പ് മേധാവി ഡോ. ജിജു എ മാത്യു, കൺവീനർ റവ. ഡോ. അനിൽ കോങ്കോത്ത് എന്നിവർ നേതൃത്വം നൽകി.

**സെന്റ് തോമസിൽ മത്സരപരീക്ഷകളായ നെറ്റ്, ജാം എന്നിവയ്ക്കുള്ള കോച്ചിംഗ് ക്ലാസുകൾ**

സെന്റ് തോമസ് കോളേജിൽ ദേശീയ അദ്ധ്യാപക അഭിരുചി പരീക്ഷയായ നെറ്റ്, ജെ.ആർ.എഫ്. ന്റെയും ഐ.ഐ.ടി. ഉൾപ്പെടെ പല ദേശീയ സ്ഥാപനങ്ങളിലേക്കും ബിരുദാനന്തരബിരുദ പ്രവേശനത്തിനുള്ള മത്സരപരീക്ഷയായ ജാം (ജെ.എ.എം.) ന്റെയും പരിശീലന ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്. നെറ്റിന്റെ പരിശീലന ക്ലാസുകൾ ശനിയാഴ്ചകളിലും മറ്റു പൊതു അവധി ദിവസങ്ങളിലും ജാം പരിശീലന ക്ലാസുകൾ ശനിയാഴ്ചകളിലും മാത്രമാണ് ക്രമീകരിച്ചിരിക്കുന്നത്. സെന്റ് തോമസ് കോളേജിലെയും കേരളത്തിലെ വിവിധ കോളേജുകളിലെയും മികച്ച അദ്ധ്യാ

പകരാണ് പരിശീലന ക്ലാസുകളെടുക്കുന്നത്. കൂടുതൽ വിവരങ്ങൾക്കായി താഴെക്കാണുന്ന കോഡിനേറ്റർമാരെ ബന്ധപ്പെടുക.

നെറ്റ് / ജെ.ആർ.എഫ്, പ്രൊഫ. സജേഷ് ടി.എ. 9747936823

ജെ.എ.എം. കെമിസ്ട്രി ഡോ. സുനിൽ ജോസ് 9495039701

ജെ.എ.എം. ഫിസിക്സ് ഡോ. ഡെയ്സൺ പാണേങ്ങാടൻ 9497315495

**ഡോ. ഡെയ്സൺ പാണേങ്ങാടൻ**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ബർസാർ &
എക്സിക്യൂട്ടീവ് മാനേജർ




## ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

**സ്വച്ഛ് ഭാരത് സമ്മർ ഇന്റേൺഷിപ്പ് പ്രോഗ്രാം:**
ഭാരത സർക്കാർ നടപ്പാക്കുന്ന സ്വച്ഛ് ഭാരത് പദ്ധതിയുടെ ഭാഗമായി കോളേജ് വിദ്യാർത്ഥികൾക്കായി നടപ്പാക്കിയ സ്വച്ഛ് ഭാരത് സമ്മർ ഇന്റേൺഷിപ്പ് പ്രോഗ്രാമിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. കോളേജിലെ ഓരോ വിദ്യാർത്ഥിയും അവരുടെ വേനലവധിക്കാലത്ത് ഏറ്റവും കുറഞ്ഞത് 100 മണിക്കൂർ, പരിസ്ഥിതി ശുചീകരണ സംരക്ഷണ പ്രവർത്തനങ്ങൾ, ശുചിത്വബോധവൽക്കരണം, റാലികൾ തുടങ്ങിയ പരിപാടികളിൽ പങ്കെടുത്തു. ഇതിനോടനുബന്ധിച്ച് കോളേജിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ വള്ളത്തോൾനഗർ, പാഞ്ഞാൾ പഞ്ചായത്തുകളിൽ ശുചിത്വബോധവൽക്കരണം നടത്തുകയും, ശുചിത്വസർവ്വേ സംഘടിപ്പിക്കുകയും ചെയ്തു.

**ഉന്നത് ഭാരത് അഭിയാൻ:**
കേന്ദ്രമാനവശേഷി മന്ത്രാലയം, വിദ്യാർത്ഥികളുടെ സഹായത്തോടെ, ഗ്രാമങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഉന്നത് ഭാരത് അഭിയാൻ പദ്ധതിയിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജും ഭാഗമാകുന്നു.

പ്രാദേശികമായി ലഭ്യമായ വിഭവങ്ങളും പുതിയ സാങ്കേതിക വിദ്യകളും ഉപയോഗിച്ച് ഗ്രാമങ്ങളുടെ സമഗ്രവികസനമാണ് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വള്ളത്തോൾ നഗർ, പാഞ്ഞാൾ പഞ്ചായത്തുകളിലെ എല്ലാ വീടുകളും സന്ദർശിച്ച്, ഓരോ പ്രദേശത്തെയും പ്രശ്നങ്ങൾ കണ്ടെത്തി. ഈ പ്രശ്നങ്ങൾ അപഗ്രഥിച്ച് വിവിധ സർക്കാർ വകുപ്പുകളുമായി സഹകരിച്ച് തുടർനടപടികൾ നടപ്പാക്കുന്നതാണ്.

**ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വിദ്യാരംഭം:**

ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ പുതിയതായി പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കുള്ള ക്ലാസ്സുകൾ ആഗസ്റ്റ് 1ന് ആരംഭിച്ചു. പരമ്പരാഗത രീതിയിൽ ഗുരുദക്ഷിണയോടെയാണ് പരിപാടികൾ ആരംഭിച്ചത്. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം കോളേജ് ചെയർമാനും, തൃശൂർ അതിരൂപതാ ആർച്ച് ബിഷപ്പുമായ അഭിവന്ദ്യ മാർ. ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. മാനേജർ മോൺ. തോമസ് കാക്കശ്ശേരി ആദ്ധ്യക്ഷം വഹിച്ചു. കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, പ്രിൻസിപ്പാൾ ഫാ. ഡോ. ജെയ്സൺ പോൾ മുളേരിക്കൽ സി.എം.എ., അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റർ ബോബി പീറ്റർ എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

**ജ്യോതി– പൂർവ്വ വിദ്യാർത്ഥിസംഗമം:** ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ പൂർവ്വ വിദ്യാർത്ഥി സംഗമം ആഗസ്റ്റ് പതിനൊന്നിന് തൃശൂരിൽ വച്ച് നടന്നു. പതിനേഴ് വർഷം പിന്നിട്ട കലാലയത്തിന് 4000ൽ പരം പൂർവ്വ വിദ്യാർത്ഥികളുണ്ട്. ഹോട്ടൽ അശോകയിൽ വച്ച് നടന്ന പ്രസ്തുത പരിപാടിയിൽ പൂർവ്വ വിദ്യാർത്ഥികളും വിവിധ കാലങ്ങളിൽ ജ്യോതിയിൽ പ്രവർത്തിച്ച അദ്ധ്യാപകരും പങ്കുകൊണ്ടു.

**മോൺ. തോമസ് കാക്കശ്ശേരി**
*മാനേജർ*

**ഫാ. റോയ് ജോസഫ് വടക്കൻ**
**ഫാ. ജോജു ചിരിയൻങ്കണ്ടത്ത്**
*അസി. മാനേജർഴ്സ്*




## മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**ടാലന്റ് ഡേ ആഘോഷിച്ചു**

മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ പുതിയ ബാച്ചിന്റെ ടാലന്റ് ഡേ ജൂലൈ 20-ാം തിയ്യതി തിങ്കളാഴ്ച അതിവിപുലമായി സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പാൾ റവ.ഫാദർ ചാക്കോ ചിറമ്മൽ സന്നിഹിതനായ ആഘോഷപരിപാടികൾക്ക് അധ്യാപിക സിംന സേവ്യാർ മുഖ്യ നേതൃത്വം നൽകി. വിദ്യാർത്ഥികളുടെ അഭിരുചികളെ കണ്ടെത്താൻ ടാലന്റ് ഡേ സഹായിച്ചു.

**യൂണിയൻ ഭാരവാഹികളെ തെരഞ്ഞെടുത്തു**

മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ 2018-2020 അധ്യായന വർഷത്തെ യൂണിയൻ തിരഞ്ഞെടുപ്പ് 24-07-2018 ചൊവ്വാഴ്ച നടന്നു. ജനാധിപത്യപരമായി നടന്ന തെരഞ്ഞെടുപ്പിൽ കോളേജ് ചെയർ പേഴ്സണായി മഞ്ജു.കെ.പിയും, വൈസ് ചെയർപേഴ്സണായി ശ്രീദേവി.വിയും, ജനറൽ സെക്രട്ടറിയായി റിജോ.സി.ജെയും, ആർട്സ് സെക്രട്ടറിയായി ബിൻസി ബാബുവും, മാഗസിൻ എഡിറ്ററായി മീര രാജനും, സ്പോർട്സ് സെക്രട്ടറിയായി രമ്യ.കെ യും, യു.യു.സി യായി സുചിത്രയും തെരഞ്ഞെടുക്കപ്പെട്ടു. അധ്യാപക-വിദ്യാർത്ഥി പ്രതിനിധികളും ആശംസകളർപ്പിച്ചു.

**ഫീസ്റ്റ് ആഘോഷിച്ചു**

മഹാജൂബിലി ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പാൾ റവ. ഫാദർ ചാക്കോ ചിറമ്മലിന്റെ നാമഹേതുക തിരുനാൾ 25-ാം തിയ്യതി ബുധനാഴ്ച അത്യധികം വിപുലമായി ആഘോഷിച്ചു. അധ്യാപിക ആൻസി ജോർജ് മുഖ്യ സംഘാടകയായ ചടങ്ങിൽ അസി.മാനേജർ റവ.ഫാ. ബാബു അപ്പാടൻ അധ്യക്ഷനായി സംസാരിച്ചു. അധ്യാപക പ്രതിനിധിയായി ശ്രീമതി.മഞ്ജു ടീച്ചർ ആശംസകളർപ്പിച്ചു. കോളേജ് ചെയർപേഴ്സൺ ശ്രീമതി.മഞ്ജു കെ.പിയും മംഗളങ്ങൾ നേർന്നു കൊണ്ട് സംസാരിച്ചു. ബി.കോം-ബി.എഡ് വിദ്യാർത്ഥികൾ കലാപരിപാടികൾക്ക്

നേതൃത്വം നൽകി.

**ആയുർ ബഥാനിയ സന്ദർശിച്ചു**

മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ നിന്ന് ജൂലൈ 26–ാം തിയ്യതി വ്യാഴാഴ്ച അത്താണി ആയുർ ബഥാനിയ ചികിത്സാ കേന്ദ്രത്തിലേയ്ക്ക് പഠനയാത്ര നടത്തി. അധ്യാപകരും വിദ്യാർത്ഥികളും സജീവമായി പങ്കെടുത്ത പഠനയാത്ര ആയുർവേദത്തെകുറിച്ച് അറിവ് പ്രദാനം ചെയ്തു. കൃഷിസ്ഥലങ്ങൾ, തെറാപ്പി സെന്ററുകൾ എന്നിവ സന്ദർശിച്ച് കാർഷികോൽപന്നങ്ങൾ വാങ്ങാനും വിദ്യാർത്ഥികൾക്ക് അവസരം ലഭിച്ചു.

**ഓണാഘോഷം സംഘടിപ്പിച്ചു**

2018 –2020 അധ്യായനവർഷത്തിലെ ഓണാഘോഷം മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ ആഗസ്റ്റ് 21–ാം തിയ്യതി അതിവിപുലമായ രീതിയിൽ സംഘടിപ്പിച്ചു. വിദ്യാർത്ഥികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് പൂക്കളമത്സരം, ഉറിയടി, വടംവലി, തിരുവാതിരക്കളി തുടങ്ങിയ മത്സരങ്ങളിൽ പങ്കെടുത്തു. ഓണത്തെകുറിച്ചുള്ള ഓർമകൾ പങ്കുവെച്ച് വിദ്യാർത്ഥികളും അധ്യാപകരും സംസാരിച്ചു. ഓണമത്സര വിജയികൾക്ക് കോളേജ് പ്രിൻസിപ്പാൾ റവ.ഫാദർ ചാക്കോ ചിറമ്മൽ സമ്മാനം നല്കി.

**റവ. ഡോ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പാൾ

**ഫാ. ബാബു അപ്പാടൻ**
അസി.മാനേജർ

# കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ ............ ആചരിക്കാൻ 2018 സെപ്തംബർ**

| | | |
|---|---|---|
| 5 | (ബുധൻ) | – അധ്യാപകദിനം |
| 6 | (വ്യാഴം) | – വി. മദർതെരേസ തിരുനാൾ |
| 8 | (ശനി) | – പരിശുദ്ധ മറിയത്തിന്റെ ജനനതിരുനാൾ |
| 16 | (ഞായർ) | – ഓസോൺ ദിനം |
| 21 | (വെള്ളി) | – വി. മത്തായിശ്ലീഹാ |
| 27 | (വ്യാഴം) | – വി. വിൻസെന്റ് ഡി പോൾ |

**2. അതിരൂപത അവാർഡ്ദിനം**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡ്ദിനപരിപാടികൾ 2018 നവംബർ 10-ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00 ന് സെന്റ് തോമസ് കോളേജിലെ മെഡ്ലിക്കോട്ട് ഹാളിൽ വെച്ച് നടത്തുന്നു. വിശദവിവരങ്ങൾ 2018 ആഗസ്റ്റ് മാസത്തിലെ അതിരൂപത ബുള്ളററിനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അർഹരായവരെ അതിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

**3. അദ്ധ്യാപക ദിനാശംസകൾ**

നമ്മുടെ എല്ലാ വിദ്യാലയങ്ങളിലും അദ്ധ്യാപകദിനം ഒരു ദിവസം സമുചിതമായി കൊണ്ടാടുമല്ലോ. എല്ലാ അദ്ധ്യാപകർക്കും അദ്ധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും നേരുന്നു.

**4. മെയിന്റനൻസ് ഗ്രാന്റ് അപേക്ഷ**

മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷ ഉപജില്ലാ, ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ഈ മാസം സമർപ്പിക്കേണ്ടതാണ്. മുൻ വർഷത്തിലെ ഗ്രാന്റ് ഇതുവരെയും ലഭിച്ചിട്ടില്ലായെങ്കിലും നടപ്പ് വർഷത്തെ അപേക്ഷ സമയത്ത് തന്നെ നൽകിയിരിക്കണം. പൂരിപ്പിച്ച അപേക്ഷ (4 കോപ്പികൾ വീതം) സെപ്തംബർ 11 ന് ചൊവ്വാഴ്ചയ്ക്ക് മുൻപ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. 20,000/- രൂപയ്ക്ക് മുകളിലുള്ള സംഖ്യയ്ക്ക് ഓഡിറ്റ് റിപ്പോർട്ടും ഹാജരാക്കണം. അപേക്ഷയിൽ കോർപറേറ്റ് മാനേജരാണ് ഒപ്പുവെയ്ക്കേണ്ടത്.

**ഫാ. ആന്റണി ചെമ്പകശ്ശേരി,**
കോർപറേറ്റ് മാനേജർ.

# സാന്ത്വനം

**മഴക്കെടുതിയിൽ സാന്ത്വനസഹായം.**

അതിവർഷം മൂലമുണ്ടായ കെടുതിയിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം തേടിയ ദുരിതബാധിതർക്ക് സഹായഹസ്തവുമായി അതിരൂപതയുടെ സാമൂഹ്യസേവനകേന്ദ്രമായ സാന്ത്വനവും രംഗത്തെത്തി. അതിരൂപതാദ്ധ്യക്ഷന്റെയും സഹായമെത്രാന്റെയും

സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടിയുടെയും നേതൃത്വത്തിൽ സാന്ത്വനം ദുരിതാശ്വാസക്യാമ്പുകളായ കാഞ്ഞാണി, മണലൂർ, അരിമ്പൂർ, ചിറക്കൽ, വലപ്പാട് മുതലായസ്ഥലങ്ങളിൽ സഹായവിതരണം നടത്തി. ഈ ക്യമ്പുകളിലെല്ലാമായി ഏകദേശം 600 കുടുംബങ്ങളാണ് പാർത്തിരുന്നത്. പായ്, പുതപ്പ്, തലയിണ മുതലായ സാധനങ്ങളാണ് വിതരണം നടത്തിയത്.

**മൈക്രോ എന്റർപ്രൈസ് ഡെവലപ്പ്മെന്റ് പ്രോഗ്രാം.**

**തൊഴിൽ പരിശീലനപരിപാടി.**

സാന്ത്വനത്തിന്റെ ആഭിമുഖ്യത്തിൽ, എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യയുടെ തൊഴിൽ പരിശീലന പരിപാടി പെരിഞ്ചേരിയിൽ ആരംഭിച്ചു. 24 ദിവസത്തെ പരിശീലന പരിപാടിയാണ് സംഘടിപ്പിച്ചത്. ആദ്യ പത്ത് ദിവസം തിയറി ക്ലാസ്സുകളും, പിന്നീടുള്ള 4 ദിവസങ്ങളിലായി ഫീൽഡ് വിസിറ്റും അവസാന 10 ദിവസങ്ങളിലായി ടെക്നിക്കൽ ക്ലാസ്സുകളും സംഘടിപ്പിച്ചു. ടെക്നിക്കൽ ക്ലാസ്സുകളിൽ ക്ലോത്ത് നാപകിനുകളുടെ ഗുണമേന്മയേയും അതിന്റെ നിർമ്മാണ രീതിയേയും സംബന്ധിച്ച് ഡോ. അഭിരാമി, ക്ലാസ്സ് നടത്തി. കോട്ടൻ സാനിറ്ററി നാപ്ക്കിനുകളുടെ നിർമ്മാണത്തിൽ, മിഷണറികളുടെ സഹായത്തോടെ ക്ലാസുകൾ നടത്തി. പരിസ്ഥിതിയോട് ചേർന്നു നിൽക്കുന്ന സാനിറ്ററി നാപ്പ്കിനുകളുടെ ഗുണമേന്മയും മാർക്കറ്റിങ്ങിന്റെ സാദ്ധ്യതകളെയും സംബന്ധിച്ച് റവ.ഫാ.സെബി ചിറ്റാട്ടുകര ക്ലാസ്സ് നടത്തി. പരിശീലന പരിപാടിയുടെ സമാപന ദിവസം സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടിയും സാന്ത്വനം അഡ്മിനിസ്ട്രേറ്റർ ശ്രീ.എസ്.കെ.മഞ്ഞിയിലും തുടർന്നുള്ള പ്രവർത്തനങ്ങളെ ക്കുറിച്ചും സാന്ത്വനത്തിന്റെ പിന്തുണയെകുറിച്ചും വിശദീകരിച്ചു.

**പുതിയ സ്വയം സഹായ സംഘം രൂപീകരിച്ചു.**

സാന്ത്വനത്തിന്റെ കീഴിൽ 4 സ്വയം സഹായ സംഘങ്ങൾ കൂടി രൂപീകരിച്ചു. മുളയം കേന്ദ്രീകരിച്ച് 3 സംഘങ്ങളും കാക്കശ്ശേരിയിൽ ഒരു സംഘവുമാണ് പ്രവർത്തനമാരംഭിച്ചത്. ഈ ഇടവകകളിൽ നടത്തിയ ബോധവൽക്കരണ ക്ലാസ്സുകളിൽ ഇടവക വികാരിയച്ചന്മാർ, സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾ, സംഘങ്ങളിൽ പുതുതായി ചേരാൻ ആഗ്രഹിക്കുവർ,ആനിമേറ്റർ എന്നിവർ പങ്കെടുത്തു.സ്വയം സഹായ സംഘങ്ങളെക്കുറിച്ചും സാന്ത്വനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായസംഘങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും സാന്ത്വനം ഡയറക്ടർ വിശദീകരിച്ചു.

**ബേസിക് ആക്ഷൻ ടീം മീറ്റിങ്ങ്.**

ആറംപ്പിള്ളി, തൊയക്കാവ്, തയ്യൂർ, നടത്തറ എന്നിവിടങ്ങളിൽ ബേസിക് ആക്ഷൻ ടീം മീറ്റിങ്ങ് സംഘടിപ്പിച്ചു. സ്വയം സഹായ സംഘം ആനിമേറ്റർ, കോ-ഓർഡിനേറ്റർ, എല്ലാ സംഘങ്ങളിലെയും അംഗങ്ങൾ എന്നിവർ മീറ്റിങ്ങിൽ പങ്കെടുത്തു.

**സേവ് എ ഫാമിലി**

സേവ് എ ഫാമിലിയുടെ ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിലേക്ക് സേവ് എ ഫാമിലി പ്ലാനിന്റെ മാനദണ്ഢപ്രകാരം കൊട്ടേക്കാട് ഇടവകയിൽ നിന്നും ഒരു കുടുംബത്തെ തെരഞ്ഞെടുത്തു. കൂടാതെ ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിൽ 6 വർഷം പൂർത്തിയാക്കിയ ഗുണഭോക്തൃ കുടുംബങ്ങളുടെ പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കുകയും ഓൺലൈനിൽ അപ്ഡേറ്റ് ചെയ്യുകയും ചെയ്തു. 30 ഗുണഭോക്തൃ കുടുംബങ്ങൾ തങ്ങളെ സഹായിക്കുന്ന ഉപകാരികൾക്കുള്ള കത്തുകൾ അയച്ചു. പദ്ധതി മുഖേന ലഭിച്ച തുക കൊണ്ട് അവർ നടത്തിയ പ്രവർത്തനങ്ങളും കുടുംബത്തിലെ എല്ലാ അംഗങ്ങളുടെ വിവരങ്ങളും അടങ്ങുന്നതാണ് കത്ത്.

**ആനുവൽ പ്ലാൻ തയ്യാറാക്കി.**

ഈ വർഷത്തെ സേവ് എ ഫാമിലി പ്ലാനിന്റെ 2018 മാർച്ച് മുതൽ 2019 ഏപ്രിൽ വരെ ഉള്ള ആക്ഷൻ പ്ലാൻ കോർഡിനേറ്റർ, ആനിമേറ്റർ എന്നിവരുടെ നേതൃത്വത്തിൽ തയ്യാറാക്കി.

**ഗോഡ്സ് ഓൺ ഫാമിലി - സെന്റർ ലെവൽ മീറ്റിങ്ങ് സംഘടിപ്പിച്ചു.**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയുടെ ഭാഗമായി നടത്തിവരുന്ന സെന്റർ ലെവൽ മീറ്റിങ്ങ് നടത്തറ, സാന്ത്വനം ഹാൾ എന്നിവിടങ്ങളിൽ ആനിമേറ്ററുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഇതോടനുബന്ധിച്ച് വ്യായാമത്തിന്റെ പ്രാധാന്യത്തെപ്പറ്റിയും, ശരിയായ ആഹാരരീതികളെ പറ്റിമുള്ള ബോധവൽക്കരണ ക്ലാസ്സുകളാണ് നടത്തിയത്.

**ഗോഡ്സ് ഓൺ ഫാമിലി പദ്ധതി മുഖേന സഹായം ലഭിച്ച ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു.**

കിരാലൂർ-Rs.5,000/-, ചേലക്കര-Rs.30,000/-,
ചുവന്നമണ്ണ്-Rs.10,000/-,
അരിമ്പൂർ-Rs.13,000/-,
പുറനാട്ടുകര-Rs.6,000/-,
പൊന്നൂക്കര-Rs.15,000/-,
തൈക്കാട്ടുശ്ശേരി-Rs.4,000/-.

**സ്നേഹനിധി വാർഷിക പൊതുയോഗങ്ങൾ നടന്നു.**

ആർത്താറ്റ്, ചേലക്കര, ചിറനെല്ലൂർ എന്നീ യൂണിറ്റുകളിൽ വാർഷിക പൊതുയോഗം നടന്നു.യോഗത്തിൽ കഴിഞ്ഞ വർഷത്തെ പ്രവർത്ത നങ്ങൾ വിലയിരുത്തുകയും കണക്കുകൾ അവതരിപ്പിച്ച് പാസാക്കു കയും ചെയ്തു. യോഗങ്ങളിൽ വികാരിമാർ,സാന്ത്വനം ഡയറക്ടർ, സ്നേഹനിധി കോ–ഓർഡിനേറ്റർ എന്നിവർ സന്നിഹിതരായിരുന്നു. യോഗത്തോടനുബന്ധിച്ച് സാന്ത്വനം ഡയറക്ടർ ബോധവല്ക്കരണ ക്ലാസ്സ് സംഘടിപ്പിക്കുകയുണ്ടായി.

**കരുതൽ ക്ഷേമ പദ്ധതി.**

സ്നേഹനിധി അംഗങ്ങൾക്കു വേണ്ടിയുള്ള കരുതൽ ക്ഷേമ പദ്ധതിയിൽ നിന്നും 219 അംഗങ്ങൾക്കായി 11,62,980 രൂപ സഹായം നല്കി. 141 പേർക്ക് വിവാഹസഹായവും 63 പേർക്ക് ചികിത്സാസ ഹായവും 14 പേർക്ക് മരണാനന്തരസഹായവുമാണ് നല്കിയത്.

**ദർശൻ ആനുവൽ ജനറൽ ബോഡി മീറ്റിങ്ങിൽ പങ്കെടുത്തു.**

കെ.എസ്.എസ്. ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ദർശന്റെ വാർഷിക പൊതുയോഗം കോട്ടയം ആമോസ് സെന്ററിൽ വച്ചു നടന്നു. യോഗത്തിൽ ശ്രീമതി. ലിസ്സി വർഗ്ഗീസ്, ശ്രീമതി.ബീന വർഗ്ഗീസ് എന്നിവർ സാന്ത്വനത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തു.

**ഫാ.തോമസ് പൂപ്പാടി**
**ഡയറക്ടർ**

FAMILY
APOSTOLATE
CENTRE
THRISSUR



# ഫാമിലി അപ്പോസ്റ്റലേറ്റ്

**ഗർഭിണികൾക്കുവേണ്ടിയുള്ള പഠന പ്രാർത്ഥനാശുശ്രൂഷ**

**സെപ്റ്റംബർ 9 ഞായർ (10.30 AM – 3.30 PM)**

ശിശുവിന്റെ സ്വഭാവരൂപീകരണം ഗർഭാവസ്ഥയിൽ ആരംഭിക്കു ന്നുവെന്ന് തെളിയക്കപ്പെട്ടിരിക്കുന്ന കാലമാണിന്ന്. ഗർഭാവസ്ഥയിൽ നന്നായി ഒരുങ്ങിയും പ്രാർത്ഥിച്ചും സ്വീകരിക്കുന്ന കുഞ്ഞുങ്ങൾ വൈകാ രിക പക്വതയുള്ളവരായിത്തീരും. ഇങ്ങനെയുള്ള മക്കൾക്ക് ജന്മം നൽകു

ന്നതിന് സഹായിക്കുവാനായി തൃശ്ശൂർ ഫാമിലിഅപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ഗർഭിണികൾക്കായുള്ള പ്രാർത്ഥനാ കൂട്ടായ്മ സംഘടിപ്പിക്കുന്നു. പരസ്പര പങ്കുവയ്പ്പിലൂടെയും പ്രാർത്ഥനയിലൂടെയും ഗർഭകാല സഹനങ്ങൾ രക്ഷാകരമാക്കുവാനുതകുന്ന സാക്ഷ്യങ്ങളും വൈദ്യശാസ്ത്ര മനശാസ്ത്ര വിദ്ഗ്ധരുടെ ഉപദേശങ്ങളും അടങ്ങിയതാണ് ഈ പ്രാർത്ഥനാ കൂട്ടായ്മ. ദൈവമക്കൾക്ക് ജന്മം നൽകുവാൻ സഹായിക്കുന്ന ഈ പ്രാർത്ഥനാ കൂട്ടായ്മയിലേക്ക് എല്ലാ ഗർഭിണികളേയും സ്വാഗതം ചെയ്യുന്നു. തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് സെപ്റ്റംബർ 9–ാം തിയ്യതി രാവിലെ 10.30 മുതൽ 3.30 മണി വരെയായിരിക്കും. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

**വിധവകളുടെ കൂട്ടായ്മ**

**സെപ്റ്റംബർ 10**

വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുകയും ജീവിതപങ്കാളിയുടെ മരണം മൂലം ഏകാന്തതയും ദുഃഖവും അനുഭവിക്കുന്നവരുടെ ഏകദിന കൂട്ടായ്മ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് സെപ്റ്റംബർ 10–ാം തിയ്യതി തിങ്കളാഴ്ച രാവിലെ 9.30 ന് ആരംഭിച്ച് ഒരു മണിക്ക് വി.കുർബ്ബാനയോടെ സമാപിക്കുന്നു. പ്രാർത്ഥനയിലൂടെയും പരസ്പരമുള്ള പങ്കുവയ്പിലൂടെയും വിധവകളനുഭവിക്കുന്ന സഹനങ്ങളെ അതിജീവിക്കാനും ദൈവരാജ്യ ശുശ്രൂഷയ്ക്കായി തങ്ങളുടെ ശിഷ്ട സമയത്തെ ഫലപ്രദമായി ഉപയോഗിക്കുവാൻ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ഈ കൂട്ടായ്മയുടെ ലക്ഷ്യം. ഈ കൂട്ടായ്മയിലേക്ക് വിധവകളായ എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

**വിവാഹ കോഴ്സ് ബുക്ക് ചെയ്യാനുള്ള പുതിയ സൈറ്റ്**

വിവാഹ കോഴ്സ് ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള പുതിയ സൈറ്റാണ് trichurfamilyapostolate.org എന്നത്. ഈ വെബ്സൈറ്റ് തുറന്ന് മെനുബാറിൽ നിന്നും premarriage course എന്ന tab തുറന്നാൽ കാണുന്ന വിവിധ ആഴ്ചകളിലെ course list ൽ നിന്നും ആവശ്യമുള്ള date നു നേരെ കാണുന്ന booking tab click ചെയ്താൽ ഒരു form തുറന്നു കിട്ടും. എല്ലാ details ഉം പൂരിപ്പിച്ച് കഴിഞ്ഞാൽ course fee അടക്കുന്നതിനുള്ള gateway details വരും, debit card ഉപയോഗിച്ചോ credit card ഉപയോഗിച്ചോ payment നടത്താവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാൻ അറിയാത്തവർക്ക് തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വന്ന് ബുക്ക് ചെയ്യാവുന്നതാണ്.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ.ജിയോ തെക്കിനിയത്ത്**
അസോ.ഡയറക്ടർ

# കുടുംബക്കൂട്ടായ്മ



**ചർച്ചാപഠനപരിശീലന ക്യാമ്പ്**

**സെപ്റ്റംബർ 29 ശനി, 2.30 pm**

ആഗസ്റ്റ് മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. ഒക്ടോബർ മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് സെപ്റ്റംബർ 29–ാം തിയ്യതി ശനിയാഴ്ച്ച ഉച്ച കഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് താൽപര്യമുള്ളവരെ പറഞ്ഞയക്കുമല്ലോ.

**കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായുള്ള മത്സരങ്ങൾ**

**സെപ്റ്റംബർ 29 ശനി**

ഇടവക, ഫൊറോന തല മത്സരങ്ങൾക്കുശേഷം അതിരൂപതാതല മത്സരങ്ങൾ സെപ്റ്റംബർ 29 ശനിയാഴ്ച ഫാമിലി അപ്പസ്റ്റൊലേറ്റ് ഹാളിൽ വച്ച് നടത്തപ്പെടുന്നു.

സെപ്റ്റംബർ 29 – 9.30 am to 11.00 am – നിമിഷപ്രസംഗം, പുത്തൻപാന പാരായണം

സെപ്റ്റംബർ 29 – 11.00 am to 1.30 pm – സംഘഗാനം

സെപ്റ്റംബർ 29 – 3.00 pm to 4.30 pm – പ്രബന്ധരചന, ചെറുകഥ, കവിതാ രചന

വിശദവിവരങ്ങൾ കഴിഞ്ഞ ലക്കത്തിൽ അറിയിച്ചിരുന്നു. സെപ്റ്റംബർ 15 നു മുൻപായി അതിരൂപത കുടുംബകൂട്ടായ്മ ഓഫീസിൽ പേരുകൾ നൽകേണ്ടതാണ്.

**തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ ഭാരവാഹികൾ പ്രതിഷേധിച്ചു**

കുമ്പസാരമെന്ന പവിത്രവും പരിപാവനവുമായ കൂദാശയെ അവഹേളിച്ചതിൽ ഞങ്ങൾ പ്രതിഷേധിക്കുന്നു. തൃശ്ശൂർ അതിരൂപത കുടുംബ കൂട്ടായ്മ : കത്തോലിക്ക സഭയിലെ ഏറ്റവും പരിപാവനവും

പവിത്രവുമായ കുമ്പസാരം എന്ന കൂദാശയെ അവഹേളിക്കുന്ന രീതിയിൽ അഭിപ്രായപ്രകടനങ്ങൾ നടത്തുകയും കുമ്പസാരം നിരോധിക്കണം എന്ന് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്യുകയും ചെയ്ത ദേശായ വനിതാ കമ്മീഷൻ അദ്ധ്യക്ഷ രേഖാശർമയുടെ നിലപാട് അത്യന്തം വേദനാജനകവും പ്രതിഷേധാർഹവുമാണെന്ന് തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ. ഇന്ത്യൻ ഭരണഘടന അനുവദിച്ച് നൽകിയിരിക്കുന്ന ന്യൂനപക്ഷ അവകാശങ്ങൾക്കും മതസ്വാതന്ത്ര്യത്തിനുമെതിരായി ചില പ്രത്യേക താൽപര്യങ്ങൾക്കുവേണ്ടി നടത്തിയ ഗൂഢാലോചനയുടെ ഫലമാണ് ഇതെന്ന് യോഗം വിലയിരുത്തി. തികച്ചും നിക്ഷ്പക്ഷമായ രീതിയിൽ പ്രവർത്തനങ്ങൾ നടത്തേണ്ട പദവിയിലിരുന്ന് തന്റെ പദവി ദുരുപയോഗം നടത്തിയ ദേശീയ വനിത കമ്മീഷൻ അദ്ധ്യക്ഷ രേഖാശർമ്മ മാപ്പു പറഞ്ഞ് തന്റെ സ്ഥാനം രാജിവച്ച് ഈ പദവിയോട് മാന്യതപുലർത്തണമെന്ന് യോഗം ഐക്യകണ്ഠേന ആവശ്യപ്പെട്ടു. പ്രതിഷേധയോഗം അതിരൂപത കുടുംബകൂട്ടായ്മ ഡയറക്ടർ റവ.ഡോ. ഡെന്നി താണിക്കൽ ഉദ്ഘാടനം ചെയ്തു. അതിരൂപത അസി.ഡയറക്ടർ റവ. ഫാ. സീജൻ ചക്കാലക്കൽ ആമുഖപ്രഭാഷണം നടത്തി. അതിരൂപത കുടുംബകൂട്ടായ്മ ജനറൽ കൺവീനർ ശ്രീ. എ. എ. ആന്റണി അദ്ധ്യക്ഷനായിരുന്നു. അതിരൂപത കുടുംബകൂട്ടായ്മ ജനറൽ സെക്രട്ടറി ശ്രീ. പോൾ പാറയ്ക്കൽ പ്രതിഷേധ പ്രമേയം അവതരിപ്പിച്ചു. എല്ലാ ഇടവകകളിലും ശക്തമായ തുടർ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കാനും ഇതിനെതിരെ ബോധവൽക്കരണം നടത്താനും യോഗം തീരുമാനിച്ചു. അതിരൂപത ട്രഷറർ ശ്രീ. ഷിന്റോ മാത്യു സ്വാഗതവും ജോയിന്റ് സെക്രട്ടറി ജിനീഷ് വടക്കുംഞ്ചേരി നന്ദിയും രേഖപ്പെടുത്തി.

**വിശ്വാസ സംരക്ഷണ സദസ്സ്**

തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ ആഗസ്റ്റ് 5 ന് തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ സംഘടിപ്പിച്ച വിശ്വാസി സമൂഹത്തിന്റെ കൂട്ടായ്മ വൻവിജയമാക്കാൻ അതിരൂപത അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് പിതാവ് കുടുംബകൂട്ടായ്മയിൽ നിന്നും 5 പേരെങ്കിലും പങ്കെടുത്ത് വിജയിപ്പിക്കാൻ ആഹ്വാനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ സാന്നിദ്ധ്യം കൊണ്ട് സഹകരിക്കുകയും സഹായിക്കുകയും ചെയ്ത അതിരൂപതയിലെ എല്ലാ കുടുംബകൂട്ടായ്മ ഭാരവാഹികളെയും അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ പേരിലുള്ള നന്ദിയും സ്നേഹവും അറിയിക്കട്ടെ.

**അനുശോചനം**

മറ്റം ഫൊറോനയിലെ കൂനംമൂച്ചി ഇടവക സെന്റ് സേവ്യർ യൂണിറ്റ് പ്രസിഡണ്ട് പുലിക്കോട്ടിൽ ചുമ്മാർ മകൻ ജോസിന്റെ നിര്യാ

ണത്തിൽ തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മ ഡയറക്ടർ റവ. ഫാ. ഡെന്നി താണിക്കൽ അച്ചന്റെ നേതൃത്വത്തിൽ ഭാരവാഹികൾ പ്രാർത്ഥ നാപൂർവ്വം അനുശോചനം രേഖപ്പെടുത്തി.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. സീജൻ ചക്കാലക്കൽ**
അസി. ഡയറക്ടർ



# മാതൃവേദി

**വിധവകളുടെ കൂട്ടായ്മ**
**സെപ്റ്റംബർ 10**

വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുകയും ജീവിതപങ്കാളി യുടെ മരണം മൂലം ഏകാന്തതയും ദുഃഖവും അനുഭവിക്കുന്നവരുടെ ഏകദിന കൂട്ടായ്മ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് സെപ്റ്റം ബർ 10–ാം തിയ്യതി തിങ്കളാഴ്ച രാവിലെ 9.30 ന് ആരംഭിച്ച് ഒരു മണിക്ക് വി.കുർബ്ബാനയോടെ സമാപിക്കുന്നു. പ്രാർത്ഥനയിലൂടെയും പരസ്പര മുള്ള പങ്കുവയ്പിലൂടെയും വിധവകളനുഭവിക്കുന്ന സഹനങ്ങളെ അതി ജീവിക്കാനും ദൈവരാജ്യ ശുശ്രൂഷയ്ക്കായി തങ്ങളുടെ ശിഷ്ട സമ യത്തെ ഫലപ്രദമായി ഉപയോഗിക്കുവാൻ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ഈ കൂട്ടായ്മയുടെ ലക്ഷ്യം. ഈ കൂട്ടായ്മയിലേക്ക് വിധ വകളായ എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

**കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**
**സെപ്റ്റംബർ 10**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തു ക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ആഗസ്റ്റ് മാസ ത്തിൽ നടത്തേണ്ടത് എരുമപ്പെട്ടി, പുതുക്കാട് എന്നീ ഫൊറോനകളിലെ ഇടവകകളാണ്. ഈ ഫൊറോനകളിലെ എല്ലാ മാതൃവേദി യൂണിറ്റു

കാരെയും സ്നേഹത്തോടെ കഷണിക്കുന്നു. കൂടാതെ മറ്റ് ഫൊറോന കളിലെ മാതൃവേദി അംഗങ്ങൾക്കും കരകൗശല, ഫുഡ് പ്രദർശന ത്തിനും, വിൽപ്പനയ്ക്കും കൊണ്ടുവരാവുന്നതാണ്.

**ഭാരവാഹികളുടെ ലിസ്റ്റ്**

പ്രിയ അമ്മമാരെ നിങ്ങളുടെ യൂണിറ്റിലെ മാതൃവേദിയുടെ ഇട വക ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് കഴിഞ്ഞിരിക്കുമല്ലോ. ഇനിയും തരാ ത്തവർ എത്രയും വേഗം ഭാരവാഹികളുടെ ലിസ്റ്റ് വികാരിയച്ചന്റെ ഒപ്പോ ടുക്കൂടി മാതൃവേദി ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ




## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന**

**സെപ്റ്റംബർ 3 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗ ങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തി നുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഗർഭിണികൾക്കുവേണ്ടിയുള്ള പഠന പ്രാർത്ഥനാശുശ്രൂഷ**

**സെപ്റ്റംബർ 9 ഞായർ (10.30 AM – 3.30 PM)**

ശിശുവിന്റെ സ്വഭാവരൂപീകരണം ഗർഭാവസ്ഥയിൽ ആരംഭിക്കുന്നു വെന്ന് തെളിയക്കപ്പെട്ടിരിക്കുന്ന കാലമാണിന്ന്. ഗർഭാവസ്ഥയിൽ നന്നായി ഒരുങ്ങിയും പ്രാർത്ഥിച്ചും സ്വീകരിക്കുന്ന കുഞ്ഞുങ്ങൾ വൈകാരിക പക്വ തയുള്ളവരായിത്തീരും. ഇങ്ങനെയുള്ള മക്കൾക്ക് ജന്മം നൽകുന്നതിന് സഹായിക്കുവാനായി തൃശ്ശൂർ ഫാമിലിഅപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വ ത്തിൽ ഗർഭിണികൾക്കായുള്ള പ്രാർത്ഥനാ കൂട്ടായ്മ സംഘടിപ്പിക്കുന്നു.

പരസ്പര പങ്കുവയ്പ്പിലൂടെയും പ്രാർത്ഥനയിലൂടെയും ഗർഭകാല സഹനങ്ങൾ രക്ഷാകരമാക്കുവാനുതകുന്ന സാക്ഷ്യങ്ങളും വൈദ്യശാസ്ത്ര മനശാസ്ത്ര വിദ്ഗ്ധരുടെ ഉപദേശങ്ങളും അടങ്ങിയതാണ് ഈ പ്രാർത്ഥനാ കൂട്ടായ്മ. ദൈവമക്കൾക്ക് ജന്മം നൽകുവാൻ സഹായിക്കുന്ന ഈ പ്രാർത്ഥനാ കൂട്ടായ്മയിലേക്ക് എല്ലാ ഗർഭിണികളേയും സ്വാഗതം ചെയ്യുന്നു. തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് സെപ്റ്റംബർ 9-ാം തിയ്യതി രാവിലെ 10.30 മുതൽ 3.30 മണി വരെയായിരിക്കും. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

**പ്രോലൈഫ് അദ്ധ്യാപക സെമിനാർ – 2017**

**സെപ്റ്റംബർ 21 വെള്ളി (രാവിലെ 9.30 മുതൽ 3.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ മുഴുവൻ സ്കൂളിലെയും കത്തോലിക്കാ അദ്ധ്യാപിക-അദ്ധ്യാപകർക്കായി ഒരു പ്രോലൈഫ് സെമിനാർ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ വച്ച് നടത്തുന്നു. സെപ്തംബർ 21 വെള്ളിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചതിരിഞ്ഞ് 3.30 മണി വരെ നടക്കുന്ന സെമിനാറിൽ ആധുനിക കാലഘട്ടത്തിലെ ജീവന്റെ വെല്ലുവിളികളും മറ്റ് ആനുകാലിക വിഷയങ്ങളും സംബന്ധിച്ച് പ്രഗത്ഭരായ വ്യക്തികളുടെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ബന്ധപ്പെടേണ്ട നമ്പർ 9846142576.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്



# ബൈബിൾ അപ്പോസ്തോലേറ്റ്

**വെരിത്താസ് – ലോഗോസ് മത്സരങ്ങൾക്ക് 40,000 പേർ**

കെ.സി.ബി.സി ഒരുക്കുന്ന ലോഗോസ് ക്വിസിനും, തൃശ്ശൂർ അതിരൂപത വെരിത്താസ് ക്വിസ് മത്സരത്തിന്റെയും രജിസ്ട്രേഷൻ ആഗസ്റ്റ് 15ന് അവസാനിച്ചു. അതിരൂപതയിലെ 230 സെന്ററുകളിൽ നിന്നായി

40,000ത്തോളം പേരാണ് മത്സരങ്ങൾക്ക് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ബഹു. വികാരിയച്ചന്മാർക്കും ഇടവക ആനിമേറ്റർമാർക്കും പ്രത്യേകം നന്ദി...

അതിരൂപതതല വെരിത്താസ് ക്വിസ് മത്സരം സെപ്റ്റംബർ 16നും, ലോഗോസ് ക്വിസ് സെപ്റ്റംബർ 30നും ഓരോ ഇടവക സെന്ററുകളിൽ ഉച്ചയ്ക്ക് 2 മണിയ്ക്ക് നടക്കും. രജിസ്റ്റർ ചെയ്തിരിക്കുന്ന എല്ലാവർക്കും ഒരു മാനദണ്ഡങ്ങളുമില്ലാതെ രണ്ട് മത്സരങ്ങളിലും പങ്കെടുക്കാവുന്നതാണ്.

**ഇതര വെരിത്താസ് ക്വിസ് മത്സരങ്ങൾ**

അതിരൂപതതലത്തിൽ വിവിധ വിഭാഗങ്ങൾക്കുവേണ്ടി നടത്തപ്പെട്ട ഇതര വെരിത്താസ് ക്വിസ് മത്സരങ്ങൾ ആഗസ്റ്റ് 5ന് യൂത്ത് വെരിത്താസ് ക്വിസിനോടുകൂടെ ആരംഭം കുറിച്ചു. ഏകദേശം 255ഓളം യുവജനങ്ങൾ പങ്കെടുത്തു. ആഗസ്റ്റ് 12ന് അതിരൂപതയിലെ കുടുംബങ്ങൾ ഒരുമിച്ചെഴുതിയ ഫാമിലി വെരിത്താസ് ക്വിസിൽ 100ഓളം കുടുംബങ്ങൾ പങ്കെടുത്തു. ആഗസ്റ്റ് 19ന് അതിരൂപതയിലെ 350 ഓളം മതബോധന അദ്ധ്യാപകരും, ആഗസ്റ്റ് 26ന് 100ഓളം സമർപ്പിതരും, മതബോധന അദ്ധ്യാപകർക്കും സമർപ്പിതർക്കും ആയി നടത്തപ്പെട്ട വെരിത്താസ് ക്വിസിൽ പങ്കെടുത്തും. സെപ്റ്റംബർ 2ന് എല്ലാ വിശ്വാസികൾക്കുമുള്ള വചനമെഴുത്ത് മത്സരവും, സെപ്റ്റംബർ 9ന് മതബോധന വിദ്യാർത്ഥികൾക്ക് വേണ്ടിയും മത്സരങ്ങൾ സെ. തോമാസ് കോളേജ് ഹയർ സെക്കന്ററി സ്ക്കൂൾ ഹാളിൽ വെച്ച് നടക്കും.

**ബൈബിൾ വർണ്ണങ്ങൽ – 2018**

ഒന്നു മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്കായി എല്ലാ വർഷവും നടത്തി വരാറുള്ള ബൈബിൾ വർണ്ണങ്ങൾ ചിത്രരചനാമത്സരം, 2018 സെപ്റ്റംബർ 21ന് വെള്ളിയാഴ്ച തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ച് രാവിലെ 9.30 മുതൽ 12.30 വരെ നടക്കുന്നു. മത്സരത്തിന് സെപ്റ്റംബർ 15 വരെ രജിസ്റ്റർ ചെയ്യാൻ സാധിക്കും. പെൻസിൽ ഡ്രോയിംഗ്, പെയിന്റിംഗ് മത്സരങ്ങളാണ് ഉണ്ടായിരിക്കുക. 2–ാം ക്ലാസ്സു വരെയുള്ളവർക്ക് കളറിംഗ് മത്സരം മാത്രമേ ഉണ്ടായിരിക്കുകയുള്ളു. കൂടുതൽ വിവരങ്ങൾക്ക്: 7558937090, 9447721976, 0487–2320780

**വിശുദ്ധനാട് തീർത്ഥാടനങ്ങൾ**

വിശുദ്ധനാട് തീർത്ഥാടനങ്ങൽ 2018 സെപ്റ്റംബർ 18, ഒക്ടോബർ 13, നവംബർ 3 എന്നീ തിയ്യതികളിൽ പുറപ്പെടുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായോ, വികാരിയച്ചന്മാരുമായോ ബന്ധപ്പെടുമല്ലോ.

ഫോൺ: 0487–2320780, 7558937090, 8921266465

**ഫാ. ലിജോ ചിരിയങ്കണ്ടത്ത്**
**ഡയറക്ടർ**




## Student Emotional & Intellectual Asssessment Test (SEAT)

എക്സൽ അക്കാദമിയിലെ നിലവിലുള്ള കോഴ്സുകളോടൊപ്പം, സ്കൂൾ, കോളേജ് തലങ്ങളിൽ വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ്സുകളും സൗജന്യമായി സംഘടിപ്പിക്കുന്നുണ്ട്. മികച്ച പ്രതികരണത്തിന്റെ അടിസ്ഥാനത്തിൽ എക്സൽ അക്കാദമിയുടെ എക്സിക്യൂട്ടീവ് കൗൺസിലിന്റെ തീരുമാനമനുസരിച്ച്, ഈ വർഷം അതിരൂപതയിലെ എല്ലാ സ്കൂളുകളിലും 10th, +2വിദ്യാർത്ഥികൾക്ക് ഇത്തരം കരിയർ ഗൈഡൻസ് മോട്ടിവേഷൻ ക്ലാസ്സുകൾ നടത്തണമെന്ന് അഭിപ്രായപ്പെടുകയുണ്ടായി. ഈ ക്ലാസ്സിനോടൊപ്പം ഒരു Student Emotional & Intellectual Asssessment Test (SEAT)
നടത്തി, ഓരോ കുട്ടികളുടേയും അഭിരുചിയെ കണ്ടെത്തുവാൻ പരിശ്രമിക്കണമെന്നും നിർദ്ദേശിച്ചു. മാതാപിതാക്കളേയും വിദ്യാർത്ഥികളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള, ഒന്നര മണിക്കൂർ Career Guidence, Motivation ക്ലാസ്സുകളും വിദ്യാർത്ഥികൾക്കുവേണ്ടി ഒരു മണിക്കൂർ Asssessment Test ഉം ആണ് ഈ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എല്ലാ സ്കൂളുകളിലേക്കും സർക്കുലർ അയച്ചുകഴിഞ്ഞിട്ടുണ്ട്. ക്ലാസ്സുകൾ നടത്തുവാനുള്ള തിയ്യതിയും, സമയവും തീരുമാനിച്ച്, **ആഗസ്റ്റ് 20** ന് മുമ്പായി എക്സൽ അക്കാദമി ഓഫീസിൽ അറിയിക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് : **9847276657, 9846905210**

## PSC Free Online Quiz Programme

PSCകോച്ചിങ്ങിനുള്ള സൗജന്യ ഓൺലൈൻ ക്വിസ് പ്രോഗ്രാം **'Excel PSC Quiz'**, അതിരൂപതാ മെത്രാപ്പോലീത്ത, ആഗസ്റ്റ് 6–ാം തിയ്യതി ഉദ്ഘാടനം ചെയ്തു. ഈ ക്വിസ് പ്രോഗ്രാമിന്റെ പത്തു ഷെഡ്യൂളുകളിലും പങ്കെടുത്ത്, വിജയം വരിക്കുന്ന വ്യക്തികൾക്ക് ആകർഷകമായ സമ്മാനങ്ങളും ക്യാഷ് പ്രൈസുകളും നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് : **9495278764- www.excel psc.com**

**PSC സൗജന്യ സ്കോളർഷിപ്പ് പരീക്ഷ**

അതിരൂപതയിലെ എല്ലാ ഇടവകകളിലേയും 18 വയസ്സുമുതൽ 35 വരെയുള്ള ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി ; **ഒക്ടോബർ 7-ാം** തിയ്യതി ഞായറാഴ്ച, PSC സൗജന്യ സ്കോളർഷിപ്പ് പരീക്ഷ, DBCLC യിലെ Execl Academy ആഡിറ്റോറിയത്തിൽ വെച്ച് **1.30 മുതൽ 3.30** വരെ നടത്തുന്നു. മിനിമം യോഗ്യത 7-ാംക്ലാസ്സ് വിജയം. എല്ലാ ഇടവക വികാരിമാരും, പ്രതിനിധി അംഗങ്ങൾ, കുടുംബ സമ്മേളന ഭാരവാഹികൾ എന്നിവരും, ഇക്കാര്യം പ്രതിനിധിയോഗങ്ങളിലും യൂണിറ്റുകളിലും അറിയിച്ച്, ഇടവകകളിലെ PSC സൗജന്യ സ്കോളർഷിപ്പ് പരീക്ഷ എഴുതുവാൻ ആഗ്രഹിക്കുന്ന വ്യക്തികളെ കണ്ടെത്തി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കൂടുതൽ വിവരങ്ങൾക്ക് : **9495278764, 9744941585**

**<u>IELTS- English Proficiency Test Award Day</u>**

തൃശൂർ ജില്ലയിലെ ഹോസ്പിറ്റലുകളിലെ നഴ്സുമാർക്കും, നഴ്സിങ്ങ് വിദ്യാർത്ഥികൾക്കുമായി ജൂലായ് മാസത്തിൽ നടത്തിയ IELTS- English Proficiency Testൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക്, **സെപ്റ്റംബർ 1-ാം തിയ്യതി**, തൃശൂർ ബിഷപ്പ് ഹൗസിലെ Excel Academy IELTS
Campus ൽ വെച്ച് Amala Medical Nursing College Principle, Mr. Raji Raghunath ഉദ്ഘാടനം ചെയ്ത യോഗത്തിൽ, Execl Academy Director, Fr. Davis Thekkekara സമ്മാനദാനം നിർവ്വഹിച്ചു.

**K-TET കോച്ചിങ്ങ്**

Execl Academy യുടെ K-TET കോച്ചിങ്ങ് രണ്ടാമത്തെ ബാച്ചിന്റെ റിസൽട്ട് പ്രസിദ്ധീകരിച്ചു. പരീക്ഷ എഴുതിയ വിദ്യാർത്ഥികളിൽ 80% പേരും വിജയം വരിച്ചുവെന്നുള്ളത് Excel Academyയുടെ പ്രവർത്തനങ്ങളുടെ മാറ്റു കൂട്ടുന്നു. K-TET കോച്ചിങ്ങിന്റെ മൂന്നാമത്തെ ബാച്ചിന്റെ ക്ലാസ്സുകൾ തുടർന്നുകൊണ്ടിരിക്കുന്നു.

**ഫാ. ഡേവീസ് തെക്കേക്കര**
**ഡയറക്ടർ**




**സഹായഹസ്തവുമായി കെ.സി.വൈ.എം**

കാലവർഷത്തിൽ തൃശൂർ ജില്ലയിൽ ഏറ്റവും കൂടുതൽ ദുരിതമനുഭവിച്ച ചിറയ്ക്കൽ മേഖലയിലെ ദുരിതാശ്വാസ ക്യാമ്പുകളും മറ്റ് ദുരിതമനുഭവിക്കുന്ന പ്രദേശങ്ങളിലും കെ.സി.വൈ.എം അതിരൂപത സമിതി സന്ദർശനം നടത്തുകയും ദുരിതാശ്വാസ ക്യാമ്പിലേക്കാവശ്യമായ സാധനങ്ങൾ കൈമാറുകയും ചെയ്തു.

**സംസ്ഥാന സെനറ്റ് സമ്മേളനം**

കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ തലശ്ശേരി സന്ദേശഭവനിൽ ജൂലൈ 27,28,29 തിയ്യതികളിൽ നടന്ന സംസ്ഥാന സെനറ്റിൽ തൃശൂർ അതിരൂപതയെ പ്രതിനിധീകരിച്ചുകൊണ്ട്, അതിരൂപത പ്രസിഡണ്ട് അനൂപ് പുന്നപ്പുഴ നേതൃത്വത്തിൽ  മറ്റു രൂപത ഭാരവാഹികളും പങ്കെടുത്തു.  കെ.സി.വൈ.എം അതിരൂപത സമിതി കഴിഞ്ഞ 6 മാസത്തെ പ്രവർത്തന റിപ്പോർട്ട് സെനറ്റിൽ അവതരിപ്പിച്ചു.

**കൊട്ടേക്കാട് –പഴുവിൽ– എരുമപ്പെട്ടി ഫൊറോനകളുടെ സെനറ്റ് സമ്മേളനം**

കൊട്ടേക്കാട് ഫൊറോന സെനറ്റ് സമ്മേളനം വിയ്യൂരിലും, പഴുവിൽ ഫൊറോന സെനറ്റ് സമ്മേളനം പുത്തൻപീടികയിലും,  എരുമപ്പെട്ടി ഫൊറോന സെനറ്റ് സമ്മേളനം എരുമപ്പെട്ടിയിലും സമ്മേളിച്ചു.  അതിരൂപത ഡയറക്ടർ ഫാ.ഡിറ്റോ കൂള സെനറ്റുകൾ ഉദ്ഘാടനം ചെയ്തു.

**അതിരൂപതാ ജനറൽബോഡി യോഗം**

കെ.സി.വൈ.എം അതിരൂപത  ജനറൽ ബോഡി യോഗം 2018 ആഗസ്ത് 5ന് തൃശൂർ പാസ്റ്ററൽ സെന്ററിൽ ചേർന്നു.  ജനറൽ ബോഡി യോഗം അതിരൂപത കെ.സി.വൈ.എം ഡയറക്ടർ ഫാ.ഡിറ്റോ കൂള ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡണ്ട് അനൂപ് പുന്നപ്പുഴ, ജനറൽ സെക്രട്ടറി ജിയോ എന്നിവർ പ്രസംഗിച്ചു. സംഘടനയുടെ ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

**പ്രാർത്ഥന യജ്ഞം**

കെ.സി.വൈ.എം. അതിരൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ സഭയ്ക്കെതിരെ നടക്കുന്ന തെറ്റായ പ്രചാരണങ്ങൾക്കും സഭയുടെ പരിശുദ്ധമായ കൂദാശയായ കുമ്പസാരത്തെ അവഹേളിച്ച വനിത കമ്മീഷന്റെ പരാമർശത്തിൽ പ്രതിഷേധിച്ച് കെ.സി.വൈ.എം പ്രാർത്ഥനയജ്ഞം സംഘടിപ്പിച്ചു.

**ലോഗോ പ്രകാശനം ചെയ്തു**

2018 സെപ്തംബർ 16ന് തൃശൂർ ഡി.ബി.സി.എൽ.സി യിൽ നടക്കുന്ന അതിരൂപത യുവജനദിനാഘോഷത്തിന്റെ ലോഗോ തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ജനറൽ കൺവീനർ സാജൻ ജോസിന് കൈമാറി ഉദ്ഘാടനം ചെയ്തു.

**അതിരൂപതയുവജനദിനാഘോഷം**

'വിശ്വാസവും വിളി സംബന്ധമായ വിവേചിച്ചറിയൽ" എന്ന ആപ്തവാക്യത്തെ കേന്ദ്രമാക്കി കെ.സി.വൈ.എം തൃശൂർ അതിരൂപത യുവജനദിനാഘോഷം സെപ്തംബർ 16ന് തൃശൂർ ഡി.ബി.സി.എൽ.സി ഹാളിൽ സംഘടിപ്പിക്കുന്നു. യുവജനദിനാഘോഷത്തിന്റെ ഭാഗമായി യുവജനദിവ്യബലി, ഫൊറോന സെനറ്റ്, റിപ്പോർട്ട് അവതരണം, രൂപത റിപ്പോർട്ടിങ്ങ്, സെമിനാർ, കൾച്ചറൽ പ്രോഗ്രാം, പൊതുസമ്മേളനം, യുവജനറാലി എന്നിവ ഉണ്ടായിരിക്കുന്നതാണ്.

**മേഖലാ പ്രയാണങ്ങൾ**

അതിരൂപത യുവജനസംഗമ സമ്മേളനനഗരിയിലേയ്ക്കുള്ള ആര് മേഖല പ്രയാണങ്ങൾ സമ്മേളനനഗരിയായ ഡി.ബി.സി.എൽ.സി യിൽ സെപ്തംബർ 15 ശനിയാഴ്ച വൈകുന്നേരം 6 മണിയ്ക്ക് എത്തിച്ചേരുന്നു.

**ദീപശിഖ പ്രയാണം:** വി.തോമസ് ശ്ലീഹായുടെ പാദസ്പർശമേറ്റ പാലയൂരിന്റെ മണ്ണിൽ നിന്നും.

**പതാക പ്രയാണം:** ചേലക്കര ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ കബറിടത്തിൽ നിന്നും.

**ഛായചിത്ര പ്രയാണങ്ങൾ:**

1. കെ.സി.വൈ.എം സംഘടനയെ തൃശൂർ അതിരൂപതയിൽ സ്ഥാപിച്ച ദിവംഗതനായ മാർ ജോസഫ് പിതാവിന്റെ കബറിടത്തിൽ നിന്നും.
2. കെ.സി.വൈ.എം സംഘടനയുടെ പ്രഥമ ഡയറക്ടറായിരുന്ന മോൺ. തോമസ് തലച്ചിറ അച്ഛന്റെ കബറിടത്തിൽ (ചേരുംകുഴി) നിന്നും.
3. അർണോസ് പാതിരിയുടെ പാദസ്പർശം ഏറ്റ വേലൂരിന്റെ മണ്ണിൽ നിന്നും.

4. കെ.സി.വൈ.എം സംഘടനയുടെ സംസ്ഥാന പ്രസിഡണ്ട് ആയിരുന്ന പോൾ നെല്ലിശ്ശേരിയുടെ (ഒല്ലൂർ) കബിറടത്തിൽ നിന്നും.

| | | |
|---|---|---|
| **ഫാ. ഡിറ്റോ കൂള** | **അനൂപ് പുന്നപ്പുഴ** | **ജിയോ ജോൺ** |
| ഡയറക്ടർ | പ്രസിഡണ്ട് | സെക്രട്ടറി |




# സി.എൽ.സി.

## വി.ഇഗ്നേഷ്യസ് ലയോള അനുസ്മരണം

അതിരൂപത സി.എൽ.സി.യുടെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ വി. ഇഗ്നേഷ്യസ് ലയോള അനുസ്മരണദിനം ജൂലൈ 29 ഉച്ചക്ക് 1.30നു പാലയൂർ മാർത്തോമാ തീർത്ഥ കേന്ദ്രത്തിൽ വച്ച് ആചരിച്ചു. വിവിധ ഇടവകകളിൽ നിന്നായി യുവജനങ്ങൾ പങ്കെടുത്ത അനുസ്മരണ പൊതുസമ്മേളനം മാർ ടോണി നീലങ്കാവിൽ പിതാവ് ഉദ്ഘാടനം ചെയ്തു. അതിരൂപത സി.എൽ.സി പ്രസിഡന്റ് ശ്രീ. ജോമി ജോൺസൻ യോഗത്തിനു അധ്യക്ഷത വഹിച്ചു. പാലയൂർ ഫൊറോന വികാരി റവ. ഫാ. ജോസ് പുന്നോലിപറമ്പിൽ അനുഗ്രഹ പ്രഭാഷണവും, സി.എൽ.സി അതിരൂപത പ്രമോട്ടർ ഫാ. ജിയോ തെക്കിനിയത്ത് ആമുഖ പ്രഭാഷണവും നടത്തി. അതിരൂപത സി.എൽ.സി യുടെ പുതുക്കിയ നിയമാവലി മാർ ടോണി നീലങ്കാവിൽ പ്രകാശനം ചെയ്തു. ചടങ്ങിൽ വച്ച് മതബോധനത്തിൽ റാങ്ക് നേടിയവരെയും, എസ്.എസ്.എൽ .സി, പ്ലസ് ടു പരീക്ഷകളിൽ ഫുൾ എ പ്ലസ് നേടിയവരെയും ആദരിച്ചു. കോട്ടപടി ഇടവകയിൽ നിന്നും വികാരി റവ. ഫാ. നോബി അമ്പൂക്കൻ ഫ്ളാഗ് ഓഫ് ചെയ്ത പതാക പ്രയാണം പാലയൂർ ഇടവക അസി. വികാരി റവ. ഫാ. ജസ്റ്റിൻ തേക്കാനത്തും, പാവറട്ടി ഇടവകയിൽ നിന്നും വികാരി റവ. ഫാ. ജോസഫ് പൂവ്വത്തൂക്കാരൻ ഫ്ളാഗ് ഓഫ് ചെയ്ത ഛായചിത്ര പ്രയാണം പാലയൂർ ഇടവക സി.എൽ.സി അനിമേറ്റർ സി.ഷാരോൺ

FCCയും ഏറ്റുവാങ്ങി. വിവിധ യൂണിറ്റുകളിലെ കലാപരിപാടികൾ വി. ഇഗ്നേഷ്യസ് ലയോള അനുസ്മരണത്തിനു മാറ്റേകി.

**ഫാ. ജിയോ തെക്കിനിയത്ത്** ഡയറക്ടർ
**ജോമി ജോൺസൻ** പ്രസിഡണ്ട്
**ജെസ്വിൻ സാജു** സെക്രട്ടറി

## ചിൽഡ്രൻസ് മിനിസ്ട്രി




**ആനിമേറ്റേഴ്സ് സെമിനാർ**

ആനിമേറേറഴ്സിനായി ഏകദിന സെമിനാർ **സെപ്റ്റംബർ 22 ന്** ഡി.ബി.സി.എൽ.സി യിൽ വച്ച് രാവിലെ 9.30 a.m മുതൽ ആരംഭിക്കുന്നു. എല്ലാ ആനിമേറ്റേഴ്സും പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

**കലാമത്സരങ്ങൾ 2018 – 2019**

**അതിരൂപതാ മത്സരങ്ങൾ:** തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി. എൽ. സി. സംഘടനകളിലെ കുട്ടികൾക്കായി കലാമത്സരങ്ങൾ നടത്തുന്നു. സ്കൂൾ തല മത്സരങ്ങൾ **ഒക്ടോബർ 13 ശനിയാഴ്ച** ഡി ബി സി എൽ സി യിലും, സെന്റ് ക്ലയേഴ്സിലും, ഇടവകക്കാർ ഫൊറോന തലത്തിൽ മത്സരിച്ച് ഫസ്റ്റ് കിട്ടിയ മത്സരങ്ങൾ അതിരൂപതാ തലത്തിൽ **നവംബർ 20 ചൊവ്വാഴ്ചയും** ആയിരിക്കും നടക്കുക. സ്കൂൾ, ഇടവക എന്നിങ്ങനെ വ്യത്യാസപ്പെടുത്തിയാണ് തിരുബാലസംഖ്യം മത്സരങ്ങൾ നടക്കുക. തിരുബാലസംഖ്യം സ്കൂളുകളിലും ഉള്ളതുകൊണ്ടാണ് ഇങ്ങനെ വ്യത്യാസം വന്നിരിക്കുന്നത്. ഇടവക തലത്തിലെ കുട്ടികൾ സ്കൂളുമായി ഒരു മത്സരത്തിൽ പങ്കെടക്കുമ്പോൾ ഉയർന്ന പരാതികൾക്ക് പരിഹാരമെന്നോണമാണ് ഈ വർഷവും അതിരൂപതാ കലാമത്സരങ്ങൾ ഇടവകതലം, ഫൊറോന തലം, രൂപതാ തലം എന്നിങ്ങനെയായി തിരിച്ചത്. ഫൊറോന പ്രൊമോട്ടർമാർ വേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ ആവശ്യപ്പെടുന്നു. ഇനിയും യൂണിറ്റ് രജിസ്ട്രേഷൻ ചെയ്യാത്തവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വന്ന് രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപയാണ്.

അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഫൊറോന തല മത്സരം ആഗസ്റ്റ് മുതൽ ഒക്ടോബർ മാസം രണ്ടാമത്തെ ആഴ്ച വരെയുള്ള ദിവസങ്ങളിൽ നടത്തുവാൻ ഫൊറോന പ്രൊമോട്ടർമാരും ആനിമേറേഴ്സും ശ്രദ്ധിക്കുമല്ലോ. മത്സരങ്ങളുടെ പൊതുനിർദ്ദേശങ്ങളും എൻട്രി ഫോമും ലഭിക്കാത്തവർ ചിൽഡ്രൻസ് മിനിസ്ട്രി ബ്ളോഗ് സന്ദർശിക്കുക.
http://childrensministrytrichur.blogspot.in/

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** കർത്താവിൽ ആശ്രയിക്കുന്നവർ അചഞ്ചലമായി എന്നേക്കും നിലകൊള്ളുന്ന സിയോൻപർവ്വതം പോലെയാണ്. (സങ്കീ. 125:1)

**സുകൃതജപം:** എന്റെ ഈശോയെ എന്റെ കൂടെയായിരിക്കണമേ

**പ്രാർത്ഥനാ നിയോഗം:** വെള്ളപൊക്കത്താൽ വലയുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക

**പരിചയപ്പെടുന്ന വിശുദ്ധൻ:** വി. കോയസ്മോസ് (സെപ്ററംമ്പർ 26 )

**പ്രവർത്തനം:** ജലപ്രളയത്തിൽ പെട്ടവർക്കായി സഹായം ചെയ്യുക.

**സി. റെജി എസ്. എസ്. പി. സി**
കോഡിനേറ്റർ

**ഫാ. റോയ്സൻ കൊളളന്നൂർ**
ഡയറക്ടർ



# KCSL തൃശ്ശൂർ അതിരൂപത

**സ്റ്റേറ്റ് ലീഡേഴ്സ് മീറ്റ് സമാപിച്ചു**

സ്റ്റേറ്റ് ലീഡേഴ്സ് മീറ്റ് സമാപിച്ചു. 18 രൂപതകളിൽ നിന്നായി 130 പ്രതിനിധികൾ പങ്കെടുത്തു. ശ്രീ വർഗ്ഗീസ്പോൾ, ശ്രീ സെബാസ്റ്റ്യൻ ചെറുവത്തൂർ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. അതിരൂപതാ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, റവ. ഡോ. ബാബു പാണാട്ടു പറമ്പിൽ, റവ. ഡോ. ആന്റണി ചെമ്പകശ്ശേരി, ഫാ. തോംസൺ പഴയചിറപ്പീടികയിൽ തുടങ്ങിയവർ ക്യാമ്പിനെ അഭിസംബോധന ചെയ്തു.

**ഏകദിനശിൽപശാല സെപ്തംബർ 8ന്**

അതിരൂപതാ ഏകദിന ശിൽപശാല സെപ്തംബർ 8ന് തൃശ്ശൂർ സെന്റ് തോമസ് കോളേജ് HSS ൽ വച്ച് നടക്കുന്നു. 2–ാം ലക്കം ബൊക്കെ അന്ന് വിതരണം ചെയ്യുന്നു. കലോത്സവ സാഹിത്യോത്സവ എൻട്രിഫോമുകൾ, സ്കോളർഷിപ്പ് ഫോമുകൾ, കലോത്സവ ട്രോഫികൾ എന്നിവ അന്ന് ഏൽപ്പിക്കണം. കൂപ്പൺ പണം അടയ്ക്കേണ്ട അവസാന ദിവസം അന്നാണ്.

**ചാരിറ്റി വസ്ത്രശേഖരണം സെപ്തംബർ 8 ന്**

ചാരിറ്റി വസ്ത്രശേഖരണ വിതരണോദ്ഘാടനം സെപ്തംബർ 8 ന് തൃശ്ശൂർ സെന്റ്തോമസ് HSS ൽ വച്ച് ശിൽപശാലയോടൊപ്പം നടക്കുന്നു. ശേഖരിച്ച വസ്ത്രങ്ങൾ (അലക്കിതേച്ചത്) അന്ന് ഏൽപ്പിക്കേണ്ടതാണ്. മറ്റ് ദിവസങ്ങളിലേക്ക് അത് മാറ്റിവയ്ക്കരുത്.

**അതിരൂപതാ സാഹിത്യോത്സവം സെപ്തംബർ 20 ന്**

അതിരൂപതാ സാഹിത്യോത്സവം സെപ്തംബർ 20 ന് തൃശ്ശൂർ സെന്റ് തോമസ് HSS ൽ വെച്ച് നടക്കുന്നു. ചാരിറ്റികൂപ്പൺ നറുക്കെടുപ്പ് അന്ന് ഉച്ചക്ക് 2.30 ന് സാഹിത്യോത്സവവേദിയിൽ വെച്ച് നടക്കുന്നു. സ്കോളർഷിപ്പ് ചാരിറ്റി ഫണ്ട് മുതലായവും അന്ന് വിതരണം ചെയ്യുന്നു. HM/പ്രിൻസിപ്പാൾ നേരിട്ട് വന്ന് ചാരിറ്റി ഫണ്ട് കൈപ്പറ്റേണ്ടതാണ്.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ




## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

**സെൻട്രൽ കൗൺസിൽ വാർത്തകൾ**

1. പാവറട്ടി സെന്റ് ജോസഫ് വനിത കോൺഫ്രൻസ് മെമ്പർ സി. ബേബി തോമസ്, നിർമലപുരം സെന്റ്ജോസഫ്സ് വനിത കോൺഫ്രൻസ് മെമ്പർ സി. മേരി ചാഴൂർ എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.
2. സെൻട്രൽ കൗൺസിൽ ആദ്ധ്യാത്മികോപദേഷ്ടവായി ചുമ

തല ഏറ്റെടുത്ത ബഹു.റോയ് മൂക്കൻ അച്ചനെ സി.സി. പ്രസിഡണ്ട് ബൊക്കെ നൽകി സ്വീകരിച്ചു രണ്ടര വർഷകാലം സി.സി യുടെ ആദ്ധ്യാത്മികോപദേഷ്ടവായി സേവനം ചെയ്ത ബഹു. ആന്റണി ചെമ്പകശ്ശേരി അച്ചന് സെൻട്രൽ കൗൺസിലിന്റെ നന്ദി അറിയിക്കുകയും ചെയ്തു.

3. വടക്കാഞ്ചേരി സെന്റ് ഫ്രാൻസീസ് ദൈവാലയത്തിൽ യൂത്ത് കോൺഫ്രൻസ് ആരംഭിക്കുന്നതിന് അനുമതി നൽകി.
4. പുത്തൂർ എ സി യുടെ 13–ാം വാർഷികാഘോഷം വലക്കാവ് സെന്റ് ജോസഫ്സ് ദൈവാലയത്തിൽ വെച്ച് നടത്തി. അതിരൂപത വികാരി ജനറാൾ മോൺ. ജോർജ് കോമ്പാറ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. ഫാ. ജിഫി മേക്കാട്ടുകുളം യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു.

കണ്ടശ്ശാങ്കടവ് എ സി യുടെ 51–ാം വാർഷികാഘോഷം എറവ് സെന്റ് തെരേസ്സ ദൈവാലയത്തിൽ വെച്ച് നടത്തി ഫാ. ഫ്രാങ്കോ കവലക്കാട്ട് വാർഷികം ഉദ്ഘാടനം ചെയ്തു. ബ്രം. പി.ജെ വർഗ്ഗീസ് യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു.

പാലയൂർ എസി യുടെ 51–ാം വാർഷികാഘോഷം ആറ്റുപുറം സെന്റ് ആന്റണീസ് ദൈവാലയത്തിൽ വെച്ച് നടത്തി. വെരി റവ. ഫാ. ജോസ് പുന്നോലിപറമ്പിൽ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. ഫാ. ജാക്സൻ കൂനംപ്ലാക്കൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. ജിയോ ചെരടായി ക്ലാസെടുത്തു.

എരുമപ്പെട്ടി എ സി യുടെ 25–ാം വാർഷികാഘോഷം മങ്ങാട് സെന്റ് ജോർജ് ദൈവാലയത്തിൽ വെച്ച് നടത്തി. ഫാ ജെയ്സൺ തെക്കുംപുറം വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു സി സി. പ്രസിഡണ്ട് ബ്രം. കെ.എ ഷിബു യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഫൊറോനോ വികാരി വെരി റവ.ഫാ. ജോയ് അടമ്പുകുളം അനുഗ്രഹപ്രഭാഷണം നടത്തി.

തൃശ്ശൂർ വെസ്റ്റ് എ സി യുടെ 37–ാം വാർഷികം കുരുയച്ചിറ സെന്റ് ജോസഫ്സ് ദൈവാലയത്തിൽ വെച്ച് നടത്തി. ഫാ. വർഗ്ഗീസ് കരിപ്പേരി വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. എ. സി പ്രസിഡണ്ട് ബ്രം. സണ്ണി ആന്റോ ചിറക്കേക്കാരൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

**ഫാ. റോയ് മൂക്കൻ**
സി. സി. ആദ്ധ്യാത്മികോപദേഷ്ടാവ്

**കെ. എ. ഷിബു.**
സി. സി. പ്രസിഡണ്ട്



# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**ജെറീക്കോ പ്രാർത്ഥനയും വി.കുരിശിന്റെ പ്രയാണവും**

അഖിലേന്ത്യാ മെത്രാൻ സമിതിയുടെ അനുവാദത്തോടെയും അനുഗ്രഹാശിസ്സുകളോടെയും ഭാരതം മുഴുവൻ നടക്കുന്ന ജെറീക്കോ പ്രാർത്ഥനയും വിശുദ്ധ കുരിശിന്റെ പ്രയാണവും തൃശ്ശൂർ അതിരൂപതയിലും നടത്തപ്പെടുന്നു. കരിസ്മാറ്റിക് നവീകരണമുന്നേറ്റം ദേശീയ സേവന സമിതി, കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ, കേരള സേവന സമിതി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടക്കുന്ന ഏകദിന പ്രാർത്ഥനാശുശ്രൂഷകൾ ലൂർദ്ദ് മെട്രോപോളിറ്റൻ കത്തീഡ്രലിൽ സെപ്റ്റംബർ 24 തിങ്കളാഴ്ച രാവിലെ 9.30 മുതൽ 3.30 വരെയായിരിക്കും. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടന സന്ദേശം നൽകും. മാർ ടോണി നീലങ്കാവിൽ പിതാവും വികാരി ജനറാൾമാരും സന്ദേശം നൽകും. കെ.സി.സി.ആർ.എസ്.ടി ചെയർമാൻ റവ. ഫാ.വർഗീസ് മുണ്ടയ്ക്കൽ, അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. സജീവ് ഇമ്മട്ടി എന്നിവരും സോണൽ സർവീസ് ടീമും നേതൃത്വം നൽകും. എല്ലാ പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങളും ലീഡേഴ്സും നിർബന്ധമായും പങ്കെടുക്കണം. നവീകരണത്തെ സ്നേഹിക്കുന്ന, ഭാരതത്തിനു വേണ്ടി ദൈവസന്നിധിയിൽ മാധ്യസ്ഥം വഹിക്കാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും സ്വാഗതം.

**സോണൽ സർവീസ് ടീം നയിച്ച ധ്യാനങ്ങൾ**

അതിരൂപത ഡയറക്ടറും സോണൽ സർവീസ് ടീമും ചേർന്ന് നടത്തിയ ധ്യാനങ്ങൾ തിരൂർ, മറ്റം. ഇടവകകളിൽ സംഘടിപ്പിക്കപ്പെട്ടു. ജൂലൈ 23 മുതൽ 27 വരെ തിരൂർ ഇടവകയിൽ നടത്തിയ ധ്യാനത്തിൽ 200 ഓളം പേരും മറ്റം സെന്റ് തോമസ്

ഫൊറോന ദൈവാലയത്തിലെ ധ്യാനത്തിൽ ജൂലൈ 30, 31, ആഗസ്റ്റ് 1, 2, 3 തീയതികളിലായി 110 പേരും പങ്കെടുത്തു. ഗ്രൂപ്പ് ധ്യാനങ്ങളായാണ് നടത്തപ്പെട്ടത്.

**കരിസ്മാറ്റിക് ഡയറക്ടറുടെ ഇടവക സന്ദർശനങ്ങൾ**

ജൂലൈ 15ന് എളവള്ളി, ജൂലൈ 22 ന് ഗുരുവായൂർ, ജൂലൈ 29 ന് രാവിലെ പടിഞ്ഞാറേ കല്ലൂർ, വൈകിട്ട് കാക്കശ്ശേരി, ആഗസ്റ്റ് 5 ന് പറപ്പൂർ, ആഗസ്റ്റ് 12 ന് കിഴക്കേ കല്ലൂർ, സെപ്റ്റംബർ 2ന് എറവ് എന്നീ ഇടവകകളിൽ സന്ദർശനം നടത്തി. ദിവ്യബലി, സന്ദേശം, പ്രാർത്ഥനാഗ്രൂപ്പംഗങ്ങളുടെ യോഗങ്ങൾ എന്നിവ ഇതോടനുബന്ധിച്ചുണ്ടായിരിന്നു.

**വചന പ്രോഘഷകർക്കും സ്പിരിച്വൽ ഗൈഡൻസ് നൽകുന്നവർക്കുമുള്ള പ്രാർത്ഥനാ -പരിശീലന പരിപാടി**

ഈ വർഷത്തെ വചനശുശ്രൂഷകർക്കായുള്ള കോഴ്സുകൾ താഴെ പറയുന്ന തീയതികളിൽ നടത്തും.

സ്ഥലം : ആബാ റിന്യൂവൽ സെന്റർ

**സ്പിരിച്വൽ ഗൈഡൻസ്**

ബാച്ച് 1 – നവംബർ 25 ഞായർ 5 pm മുതൽ 27 ചൊവ്വ 10 pm വരെ
ബാച്ച് 2 – നവംബർ 28 ബുധൻ 5 pm മുതൽ 30 വെള്ളി 10 pm വരെ

വചനപ്രഘോഷകർ

ബാച്ച് 1 – ഡിസംബർ 6 വ്യാഴം 5 pm – 8 ശനി 10 pm
ഡിസംബർ 9 ഞായർ 5pm –11 ചൊവ്വ 10 pm

**പാരിഷ് മിനിസ്ട്രി കൂട്ടായ്മ**

ഓഗസ്റ്റ് 5 ന് നടന്ന ഏകദിന പാരിഷ് മിനിസ്ട്രി കൂട്ടായ്മയിൽ കെ.സി.സി.ആർ.എസ്.ടി വൈസ് ചെയർമാൻ ഷാജി വൈക്കത്തുപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. വചന ശുശ്രൂഷകർ സഭാത്മകമായി വചനം പങ്കുവെയ്ക്കേണ്ടതിന്റെ ആവശ്യകതയും എങ്ങനെ സുവിശേഷമാകാൻ കഴിയും എന്നതുമായിരുന്നു ചിന്താവിഷയം. ഡയറ്കർ റവ.ഫാ. സജീവ് ഇമ്മട്ടി ദിവ്യബലിയർപ്പിക്കുകയും ദിവ്യകാരുണ്യാരാധന നയിക്കുകയും ചെയ്തു.

**ഫാ.സജീവ് ഇമ്മട്ടി**
ഡയറക്ടർ

**സാബു എം.വർഗ്ഗീസ്**
കോ–ഓർഡിനേറ്റർ




# സ്ലം സർവ്വീസ് സെന്റർ

**അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കാൻ 10 ലക്ഷം ഫണ്ട് സ്വരൂപിക്കും**

അതിരൂപത സ്ലം സർവ്വീസ് സെന്ററിന്റെ കീഴിലുള്ള അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കാൻ 10 ലക്ഷം ഫണ്ട് സ്വരൂപിക്കാൻ സെന്ററിന്റെ 37-ാം വാർഷിക ജനറൽബോഡി യോഗം തീരുമാനിച്ചു. യോഗം ഡയറക്ടർ ഫാ. വർഗ്ഗീസ് കരിപ്പേരി ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് ജോബ് ചിറമ്മൽ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ബേബി മൂക്കൻ പ്രവർത്തനറിപ്പോർട്ടും ട്രഷറർ ജോയ് പോൾ കണക്കും അവതരിപ്പിച്ചു. ചർച്ചയിൽ ഫ്രാൻസീസ് കല്ലറക്കൻ, പ്രേമ മൈക്കിൾ, ജോൺസൻ കാഞ്ഞിരത്തിങ്കൽ, റപ്പായി പാലമറ്റം, ബാബു പാലക്കപ്പിള്ളി തുടങ്ങിയവർ പങ്കെടുത്തു. യോഗം സെന്റർ അംഗം കെ.പി. തോമസിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. സെന്ററിൽ പുതിയ 50 അംഗങ്ങളെ ചേർത്താനും നിശ്ചയിച്ചു.

| | | |
|---|---|---|
| **ഫാ. വർഗ്ഗീസ് കരിപ്പേരി** | **ജോബ് ചിറമ്മൽ** | **ബേബി മൂക്കൻ** |
| ഡയറക്ടർ | പ്രസിഡണ്ട് | സെക്രട്ടറി |

# തൃശ്ശൂർ അതിരൂപത മദ്യവിരുദ്ധസമിതി
# "ക്വിറ്റ് ലിക്കർ ഡേ" ആചരണം

ഭാരതത്തിന്റെ സ്വാതന്ത്ര്യ സമരത്തോടനുബന്ധിച്ച് രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിജി ഉദ്ഘോഷിച്ച ചരിത്ര പ്രഖ്യാപനമാണ് "ക്വിറ്റ് ഇന്ത്യ". ഇന്ന് നമ്മെ സംബന്ധിച്ചടത്തോളം ഭാരതത്തിലും വിശിഷ്യ കേരളത്തിലും മദ്യത്തിനെതിരെ ഉറച്ച നിലപാടെടുക്കുന്നതിന്റെ ഭാഗമായി ആഗസ്റ്റ് 9 ന് "ക്വിറ്റ് ലിക്കർ ഡേ" സമുചിതമായി സംഘടിപ്പിച്ചു.

നമ്മുടെ സമൂഹത്തെ കാർന്ന് നശിപ്പിക്കുന്ന മദ്യം, മയക്കുമരുന്ന്, പുകയില ഉൽപന്നങ്ങൾ തുടങ്ങിയ ലഹരി പിശാചിനെതിരെ ഉണർന്ന് പ്രവർത്തിക്കേണ്ട കാലഘട്ടം അതിക്രമിച്ചിരിക്കുകയാണല്ലോ. ലഹരിയിൽ അടിമപ്പെട്ട് സാമൂഹിക സാംസ്കാരിക ബോധം നശിച്ച്, മാനവരാശിയെ തകർക്കുന്ന ഈ ദുരവസ്ഥയെ നന്മയുടെ പാതയിലേക്ക് ആനയിക്കുവാൻ രണ്ട് ദശാബ്ദങ്ങളായി പ്രവർത്തിച്ച് വരികയാണ് മദ്യവിരുദ്ധ സമിതി. "ദൈവത്തിന്റെ സ്വന്തം നാട്" എന്ന് അവകാശപ്പെടുന്ന കേരളം ചെകുത്താന്റെ നാടായി മാറിയിരിക്കുന്നു. മനുഷ്യായുസ്സുകളെ കുറയ്ക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങൾക്കെതിരെ സന്ധിയില്ലാ സമരം ചെയ്യുന്നതിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന ചെയർമാൻ അഭിവന്ദ്യ ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ അനുഗ്രഹാശിസ്സുകളോടെയാണ് "ക്വിറ്റ് ലിക്കർ ഡേ" ആചരിച്ചത്.

09.08.2018 ന് വ്യാഴാഴ്ച്ച, 2 Pm ന്, തൃശ്ശൂർ പ്രൊഫ. ജോസഫ് മുണ്ടശ്ശേരി ഹാളിലാണ് ആചരണം അരങ്ങേറിയത്. സംസ്ഥാന ജനറൽ സെക്രട്ടറി റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ അദ്ധ്യക്ഷത വഹിച്ചു. വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറയായിരുന്നു ഉദ്ഘാടകൻ. അഡ്വ. ചാർളി പോൾ ക്ലാസ് നയിച്ചു. സംസ്ഥാന സെക്രട്ടറി അഡ്വ. പ്രസാദ് കുരുവിള, തൃശ്ശൂർ അതിരൂപതാ മദ്യവിരുദ്ധസമിതി ഡയറക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ തുടങ്ങിയവർ പ്രഭാഷണങ്ങൾ നടത്തി. ശ്രീ. ജോസ് ചെമ്പിശ്ശേരി, ശ്രീ.എം.കെ. ബാബു, ശ്രീ. റപ്പായി മേച്ചേരി എന്നിവർ നേതൃത്വം നൽകി.

**ശ്രീ. ഹിറ്റ്ലസ് ചാക്കുണ്ണി**
പി.ആർ.ഒ

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
തൃശ്ശൂർ അതിരൂപതാ ഡയരക്ടർ

# തൃശ്ശൂർ അതിരൂപത ദുരിതാശ്വാസ ഫണ്ട്

(for contacts: +919447242344)

**കേരളത്തിൽ ആഞ്ഞടിച്ച മഹാജലപ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്കായി സഹായഹസ്തവുമായി നമ്മുടെ അതിരൂപതയോടോപ്പം കൈക്കോർക്കാം**

**FOR LOCAL DONATION TRANSFER**

CATHOLIC ARCHBSHOP'S HOUSE - GENERAL

A/c No; 0834053000000745

IFSC; SIBL0000834 (SIB Chembukavu Branch)

**FOR NRI/ FOREIGN DONATION TRANSFER**

CATHOLIC ARCHBSHOP'S HOUSE

A/c No; 0084053000017567

IFSC; SIB0000084 (SIBTrichur Main Branch)

## KCBC RELIEF FUND

Kerala Catholic Bishop's Council

A/c No. 0423053000005221

IFSC;- SIBL0000423 (SIB Vennala Branch)

# അതിരൂപത മാധ്യമദിനം






29 ജൂലൈ 2018

Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.08.2018
**September- 2018**




# സത്യപ്രയാൻ

(07 ആഗസ്റ്റ് 2018)

സെന്റ് തോമസ് കോളേജ് ശതാബ്ദി ആഘോഷം
രാഷ്ട്രപതി ശ്രീ രാംനാഥ് കോവിന്ദ് ഉദ്ഘാടനം ചെയ്യുന്നു

Edited, Printed & Published by Dr. Francis Aloor, Catholic Archbishop's House, Thrissur, Kerala, India- 680 005
*Printed at* : St. Mary's Orphanage Press, Madona Nagar, Kachery -680 005